# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

പുസ്തകം 73
ലക്കം 9
സപ്തംബർ 2004
തബൂക്ക് 1383
റജബ് – ശഅബാൻ 1425



**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**അഡീഷണൽ സെക്രട്ടറി പബ്ലിക്കേഷൻ**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ – 100 ക.
ഒറ്റപ്രതി – 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ: 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**


## ഉള്ളടക്കം


4 യുഗശബ്ദം

5 മുഖക്കുറിപ്പ്

**ലേഖനം**

6 ***ദിവ്യവെളിപാടിന്റെ രഹസ്യങ്ങൾ***
ഹസ്റത്ത് അഹ്മദ് (അ)

7 ***മനുഷ്യൻ നിലവിൽ വന്നത് പരിണാമത്തിലൂടെ***
ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

10 ***സഞ്ചാര സ്വാതന്ത്ര്യം***
സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ

14 ***വ്യക്തിയും സമൂഹവും***
മിർസാ ത്വാഹിർ അഹ്മദ് (റഹ്)

17 ***കളിമണ്ണും മനുഷ്യസൃഷ്ടിപ്പും***
കെ.വി. ഈസക്കോയ

20 ***ദൈവവിധി***
ഖാലിദ് ശഫീയുല്ലാഹ്

24 ***വിശുദ്ധ ഖുർആനിലെ ചില പ്രവചനങ്ങൾ***
ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

27 ***ഭ്രൂണ വിജ്ഞാനീയം : ഖുർആനിലും ഹദീസിലും***
കെയ്ത്തിൽ മൂർ

31 ***മഹ്ദി ഇമാമിന്റെ ആവിർഭാവം***
മൗലവി മുഹമ്മദ് യൂസുഫ്

34 ***സൂറ: കഹ്ഫിലെ തോട്ടമുടമയുടെ ഗുണപാഠകഥ***
ഏ.പി. കുഞ്ഞാമു

38 ***ചാണിനു ചാണായും മുഴത്തിനു മുഴമായും!***
കുഞ്ഞാലൻ ഹാജി

**കവിത**

40 ***പരിശുദ്ധ ഖുർആൻ***
സി.എച്ച്. അബ്ദുൽ ഹമീദ്, പഴയങ്ങാടി

കുറിപ്പുകൾ,
വാർത്തകൾ, അനുസ്മരണം


**മുഖചിത്രം : പതിമൂന്നാം നൂറ്റാണ്ടിലെ ഒരു പേർഷ്യൻ പെയിന്റിംങ്ങ് – കുവൈത്ത് നാഷണൽ മ്യൂസിയം**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്

ഇതിനു മുമ്പ് ഒന്നുമായിരുന്നില്ലാത്ത അവസ്ഥയിൽ നാം അവനെ സൃഷ്ടിച്ചിരിക്കുന്നത് എന്ന വസ്തുത അവർ ഓർക്കുന്നില്ലേ? (19:68). അല്ലാഹു നിങ്ങളെ പൊടി മണ്ണിൽ നിന്നും സൃഷ്ടിച്ചു. പിന്നീട് രേതസ്കണത്തിൽ നിന്നും. പിന്നെ അവൻ നിങ്ങളെ ഇണകളാക്കി (35:12).

## നബിവചനം

പുരുഷബീജം ഗർഭാശയത്തിൽ പ്രവേശിച്ച് നാൽപതു രാത്രി അവിടെ വസിക്കുന്നു. അപ്പോൾ ദൈവം ഒരു മാലാഖയെ അയക്കും. മാലാഖ അതിന് കേൾവിയും കാഴ്ചയും ചർമ്മവും മാംസവും അസ്ഥിയുമൊക്കെ രൂപപ്പെടുത്തും. അനന്തരം മാലാഖ ചോദിക്കും: ''നാഥാ, ഇത് ആണോ പെണ്ണോ?'' അപ്പോൾ അല്ലാഹു താനിച്ഛിക്കുന്നത് തീരുമാനിക്കും. മാലാഖ അതു രേഖപ്പെടുത്തുകയും ചെയ്യും. (കിതാബുൽ ഖദർ).

(ആറ് ആഴ്ചകൾക്ക് ശേഷമാണ് മനുഷ്യഭ്രൂണത്തിൽ ബാഹ്യലിംഗഭേദങ്ങൾ രൂപപ്പെട്ടു തുടങ്ങുന്നത്)



# ആത്മാവും ശരീരവും

**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

ആത്മാവും ശരീരവും തമ്മിലുള്ള ബന്ധം തെളിയിക്കുന്നതിനു ബലവത്തായ മറ്റൊരു തെളിവു, ശരീരം ആത്മാവിന്റെ ജനയിത്രിയാണെന്ന സിദ്ധാന്തമാണ്. ആത്മാവ് എന്നാൽ അന്തരീക്ഷത്തിൽ നിന്നോ മറ്റോ വന്ന് ഗർഭിണിയുടെ ഉദരത്തിൽ പ്രവേശിക്കുന്ന ഒരു വസ്തുവല്ല. അതു ബീജത്തിൽ തന്നെ നിഗൂഢമായിരിക്കുന്നതും ഗർഭാശയത്തിൽ മാംസപിണ്ഡത്തിന്റെ വളർച്ചയോടൊപ്പം തെളിഞ്ഞുവരുന്നതുമായ തേജസ്സാണ്. ആത്മാവ് എന്നാൽ മാതൃഗർഭത്തിൽ വെച്ച് ബീജത്തിൽ നിന്നും തയ്യാറായി വരുന്ന മാംസപിണ്ഡത്തിൽ പ്രകാശിച്ചുവരുന്ന ഒരു സത്താകുന്നു എന്നാണ് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്.

*(ഇസ്ലാംമത തത്ത്വജ്ഞാനം)*

മുഖക്കുറിപ്പ്

# സൃഷ്ടിവാദമോ പരിണാമവാദമോ?

ദൈവം പൊടുന്നനെ ഒരു നിമിഷത്തിൽ മനുഷ്യനെ സൃഷ്ടിച്ചു എന്നാണ് മിക്കവാറും എല്ലാ മതങ്ങളും വിശ്വസിക്കുന്നത്. ബൈബിൾ പ്രതിപാദിക്കുന്നതുപോലെ ദൈവം പെട്ടെന്ന് മനുഷ്യസൃഷ്ടി നടത്തി എന്ന വാദവും അതോടനുബന്ധിച്ചുണ്ടാവുന്ന ശാസ്ത്ര അസാംഗത്യങ്ങളേയുമാണ് പൊതുവേ സൃഷ്ടിവാദം (creationism) എന്നു പറയുന്നത്. യഹോവയായ ദൈവം ഭൂമിയിലെ പൊടിമണ്ണു കൊണ്ട് മനുഷ്യനെ നിർമ്മിച്ചു അവന്റെ മൂക്കിൽ ജീവശ്വാസം ഊതിയാണ് മനുഷ്യനെ സൃഷ്ടിച്ചത് എന്ന ബൈബിൾ ഉല്പത്തി കഥയാണ് സൃഷ്ടിവാദത്തിന് ആധാരം. ഏഴായിരം വർഷങ്ങൾക്ക് മുമ്പ് യഹോവ കുശവനെപ്പോലെ മണ്ണ് കുഴച്ചു ആദ്യമനുഷ്യനായ ആദമിനെ നിർമ്മിക്കുകയും പിന്നീട് കിഴക്ക് ഏദനിൽ ഒരു തോട്ടമുണ്ടാക്കി അതിൽ പാർപ്പിക്കുകയും ചെയ്തു എന്നാണ് ബൈബിൾ കഥ.

പ്രപഞ്ച വിജ്ഞാനീയത്തെയും മനുഷ്യന്റെ ഉല്പത്തിയെയും സംബന്ധിച്ച് ബൈബിളിലെ ഇത്തരം അശാസ്ത്രീയവും അന്ധവിശ്വാസ ജഡിലവുമായ പരാമർശങ്ങളാണ് ശാസ്ത്രപ്രബുദ്ധമായ യൂറോപ്യൻ സമൂഹത്തെ അവർ തന്നെ വിശ്വസിക്കുന്ന ക്രിസ്തുമതത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റിയത്. ബൈബിളിനോ ക്രിസ്തീയ ദൈവശാസ്ത്രത്തിനോ ആധുനിക മനുഷ്യന്റെ ഉയർന്ന ശാസ്ത്രബോധത്തെ ഉൾക്കൊള്ളാനായില്ല. അടുത്ത കാലം വരെ ഇത്തരം ബൈബിൾ കഥകളിൽ വിശ്വസിച്ചുകൊള്ളണമെന്നായിരുന്ന ക്രിസ്തുസഭയുടെ ആജ്ഞ. ഇതിന്റെയെല്ലാം ഫലമായി ക്രിസ്തീയ മത സമൂഹം ആദ്ധ്യാത്മിക സംസക്തി നഷ്ടപ്പെട്ട ഒരു ഭൗതികോന്മുഖ സമൂഹമായി മാറി. മനുഷ്യയുക്തിക്ക് നേരെ കണ്ണടക്കുന്ന ഒരേർപ്പാടാണ് മതം എന്ന തെറ്റിദ്ധാരണയും അവരെ പിടികൂടി.

ഈ ബൈബിൾ കഥയെ ആധാരമാക്കിയാണ് മനുഷ്യസൃഷ്ടിപ്പിനെ സംബന്ധിച്ചുള്ള മുസ്‌ലിം ധാരണകളും രൂപപ്പെട്ടത്. പത്തൊമ്പതാം നൂറ്റാണ്ടുവരെ മനുഷ്യസൃഷ്ടിയുടെ നിഗൂഢതകളെക്കുറിച്ച് ശാസ്ത്രം സൂക്ഷ്മമായ വിശകലനങ്ങൾ നടത്തിയിരുന്നില്ല എന്ന കാര്യവും നാമോർക്കണം. എന്നാൽ മനുഷ്യൻ പരിണമിച്ചുണ്ടായ ജീവിയാണെന്നാണ് ഖുർആൻ അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നത്. ജീവൻ, നിദ്രാണദശയിൽ കിടന്നിരുന്ന അജീവിയമായ പൊടിമണ്ണിൽ നിന്നാണ് ആരംഭിച്ചത്. ചലനശേഷിയില്ലാത്ത ഈ ഘട്ടവും അലൈംഗിക പ്രത്യുൽപ്പാദനത്തിന്റെ ഘട്ടവും ഇണകളായി തിരിഞ്ഞുള്ള പ്രത്യുൽപാദനത്തിന്റെ ഘട്ടവും പിന്നിട്ട് കായിക പരിണാമത്തിലൂടെ സാമൂഹികജീവിയായി മാറിയ മനുഷ്യന്റെ പരിണാമ രൂപരേഖ ഗഹനമായ രീതിയിൽ ഖുർആനിൽ വിവരിച്ചിരിക്കുന്നു. കായികവും, മാനസികവും, ആത്മീയവുമായ മനുഷ്യപൂർണതയുടെ ആദ്യത്തെ പ്രതിനിധിയായിരുന്നു ആദം. ദൈവത്തിൽ നിന്നും വെളിപാടുകൾ സ്വീകരിക്കാൻ യോഗ്യനായ ആദം ദിവ്യവെളിപാടുകളുടെ ആദ്യത്തെ സ്വീകർത്താവാണ്, അല്ലാതെ ആദ്യത്തെ മനുഷ്യനായിരുന്നില്ല.

മനുഷ്യന്റെ ആത്മീയമോക്ഷം ലക്ഷ്യം വെക്കുന്ന ഒരു മതഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. അതിന്റെ വിഷയത്തിന്റെ മുൻഗണനയും പ്രതിപാദനരീതിയും മറ്റൊന്നാണ്. വിഷയവിവരണങ്ങൾക്ക് ശാസ്ത്രസാഹിത്യങ്ങളുടെ രീതിശാസ്ത്രമല്ല ഖുർആൻ അവലംബിച്ചിട്ടുള്ളത്. പ്രപഞ്ച സ്രഷ്ടാവിന്റെ വചനങ്ങളായ ഖുർആൻ അതിന്റെ വാദമുഖങ്ങളുന്നയിച്ചും വസ്തുതകൾ അവതരിപ്പിച്ചും മനുഷ്യനുമായി സംവദിക്കുമ്പോൾ പ്രകൃതി സത്യങ്ങളുടെ സ്ഫുരണങ്ങൾ കാണാം. മനുഷ്യന്റെ പരിണാമ ശൃംഖലയിലെ അതിപൂർവ്വ ഘട്ടങ്ങളെ സംബന്ധിച്ച ഖുർആനിക പരാമർശങ്ങൾ ശാസ്ത്രത്തിനു പോലും മാർഗ്ഗദർശകമാണ്. ഖുർആൻ വിവരിച്ച മനുഷ്യപരിണാമം ഡാർവിനിസമായി തെറ്റിദ്ധരിക്കരുത്. പരിണാമം മുഖ്യകേന്ദ്രമായുള്ള ഡാർവിനിസത്തിൽ മനുഷ്യൻ കുരങ്ങിൽ നിന്നോ കുരങ്ങിന്റെയും മനുഷ്യന്റെയും പൊതു പൂർവ്വികനിൽ നിന്നോ പരിണമിച്ചുണ്ടായതാണെന്ന് സങ്കല്പിക്കപ്പെടുന്നു. എന്നാൽ മനുഷ്യൻ അജീവിയ ഘട്ടം മുതൽ തന്നെ മാനുഷതയുടെ സ്വതന്ത്രവും വ്യതിരിക്തവുമായ ഒരു ശൃംഖലയിലൂടെയാണ് പരിണമിച്ചത് എന്നാണ് ഖുർആൻ പറയുന്നത്. മനുഷ്യപരിണാമം മറ്റൊരു ജീവിയുമായും പങ്കുവെച്ചിട്ടില്ല. പിന്നീടുണ്ടായ ജനിതകശാസ്ത്രവും ഇതിന് തെളിവു നൽകുന്നുണ്ട്.

മനുഷ്യൻ പരിണമിച്ചുണ്ടായതാണ് എന്നതു സംബന്ധിച്ച് പ്രകൃതിയിൽ ധാരാളം തെളിവുണ്ടായിരിക്കെ സ്ഥാപനവത്ക്കരിക്കപ്പെട്ട മതസിദ്ധാന്തങ്ങൾ ബൈബിൾ പ്രതിപാദിച്ചതുപോലെ ദൈവം പൊടുന്നനെ എല്ലാം സൃഷ്ടിച്ചതാണ് എന്ന സൃഷ്ടിവാദത്തിൽ ശഠിച്ചുനിൽക്കുന്നു. നിർഭാഗ്യകരമെന്ന് പറയട്ടെ, മനുഷ്യപരിണാമത്തെപ്പറ്റി ശക്തവും വ്യക്തവുമായ ഭാഷയിൽ സംസാരിച്ച വിശുദ്ധ ഖുർആന്റെ അനുയായികൾ പോലും സൃഷ്ടിവാദത്തിന്റെ പക്ഷത്താണ് നിൽക്കുന്നത് (ബൈബിളിന്റെ സൃഷ്ടികഥയാണ് സൃഷ്ടിവാദത്തിന്റെ ആധാരമെന്ന് ഓർക്കുക). അഹ്മദിയ്യാ ചിന്താസരണിയാണ് മനുഷ്യോൽപ്പത്തിയെ സംബന്ധിച്ച ഖുർആന്റെ യഥാർത്ഥ ആശയം മുന്നോട്ടുവെച്ച് മത – ശാസ്ത്ര ലോകത്തെ ഈ സ്തംഭനം ഒഴിവാക്കിയത്. ■

ലേഖനം

# ദിവ്യവെളിപാടിന്റെ രഹസ്യങ്ങൾ

ഹസ്റത്ത് അഹ്മദ് (അ)

## ദൈവിക ജ്ഞാനം വെളിപാടു രൂപത്തിൽ ലഭിക്കുമ്പോഴുണ്ടാകുന്ന അലൗകികമായ ആത്മീയാനുഭൂതികളെപ്പറ്റി വാഗ്ദത്ത മസീഹ് (അ)

അല്ലാഹു തന്റെ ദാസന്, ആ ദാസന്റെ പ്രാർത്ഥനക്ക് ഉത്തരമായിട്ടോ അഥവാ, സ്വയം ഇച്ഛിച്ചോ മറഞ്ഞ ഒരു കാര്യത്തെപ്പറ്റി അറിയിച്ചുകൊടുക്കാൻ ഉദ്ദേശിച്ചാൽ, അയാളിൽ ഒരുതരം അബോധാവസ്ഥയും മയക്കവും ഉണ്ടാക്കുന്നു. അതോടെ പെട്ടെന്നു ചുറ്റുപാടുമായി ബന്ധമറ്റ നിലയിൽ അയാൾ ആയിത്തീരുന്നു. സ്വത്വം തന്നെ നഷ്ടപ്പെട്ട ഒരവസ്ഥയാണ് അയാൾക്കുണ്ടാവുക. ഒരാൾ വെള്ളത്തിൽ നീന്തുകയോ ഒരു മുങ്ങൽക്കാരൻ വെള്ളത്തിന്നടിയിലേയ്ക്ക് ഊളിയിട്ടു പോകുകയോ ചെയ്യുന്നതുപോലെ അയാൾ ആത്മവിസ്മൃതിയിലും മയക്കത്തിലും അബോധാവസ്ഥയിലും മുങ്ങുമാറാകുന്നു. ആപ്ലവത്തോട് വളരെയധികം സാമ്യമുള്ള ഈ മയക്കത്തിന്റെ അവസ്ഥയിൽ നിന്ന് ആ ദാസൻ പുറത്തുവന്നാൽ മണിമുഴക്കം പോലുള്ള ആന്തരീയമായ ഒരനുഭവം അയാൾക്കുണ്ടാവുന്നു. ഈ മുഴക്കം നേർത്തു നേർത്തു വരുന്നതോടെ പെട്ടെന്ന് അയാൾക്ക് തന്റെ ഉള്ളിൽ നിന്ന് താളാത്മകവും സൂക്ഷ്മവും ആനന്ദപ്രദവുമായ ഒരു ഭാഷണം കേൾക്കുമാറാകുന്നു. ഈ മയക്കത്തിന്റെ അഥവാ, മുങ്ങലിന്റെ അത്ഭുതം വാക്കുകളിൽ വിവരിക്കുക അസാദ്ധ്യം. ദിവ്യജ്ഞാനത്തിന്റെ ഒരു നദീപ്രവാഹം അപ്പോൾ മനുഷ്യനു മുമ്പിൽ തുറന്നു കിട്ടുന്നു. അടിക്കടി പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കുമ്പോൾ ഈ ആപ്ലവാവസ്ഥയും മയക്കവും തന്റെ ഭക്തദാസനിൽ സൃഷ്ടിച്ചുകൊണ്ട് അവന്റെ എല്ലാ ഓരോ പ്രാർത്ഥനയ്ക്കും സൂക്ഷ്മവും സുന്ദരവുമായ ഭാഷണത്തിൽ ദൈവം മറുപടി നൽകുന്നു. ഓരോ അന്വേഷണാവസ്ഥയിലും മനുഷ്യന്റെ കഴിവിന്നപ്പുറത്തുള്ള യാഥാർത്ഥ്യങ്ങൾ അയാൾക്കായി തുറക്കപ്പെടുന്നു. (റൂ.ഖ. വാ. 1, ഭാ. 261, 262 ബറാഹീനെ അഹ്മദിയ്യ).

ഇൽഹാമിന്റെ മറ്റൊരു രൂപം ഇതാണ്: മനുഷ്യന്റെ ഹൃദയവുമായി യാതൊരു ബന്ധവുമില്ലാത്ത നിലയിൽ, പുറുത്തു നിന്നെന്ന പോലെ ഒരു ശബ്ദം വരുന്നു. ആ ശബ്ദം ഒരു മറയുടെ പിന്നിൽ നിന്ന് ആരോ സംസാരിക്കുന്നതുപോലെ തോന്നും. എന്നാൽ ഈ ശബ്ദം കർണാനന്ദകരവും അതിമനോഹരവും ഒരളവോളം വേഗത കൂടിയുമായിരിക്കും. ഹൃദയത്തിനു അതൊരു ആനന്ദനിർവൃതി നൽകും. മനഷ്യൻ ഏതോ ലയത്തിലായിരിക്കുമ്പോൾ പെട്ടെന്നുണ്ടായി വരുന്ന ഈ നാദം കേട്ടു അത് ഏത് ഭാഗത്തു നിന്നാണ് വന്നതെന്നും ആരാണ് തന്നോട് സംസാരിച്ചതെന്നും മനസ്സിലാകാതെ അയാൾ അമ്പരന്നുപോകും. വിസ്മയപരന്ത്രനായി അയാൾ അങ്ങോട്ടുമിങ്ങോട്ടും നോക്കുകയും ഏതോ മാലാഖയാണ് തന്നോടു സംസാരിച്ചതെന്നു അപ്പോൾ മനസ്സിലാക്കുകയും ചെയ്യും. ഈ ബഹിർനാദം അധികവും മനുഷ്യൻ ഏതെങ്കിലും കാര്യത്തിൽ വളരെയേറെ വിചാരമഗ്നനും ദുഃഖിതനുമായിരിക്കുമ്പോൾ സുവിശേഷമായിട്ടാണ് കേൾക്കുമാറാകുക. (റൂ. ഖ. വാ. 1, ഭാ. 287, ബറാഹീനെ അഹ്മദിയ്യ).

അപ്രകാരം തന്നെ പ്രകാശദാനത്തിന്റെ നിയമവും ഇതാണ്: ആരുടെ പക്കൽ അൽപം പ്രകാശമുണ്ടോ അയാൾക്ക് കുറേക്കൂടി പ്രകാശം നൽകപ്പെടുന്നു. ആരുടെ പക്കൽ ഒന്നും ഇല്ലയോ അയാൾക്ക് ഒന്നും നൽകപ്പെടുകയുമില്ല. ആർക്ക് കണ്ണുകളുടെ പ്രകാശം ഉണ്ടോ അവർക്ക് മാത്രമേ സൂര്യപ്രകാശം സിദ്ധിക്കുകയുള്ളൂ. ആരുടെ കണ്ണുകൾക്ക് പ്രകാശം ഇല്ലയോ അവർക്ക് സൂര്യപ്രകാശം കാണുവാൻ ഒക്കുകയില്ല. പ്രകൃതിദത്തമായ പ്രകാശം ആർക്ക് അൽപം മാത്രം കിട്ടിയോ അയാൾക്ക് ബാഹ്യപ്രകാശവും അൽപം മാത്രം കിട്ടുന്നു. ആന്തരികപ്രകാശം ആർക്ക് കൂടുതൽ

*(ശേഷം 19 -ാം പേജിൽ)*

# മനുഷ്യൻ നിലവിൽ വന്നത് പരിണാമത്തിലൂടെ

ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)
(അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ)

**ദൈവം കുശവനെപ്പോലെ മണ്ണ് കുഴച്ച് മനുഷ്യനെ പെട്ടെന്ന് സൃഷ്ടിച്ചു എന്ന ബൈബിൾ കഥയിൽ നിന്നും വ്യത്യസ്തമായി മനുഷ്യൻ പരിണാമത്തിലൂടെയാണ് നിലവിൽ വന്നതെന്ന് വിശുദ്ധ ഖുർആൻ അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു.**

ഈ വിഷയത്തെപ്പറ്റി പ്രതിപാദിക്കാൻ ആദ്യമായി ഞാനെടുക്കുന്ന ഖുർആൻ വചനം ഇതാണ്:

مَا لَكُمْ لَا تَرْجُونَ لِلّٰهِ وَقَارًا ۝ وَقَدْ خَلَقَكُمْ أَطْوَارًا ۝ أَلَمْ تَرَوْا كَيْفَ وَجَعَلَ الْقَمَرَ فِيهِنَّ نُورًا وَ جَعَلَ الشَّمْسَ سِرَاجًا ۝ وَاللّٰهُ أَنْبَتَكُمْ مِنَ الْأَرْضِ نَبَاتًا ۝ ثُمَّ يُعِيدُكُمْ فِيهَا وَيُخْرِجُكُمْ إِخْرَاجًا ۝

''നിങ്ങൾക്കെന്തുപറ്റി? അല്ലാഹുവിന്റെ മഹത്വം വകവച്ചു കൊടുക്കാൻ നിങ്ങളാഗ്രഹിക്കുന്നില്ലേ? വാസ്തവത്തിൽ അവൻ നിങ്ങളെ പല ദശകളിലായി സൃഷ്ടിച്ചിരിക്കുന്നു. അല്ലാഹു ഏഴാകാശങ്ങളെ പരസ്പരം യോജിച്ച നിലയിൽ എങ്ങനെ സൃഷ്ടിച്ചുവെന്ന് നിങ്ങൾ കണ്ടില്ലേ? അവയിൽ അവൻ ചന്ദ്രനെ ഒരു പ്രകാശവും സൂര്യനെ ഒരു പ്രദീപവുമാക്കി വെച്ചിരിക്കുന്നു. നിങ്ങളെ അല്ലാഹു ഭൂമിയിൽ നിന്ന് നല്ലനിലയിൽ ഉല്പാദിപ്പിച്ചു വളർത്തിയിരിക്കുന്നു. പിന്നീടവൻ അതിലേക്ക് തിരിച്ചയക്കുകയും നിങ്ങളെ അവൻ എഴുന്നേൽപ്പിച്ച് പുറത്തുകൊണ്ടു വരികയും ചെയ്യും'' (71:14-19).

ഈ ഖുർആൻ ഖണ്ഡികയോട് അടുത്തുനിൽക്കുന്ന ഒരു പരാവർത്തനം ഇപ്രകാരമാണ്.

'അല്ലയോ മനുഷ്യാ, ഒരു മഹത്തായ ലക്ഷ്യവും ജ്ഞാനവുമില്ലാതെ അല്ലാഹു യാതൊന്നും ചെയ്യുന്നില്ല എന്ന കാര്യം മനസ്സിലാക്കുന്നതിൽ നീ പരാജയപ്പെട്ടുപോകാൻ കാരണമെന്ത്? നിന്നെ സംബന്ധിച്ചു തന്നെ ഒന്ന് ആലോചിച്ചു നോക്കുക. ഒരു തരത്തിലുള്ള ഉദ്ദേശ്യവുമില്ലാതെ നീ ഒരു പ്രവൃത്തിയും ചെയ്യാൻ തയ്യാറാവുന്നില്ല. അപ്പോൾ എന്തുകൊണ്ടാണ് നീ അല്ലാഹു അലക്ഷ്യമായി ഒരു പ്രവൃത്തി ചെയ്യുന്നു എന്ന ധാരണ വെച്ചു പുലർത്തുന്നത്? ചിന്താരഹിതനായിക്കൊണ്ട് മനുഷ്യനെ അല്ലാഹു അലക്ഷ്യമായി സൃഷ്ടിച്ചു എന്ന നിഗമനത്തിലേക്ക് എന്തുകൊണ്ടാണ് നീ എടുത്തുചാടുന്നത്? നിങ്ങളുടെ സൃഷ്ടി പൊടുന്നനെ ഒരു നിമിഷത്തിൽ ആകസ്മികമായോ യാദൃശ്ചികമായോ ഉണ്ടായതല്ല എന്ന വ്യക്തമായ സത്യം ഗ്രഹിക്കുന്നതിൽ നിങ്ങൾ എന്തുകൊണ്ട് പരാജയപ്പെടുന്നു? മറി ച്ച്, അത് വളരെ ബുദ്ധിപരമായ ആസൂത്രണത്തേയും ഘട്ടംഘട്ടമായുള്ള നിർ വ്വഹണത്തേയും പ്രതിനിധാനം ചെയ്യുന്നു. ഏഴ് ആകാശങ്ങളെ രമ്യമനോഹരമായി അല്ലാഹു സൃഷ്ടിച്ചത് നിങ്ങൾ കാണുന്നില്ലേ? അതുപോലെ അവൻ സൂര്യനേയും ചന്ദ്രനേയും സൃഷ്ടിച്ചു. ഭൂമിയിൽ നിന്നും നിങ്ങളെ സൃഷ്ടിച്ചതായിരുന്നു അതിൽ ഒരു ഘട്ടം. അതായത് ഭൂമിയിൽ നിന്നും പതുക്കെ മുളപ്പിച്ചു ഉല്പാദിപ്പിച്ച രീതിയിലായിരുന്നു അത്. അങ്ങനെ നിങ്ങൾ ഇപ്പോഴത്തെ പൂർണ്ണതയുടെ നിലവരെ എത്തി.'

മനുഷ്യന്റെ ഉത്ഭവത്തെ സംബന്ധിച്ചും അവന്റെ വളർച്ചയെ സംബന്ധിച്ചും ഖുർആൻ നൽകുന്ന വിവരണമാണിത്. പരിണാമ നിയമത്തിന്റെ കണ്ടുപിടിത്തം യൂറോപ്യന്മാരാണ് അവകാശപ്പെടുന്നത്. എന്നാൽ 1400 വർഷങ്ങൾക്ക് മുമ്പ് ഖുർആൻ ഇത് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ശാരീരികമായും മാനസികമായും ഇന്ന് കാണുന്നത് പോലെയുള്ള മനുഷ്യസൃഷ്ടി പെട്ടെന്ന് ഒരു നിമിഷത്തിൽ രൂപപ്പെടുത്തിയതാണെന്ന് പറയപ്പെട്ടിരുന്നത് തെറ്റാണ് എന്നാണ് ഖുർആൻ പറയുന്നത്. ദൈവം കളിമണ്ണു കുഴച്ച് ആദ്യ ത്തെ മനുഷ്യന്റെ രൂപമുണ്ടാക്കുകയോ ജീവൻ അതിൽ ഊതുകയോ ചെയ്തിട്ടില്ല. മനുഷ്യസൃഷ്ടി ഒരിക്കലും അങ്ങനെയല്ല സംഭവിച്ചത്. ഭൂമിയിൽ നിന്നും മുളച്ച് മനുഷ്യൻ നിരവധി ഘട്ടങ്ങൾ തരണം ചെയ്തുകൊണ്ടാണ് ഈ നില പ്രാപിച്ചത്.

ഖുർആൻ ഉന്നയിച്ച ഈ നിർണ്ണായകമായ വസ്തുത മനസ്സിലാക്കുന്നതിൽ മുസ്ലിംകൾ പരാജയപ്പെട്ടു

എന്നത് വളരെ ഖേദകരമാണ്. അതായത് മനുഷ്യൻ പൊടുന്നനെ ഒരു നിമിഷം കൊണ്ട് സൃഷ്ടിക്കപ്പെട്ടവനല്ല എന്നും മനുഷ്യൻ ഭൂമിയിൽ നിന്നുമാണ് സൃഷ്ടിക്കപ്പെട്ടത് എന്നുമാണ് ഖുർആൻ പറയുന്നത്. എന്നാൽ മുസ്‌ലിംകൾ വ്യാപകമായി വിശ്വസിക്കുന്നത് ദൈവം മനുഷ്യനെ സ്വർഗ്ഗത്തിൽ വെച്ചു സൃഷ്ടിച്ചു എന്നാണ്. അവിടെ നിന്നു ഭൂമിയിലേക്ക് മനുഷ്യനെ ദൈവം കൊണ്ടുവരികയുമായിരുന്നു. ഒരു വലിയ വിഭാഗം ആളുകൾ കരുതുന്നത് അല്ലാഹുവിന്റെ കൈയ്യിൽ ഒരു വലിയ ചാക്ക് നിറയെ ആത്മാക്കളുണ്ടെന്നും കാലാകാലങ്ങളിൽ അവ ഓരോന്നായി പുറത്തുവിടുമെന്നും പുറത്ത് വിട്ടതിന്ശേഷം അത് മനുഷ്യരൂപമായി ജന്മമെടുക്കുന്നുവെന്നുമാണ്. വിശുദ്ധ ഖുർആന്റെ വളരെ വ്യക്തമായ ചില പ്രസ്താവനകൾക്ക് വ്യംഗ്യമായ അർത്ഥം നൽകിക്കൊണ്ട് ഖുർആന് തികച്ചും വിരുദ്ധവും ബുദ്ധിശൂന്യവുമായ കെട്ടുകഥകളിൽ അവർ വിശ്വസിക്കുകയാണ് ചെയ്യുന്നത്.

നാം ഇപ്പോൾ ചർച്ചചെയ്യുന്ന വിഷയമെടുക്കാം. മനുഷ്യൻ നിലവിൽ വന്നത് നിരവധി ഘട്ടങ്ങളിലൂടെയാണെന്ന് ഖുർആൻ പറയുന്നു. ഇങ്ങനെ ക്രമപ്രവൃദ്ധമായി പരിണാമത്തിലൂടെയുള്ള വികാസം സൃഷ്ടിയുടെ ഘടനയിലും പ്രകൃതിയിലുമുള്ള പല ന്യൂനതകളും തരണം ചെയ്യാൻ സഹായകരമാണ്. വലിയ മതപണ്ഡിതന്മാരായ മൗലവിമാരുടെ ഇതുസംബന്ധിച്ചുള്ള കാഴ്ചപ്പാട് താഴെ പറയുന്ന വിവരണങ്ങളിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്. മൗലവി സയ്യദ് സർവർഷാ വിവരിക്കുന്നു: തന്റെ ഗുരുനാഥന്മാരിലൊരാൾ മനുഷ്യരിൽ ചിലർ സുന്ദരന്മാരും ചിലർ സാധാരണക്കാരും ചിലർ വിരൂപികളുമായതിന്റെ കാരണം വിവരിച്ചത് അനുസ്മരിക്കുന്നുണ്ട്. അതായത് മനുഷ്യനെ സൃഷ്ടിക്കാൻ ദൈവം ഉദ്ദേശിച്ചപ്പോൾ ദൈവം അതിന്റെ കരാർ ജോലി മലക്കുകളെയാണ് ഏല്പിച്ചത്. ഒരു ദിവസം കൊണ്ട് മനുഷ്യനെ നിർമ്മിച്ചു നൽകണം എന്നതായിരുന്നു കരാർ. അവർ കുറച്ച് കളിമണ്ണെടുത്ത് ശ്രദ്ധപൂർവ്വം കുഴച്ചു വളരെ സുന്ദരമായ രൂപങ്ങളുണ്ടാക്കി. ഉച്ചവരെ യാതൊരു ധൃതിയും കാട്ടാതെ വളരെ ശ്രദ്ധിച്ച് ഓരോ രൂപത്തിനും അത്യധികം ശ്രദ്ധ ചെലുത്തി ഉച്ചക്ക് മുമ്പായി തന്നെ രൂപമുണ്ടാക്കി. പക്ഷേ അവർക്ക് ഇങ്ങനെ ശ്രദ്ധ ചെലുത്തി നിശ്ചിത എണ്ണം ഉണ്ടാക്കുവാൻ ദൈവം നിശ്ചയിച്ച ഒരു ദിവസം സമയം പോരാതെ വരുമായിരുന്നു. അതുകൊണ്ട് കലാപരമായ സൂക്ഷ്മ ശ്രദ്ധ ഉപേക്ഷിച്ച് ജോലി തീർക്കണമെന്ന ഉദ്ദേശത്തോടെ നിശ്ചിതസമയത്ത് നിർമ്മാണം തുടരുകയാണുണ്ടായത്. ഇക്കാരണത്താലാണ് ദിവസത്തിന്റെ ഉച്ചക്ക് മുമ്പായി സാവകാശം ശ്രദ്ധയോടെ ഉണ്ടാക്കിയ മനുഷ്യർ സുന്ദരന്മാരായിത്തീർന്നത്. ഉച്ച സമയത്തിന്റെ ആദ്യ പകുതിയുടെ നേരത്ത് ഉണ്ടാക്കിയവർ സാധാരണ രൂപത്തിലുള്ളവരായിരുന്നു. ഉച്ചക്ക് ശേഷമായപ്പോൾ മലക്കുകൾ തങ്ങൾക്ക് നൽകിയ ഒരു ദിവസമെന്ന സമയത്തിന്റെ അപര്യാപ്തത തിരിച്ചറിയുകയും ദൈവം നൽകിയ സമയം തികയാതെ വരുമെന്നും കണ്ടറിഞ്ഞു. പി ന്നീട് അവർ ധൃതിയിൽ കുറച്ച് കളിമണ്ണെടുത്ത് രൂപനിഷ്കർഷയൊന്നുമില്ലാതെ തിടുക്കത്തിൽ കുഴച്ച് വിരലുകൊണ്ട് മുഖത്ത് ഊന്നി ഒരു വായയും രണ്ടു കണ്ണും ഉണ്ടാക്കി. ഇങ്ങനെ തിരക്കിട്ട് മനുഷ്യനെ സൃഷ്ടിച്ചപ്പോൾ വിരൂപണം വന്നു പോയതിൽ അത്ഭുതപ്പെടാനില്ല. അവിടെയും ഇവിടെയും പൊങ്ങിയും താഴ്ന്നും അവ വിലക്ഷണമായി. ദിവസത്തിന്റെ തുടക്കത്തിൽ സൃഷ്ടിച്ച ഒത്തിണങ്ങിയ ഗുണമേന്മയുള്ള മനുഷ്യനേക്കാൾ വിരൂപമുള്ളതായിരുന്നു ഇവ. ക്രിസ്ത്യാനികളുടേയും മുസ്‌ലിംകളുടേയും വ്യാപകമായ ഇത്തരം വിശ്വാസങ്ങൾ, മനോഹരമായ സത്യങ്ങളെ മിത്തുകളാക്കി മാറ്റി, എത്രത്തോളം വളച്ചൊടിച്ചിരിക്കുന്നു എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

### ഒന്നുമില്ലായ്മയിൽ നിന്നും അഥവാ അസ്തിത്വമില്ലായ്മയിൽ നിന്നുമുള്ള തുടക്കം

മനുഷ്യന്റെ സൃഷ്ടിപ്പിനെക്കുറിച്ചുള്ള ഖുർആൻ വ്യക്തമാക്കുന്ന അടുത്ത വസ്തുത എന്തെന്നാൽ മനുഷ്യസൃഷ്ടിപ്പിന്റെ ആദ്യഘട്ടം ഒന്നുമില്ലായ്മയായിരുന്നു. പ്രപഞ്ചം എങ്ങനെ അസ്തിത്വത്തിലേക്ക് വന്നു എന്ന കാര്യത്തെപ്പറ്റി ചൂടുപിടിച്ച ചർച്ച നടക്കുന്നുണ്ടല്ലോ. ആര്യന്മാരുടെ വീക്ഷണപ്രകാരം പ്രപഞ്ചം സൃഷ്ടിച്ച വസ്തു അനശ്വരമാണ് എന്നാണ്. മനുഷ്യന്റെ സൃഷ്ടിക്കുവേണ്ടി ദൈവം ആത്മാവിനേയും പദാർത്ഥത്തേയും ഒരുമിച്ചു കൂട്ടുകയല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല എന്ന് അവർ വാദിക്കുന്നു. ഈ വാദം വിശുദ്ധ ഖുർആൻ ഖണ്ഡിക്കുന്നു. അതായത് പദാർത്ഥം ഒരിക്കലും അനശ്വരമല്ല. മറിച്ച് ഒന്നുമില്ലാത്ത അവസ്ഥയിൽ നിന്ന് അത് അല്ലാഹു സൃഷ്ടിച്ചതാണ്. ഖുർആൻ പറയുന്നു:

'ഇതിന് മുമ്പ് ഒന്നുമില്ലാത്ത അവസ്ഥയിൽ നാം അവനെ സൃഷ്ടിച്ചിരിക്കുന്നു എന്ന വസ്തുത അവർ ഓർക്കുന്നില്ലേ' (19:68).

ഇപ്പോൾ മനുഷ്യപ്രജനനം നടക്കുന്നത് മനുഷ്യന്റെ ബീജത്തിൽ നിന്നാണല്ലോ. മേൽപറഞ്ഞ ഖുർആൻ വചനത്തിൽ പ്രസ്താവിക്കപ്പെട്ടത് തുടക്കത്തിൽ സൃഷ്ടിക്കപ്പെട്ട ജീവിയെപ്പറ്റിയോ അഥവാ മനുഷ്യനെ സംബന്ധിച്ചോ ആണ്. അത് ഇന്നത്തെ മനുഷ്യന്റെ വളരെ മുമ്പുള്ള ദശയെ സൂചിപ്പിക്കുന്നു. ഒരു കാര്യം വ്യക്തമായി ഓർമിക്കേണ്ടതുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നത് 'അസ്തിത്വമില്ലായ്മയിൽ നിന്ന് അസ്തിത്വം സൃഷ്ടിക്കപ്പെട്ടു' എന്നല്ല. 'പദാർത്ഥങ്ങളും മറ്റു വസ്തുക്കളും അസ്തിത്വത്തിന്റെ ലോകത്തേക്ക് വരുന്നതിന് മുമ്പുള്ള അവസ്ഥ ഒന്നു മില്ലായ്മയായിരുന്നു' എന്നാണ്. ഒരു കസേരയോ, പീഠമോ മരത്തിൽ നിന്ന് സൃഷ്ടിച്ചു എന്നും ഇരുമ്പിൽ നിന്നും ചങ്ങല സൃഷ്ടിച്ചുവെന്നും നാം പറയാറുണ്ട്. ഇവിടെ പദാർത്ഥത്തെ രൂപാന്തരപ്പെടുത്തി മറ്റൊരു സാധനം ഉണ്ടാക്കുകയാണ്. 'ൽ നിന്ന്' എന്ന ഈ വാക്ക് പലപ്പോഴും വഴിതെറ്റിക്കുന്നതാണ്. നിരീശ്വരവാദികൾ ഒന്നുമില്ലായ്മയിൽ നിന്ന് എന്തെങ്കിലും സൃഷ്ടിക്കാൻ കഴിയുകയില്ല എന്ന്

വാദിക്കാറുണ്ട്. ഇത് സംബന്ധിച്ച് ഖുർആൻ പറയുന്ന കാര്യം നിരീശ്വരവാദികൾ ആരോപിക്കുന്നത് പോലെയല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതായത് പ്രപഞ്ച സൃഷ്ടിക്കു മുമ്പ് 'ഒന്നുമില്ലായ്മ' എന്ന അവസ്ഥയായിരുന്നു എന്നതാണത്. പിന്നീട് സൃഷ്ടി നടക്കുകയും മനുഷ്യന്റെ ആവിർഭാവമുണ്ടാകുകയും ചെയ്തു. മനുഷ്യന്റെ ധാരണാശക്തിക്ക് അതീതമായത് കൊണ്ടായിരിക്കാം അതിന്റെ വിവരണം അല്ലാഹു നൽകിയിട്ടില്ല.

## രണ്ടാം ഘട്ടം

മനുഷ്യന്റെ അസ്തിത്വത്തിന്റെ രണ്ടാംഘട്ടത്തിൽ മനുഷ്യനു ശരീരം ഉണ്ടായിരുന്നു എന്നാണ് ഖുർആനിൽ നിന്നും മനസ്സിലാവുന്നത്. മറ്റു താഴ്ന്ന ജീവികളിൽ നിന്നും വ്യത്യസ്തമായി മനുഷ്യന് പിൽക്കാലത്ത് സിദ്ധിച്ച മസ്തിഷ്കമോ മസ്തിഷ്കത്തിന്റെ സജീവമായ കഴിവുകളോ ഈ ആദ്യദശയിൽ ഇല്ലായിരുന്നു. അത് കേവലമൊരു മനുഷ്യശരീരമായിരുന്നുവെന്ന് പറയാം. പക്ഷേ മനുഷ്യനായിരുന്നുവെന്ന് പറയാൻ സാധ്യമല്ലായിരുന്നു. മറ്റൊരർത്ഥത്തിൽ പൂർണമായ മസ്തിഷ്കമോ മനസ്സോ ഇല്ലാത്ത മനുഷ്യന്റെ ഭൗതികശരീരം മാത്രമായിരുന്നു അതെന്ന് പറയാം. ഈയൊരവസ്ഥയിൽ മനുഷ്യൻ ഒരു ശിലാനിർമ്മിതിയോ അല്ലെങ്കിൽ ഒരു തരത്തിലുള്ള സസ്യമോ എന്തായിരുന്നുവെന്ന് പറയാൻ സാധ്യമല്ല. എന്തായിരുന്നാലും അത് ജീവിരൂപമായി രൂപാന്തരം പ്രാപിച്ചിട്ടില്ല എന്നു നമുക്ക് പറയാം. ഖുർആൻ പറയുന്നു:

'മനുഷ്യന് അവൻ പറയത്തക്ക ഒരു വസ്തുവായിരുന്നിട്ടില്ലാത്ത ഒരു കാലം തീർച്ചയായും വന്നുകഴിഞ്ഞിട്ടുണ്ട്' (76:2)

മറ്റൊരു വിധത്തിൽ ഇങ്ങനെ പറയാം. മനുഷ്യന്റെ ജൈവപരിണാമ ചരിത്രത്തിൽ അവന്റെ ശരീരം ഉണ്ടെന്ന് പറയാമെങ്കിലും, അത് ഒരു 'മദ്ക്കൂർ' ആയിരുന്നില്ല. അതായത് അത് ഓർത്തെടുക്കാൻ പറ്റുന്ന ഒരു വസ്തു ആയിരുന്നില്ല. സ്വയമായി ധിഷണാബോധമോ തിരിച്ചറിയാനുള്ള കഴിവോ അതിനുണ്ടായിരുന്നില്ല. ഒരുതരം അസ്തിത്വം മാത്രമായിരുന്നു അത്. അതിന് സ്വയം തന്നെയോ, മറ്റുള്ളതിനെ സംബന്ധിച്ചോ ബോധമുണ്ടായിരുന്നില്ല. മസ്തിഷ്കത്തിന്റെ ഗുണങ്ങളായി വിവക്ഷിക്കപ്പെടുന്ന മനസ്സിന്റെ കഴിവുകളോ മറ്റു ജ്ഞാനമോ അതിന്നുണ്ടായിരുന്നില്ല.

## മൂന്നാംഘട്ടം

പരിണാമശ്രേണിയിലെ മൂന്നാംഘട്ടത്തിൽ അഥവാ പുരുഷന്റെ ബീജം സ്ത്രീയിൽ നിക്ഷേപിച്ചുകൊണ്ടുള്ള ലൈംഗിക പ്രത്യുൽപാദനത്തിന്റെ ഘട്ടത്തിൽ അവൻ എത്തിച്ചേർന്നു. ലൈംഗിക പ്രത്യുൽപ്പാദനത്തിന്റെ ഈ ഘട്ടം മുതൽക്കാണ് അവനിൽ ഏറെക്കുറെ എണ്ണമറ്റ മാനുഷഗുണങ്ങൾ സൃഷ്ടിക്കപ്പെട്ടത്. ജീവിസമൂഹങ്ങളിൽ ലൈംഗിക മുദ്രയാൽ തിരിച്ചറിച്ചറിയപ്പെടാത്ത ജീവികളുണ്ട്. എന്നാൽ ഈ ഘട്ടമെത്തിയപ്പോൾ മനുഷ്യൻ പരിണാമചരിത്രത്തിലെ ആണും പെണ്ണുമായി വിഭജിക്കപ്പെട്ടതും ലിംഗം കൊണ്ട് തിരിച്ചറിയപ്പെടുന്നതുമായ ഒരു ജീവിയായി ത്തീർന്നു എന്നു അല്ലാഹു ഖുർആനിൽ പറയുന്നു. പുരുഷന്റെ ബീജം മുഖേന ലൈംഗിക പ്രക്രിയയിലൂടെയുള്ള പ്രജനനവ്യവസ്ഥ ആരംഭിച്ചപ്പോൾ (ഉയർന്ന തരം ജീവികളിൽ ഇത്തരത്തിലുള്ള പ്രത്യുൽ പ്പാദന പ്രക്രിയയാണ് കാണപ്പെടുന്നത്). പിന്നെ 'നുത്ഫത്തിൻ അംശാജിൻ'ൽ നിന്നും പ്രത്യുൽപ്പാദനം ആരംഭിച്ചു. അതായത് അനേകം ശാക്തികഘടകങ്ങൾ സങ്കലിതമായ ഇന്ദ്രിയദ്രവത്തിൽ നിന്നും പ്രത്യുൽപ്പാദനം ആരംഭിച്ചു. ഖുർആൻ പറയുന്നു:

'നാം മനുഷ്യനെ തീർച്ചയായും ഗുണസങ്കലിതമായ രേതസ്കണത്തിൽ നിന്നും സൃഷ്ടിച്ചു, അവനെ പരീക്ഷ റിയാൻ വേണ്ടി. അങ്ങനെ അവന് നാം കാഴ്ചയും, കേൾവിയും നൽകി.'

ഈ ഘട്ടത്തിൽ മനുഷ്യന്റെ പ്രജനനം നിരവധി ഘടകങ്ങളാൽ സങ്കലിതമായ അവസ്ഥയിൽ ആരംഭിച്ചു. ബഹുമുഖമായ മാനങ്ങളുള്ള ഈ പ്രപഞ്ചത്തിനു അനുയോജ്യമായ വിധത്തിൽ ബഹുമുഖമായ കഴിവുകൾ മനുഷ്യൻ സ്വായത്തമാക്കേണ്ടിയിരുന്നു.

## നാലാംഘട്ടം

ജാഗ്രതാവസ്ഥയുടെയും, ധിഷണാശേഷിയുടെയും ഉയർന്ന നിലവാരമുള്ള മനുഷ്യന്റെ മസ്തിഷ്കം പൂർണ്ണത പ്രാപിക്കുന്നതോടെ പരിണാമത്തിന്റെ നാലാംഘട്ടം നിലവിൽ വന്നു. അവൻ 'സമീഉം' 'ബസീറും' ആയി. കേൾവിയുടേയും കാഴ്ചയുടേയും ഗുണങ്ങൾ താഴ്ന്ന ജീവികളിലും കണ്ടുവരുന്നുണ്ട്. എന്നാൽ അന്വേഷണത്തിന്റെയും ഗവേഷണത്തിന്റെയും ചൈതന്യം നിലനിർത്തിക്കൊണ്ടാണ് മനുഷ്യൻ സമീഉം ബസീറുമായത് (ധിഷണാത്മകമായ കാണലും കേൾക്കലും) നിഗമനങ്ങളും കണ്ടുപിടിത്തങ്ങളും അവന്റെ കഴിവിന്റെ പരിധിയിൽ വന്നു. ഈ സന്ദർഭത്തിൽ അവൻ മറ്റു ജീവിരൂപത്തെ അപേക്ഷിച്ച് ചിന്തയും ഭാഷണവും നിലനിർത്തിക്കൊണ്ട് ഉന്നതമായ സ്ഥാനത്തേക്ക് ഉയർന്നുവന്നു.

മനുഷ്യന്റെ പരിണാമ ശൃംഖലയിലെ ഈ ഘട്ടങ്ങൾ വിവിധങ്ങളായ അവന്റെ വികാസദശകങ്ങളിലെ പ്രാഥമിക കണ്ണികളായിരുന്നു. ഈ കണികൾക്കിടയിലെ കാലഘട്ടങ്ങളെപ്പറ്റി ഖുർആനിൽ വ്യക്തമായി പറഞ്ഞിട്ടില്ല. കാരണം അതൊരു ശാസ്ത്രീയ പുസ്തകമല്ലല്ലോ. ധാർമ്മികവും അദ്ധ്യാത്മികവുമായ ചില വസ്തുതകൾ ചൂണ്ടിക്കാട്ടാൻ വേണ്ടിയാണ് ഖുർആൻ ഇത് പ്രതിപാദിക്കുന്നത്. ബാക്കി ഭാഗം പൂരിപ്പിക്കാൻ മനുഷ്യമനസ്സിന് വിട്ടുകൊടുക്കുകയും ചെയ്യുന്നു. മനുഷ്യന്റെ പരിണാമശൃംഖലയിലെ മറ്റുകണ്ണികൾ മറ്റു ഖുർആനിക വചനങ്ങളിൽ നിന്നും കോർത്തിണക്കാവുന്നതാണ്.

'അല്ലാഹു നിങ്ങളെ പൊടിമണ്ണിൽ നിന്നും സൃഷ്ടിച്ചു. പിന്നീട് രേതസ്കണത്തിൽ നിന്നും. പിന്നെ അവൻ നിങ്ങളെ ഇണകളാക്കി.' (35:12).

മറ്റൊരു വചനത്തിൽ അല്ലാഹു നിങ്ങളെ 'ഭൂമിയിൽ നിന്നു നല്ല നിലയിൽ മുളപ്പിച്ചു' എന്ന് പറയപ്പെട്ടിട്ടുണ്ട്. ഇവിടെ അല്ലാഹു പറഞ്ഞത് നിങ്ങളെ

*(ശേഷം 13 -ാം പേജിൽ)*

ലേഖനം

# സഞ്ചാര സ്വാതന്ത്ര്യം

സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ

**ദൈവത്തിന്റെ ഭൂമിയിൽ സ്വച്ഛന്ദം സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം ഒരു സാർവ്വദേശീയ സങ്കല്പമാണ്. സഞ്ചാരസ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ഖുർ ആനിക വീക്ഷണം ലേഖകൻ വിവരിക്കുന്നു.**

ഔദാര്യനിധിയായ ഒരു സൃഷ്ടികർത്താവിലും ആത്മീയ മൂല്യങ്ങളിലും വിശ്വാസം ജനിപ്പിയ്ക്കുകയും വളർത്തുകയുമാണ് മതത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യം. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സാത്വികമായ നീക്കുപോക്കുണ്ടാക്കുവാനാണ് ഇസ്‌ലാം ശ്രമിക്കുന്നതെങ്കിലും ധാർമ്മികവും ആത്മീയവുമായ മൂല്യങ്ങൾക്ക് അത് സർവ്വപ്രധാനമായ സ്ഥാനം കല്പിക്കുന്നുണ്ട്.

ഭാഷയിലും വർണ്ണത്തിലുമുള്ള വൈവിധ്യത്തെ ഇസ്‌ലാം പരിഗണിയ്ക്കുകയും അവയെ ദൃഷ്ടാന്തമായി വിവരിയ്ക്കുകയും അവയിൽ നിന്ന് പാഠങ്ങൾ സ്വീകരിക്കാൻ വിജ്ഞന്മാരെ ഉൽബോധിപ്പിയ്ക്കുകയും ചെയ്യുന്നുണ്ടെങ്കിലും (30:23) ഈ വൈവിധ്യമോ മറ്റെന്തെങ്കിലും വ്യത്യാസങ്ങളോ മനുഷ്യസമുദായത്തിൽ ഒരു ഭിന്നിപ്പുളവാക്കുന്നതായി ഇസ്‌ലാം അംഗീകരിക്കുന്നില്ല. മനുഷ്യസമുദായത്തെ മുഴുവനായി അത് അഭിസംബോധന ചെയ്യുന്നു. "അല്ലയോ മനുഷ്യ സമുദായമേ", "അല്ലയോ ജനങ്ങളേ" – എന്നിങ്ങനെയാണ് ഖുർആൻ സംബോധന ചെയ്യുന്നത്. രണ്ടിനും ഉപയോഗിച്ചിട്ടുള്ളത് 'അന്നാസ്' എന്ന പദമാണ്. ഇസ്‌ലാമിനോട് കൂറ് പ്രതിജ്ഞ ചെയ്തിട്ടുള്ളവർക്ക് പ്രത്യേകമായ കല്പനകളും നിർദ്ദേശങ്ങളും നൽകിയിട്ടുള്ളത് "അല്ലയോ വിശ്വാസികളേ" എന്ന് വിളിച്ചുകൊണ്ടുമത്രെ. ആകയാൽ, ഒരു മുസ്ലിമിന്റെ മനോഭാവം ഒരു യഥാർത്ഥ സാർവ്വലൗകികന്റേതാകുന്നു. ഇന്നത്തെ രാഷ്ട്രീയ ഭാഷയിൽ പറഞ്ഞാൽ ഒരു സാർവ്വദേശീയവാദിയുടെ! ഒരിക്കലും അത് ഒരു സങ്കുചിത ദേശീയവാദിയുടെതല്ലതന്നെ. എങ്കിലും സാർവ്വദേശീയത്വത്തിലേയ്ക്കും സാർവ്വദേശീയ സമുദായത്തിലേയ്ക്കുമുള്ള പുരോഗതി, സമീപ ഭൂതകാലത്തിന്റെ പൈതൃകമായി കൈവന്ന ആധുനിക സ്ഥിതിഗതികളിൽ ദേശീയ പരമാധികാരത്തിൽ നിന്നും സ്വാതന്ത്ര്യത്തിൽനിന്നുമാണ് തുടക്കം കുറിക്കുകയെന്ന് വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്. നീതിനിയമങ്ങളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ തന്നെയും ഒരു ജനതയ്ക്ക് പ്രാദേശികമോ സാർവ്വദേശീയമോ ആയ പൊതു ലക്ഷ്യങ്ങൾക്കുവേണ്ടി എന്തെങ്കിലും സംഭാവന ചെയ്യുന്നതിന് സാധിക്കണമെങ്കിൽ ദേശീയ സ്വാതന്ത്ര്യവും പരമാധികാരവും സിദ്ധിച്ചിരിക്കണം.

ഒരു സ്റ്റേറ്റിന്നകത്തായാലും അതിന്റെ അതിരുകൾക്കപ്പുറത്തായാലും സഞ്ചാരവാസ സ്വാതന്ത്ര്യങ്ങളിൽ എന്തെങ്കിലും നിയന്ത്രണം ഇസ്‌ലാം ഉദ്ദേശിച്ചിട്ടില്ല. സുഗമവും സുരക്ഷിതവുമായ സഞ്ചാര സൗകര്യങ്ങൾ ദൈവത്തിന്റെ ഒരനുഗ്രഹമായിട്ടാണ് ഖുർആൻ കണക്കാക്കീട്ടുള്ളത്. അതിനെ വിഘ്നപ്പെടുത്തുന്നതും വിലമതിക്കാതിരിക്കുന്നതും അതിന്റേതായ ശിക്ഷകൾക്കിരയാകാൻ കാരണമായിത്തീരുന്നതുമാണ്. സബാ ജനതയെപറ്റി ഖുർആൻ പറയുകയാണ്. "അവർക്കും നാം അനുഗ്രഹിച്ചിരുന്നതായ പട്ടണങ്ങൾക്കും മദ്ധ്യേ നിരന്നുകാണാവുന്ന നഗരങ്ങളെ നാം ആക്കി. അവക്കിടയിൽ യാത്രാഘട്ടങ്ങൾ നാം നിർണ്ണയിക്കുകയും ചെയ്തു: 'അവക്കിടയിൽ സുരക്ഷിതത്വത്തോടെ രാവും പകലും സഞ്ചരിച്ചുകൊൾവിൻ'! എന്നാൽ, അവർ പറഞ്ഞു: 'ഞങ്ങളുടെ നാഥാ, ഞങ്ങളുടെ സഞ്ചാരമേഖലകളെ ദീർഘിപ്പിക്കേണമേ!' അങ്ങനെ അവർ തങ്ങളുടെ ആത്മാക്കളോട് ദ്രോഹം പ്രവർത്തിച്ചു." (34:19–20).

കഴിവുള്ളവർ മക്കത്തുപോയി ഹജ്ജ് അനുഷ്ഠിക്കണമെന്നത് ഇസ്‌ലാമിന്റെ നിർബന്ധ കർമ്മങ്ങളിൽ ഒന്നാകുന്നു. ഇബ്രാഹിം നബിയാണ് ഈ ഏർപ്പാട് ആദ്യമായി ആരംഭിച്ചത്. "ഇബ്രാഹിമിന്ന് പരിശുദ്ധ മന്ദിരത്തിന്റെ സ്ഥാനം നാം സൗകര്യപ്പെടുത്തിക്കൊടുത്തുകൊണ്ടു പറഞ്ഞു: "എന്നോടൊരു വസ്തുവിനെയും നീ പങ്കുചേർക്കരുത്. അതിനെ പ്രദക്ഷിണം ചെയ്യുന്നവർക്കും (നമസ്കാരത്തിൽ) നിൽക്കുന്നവർക്കും സാഷ്ടാംഗം ചെയ്യുന്നവർ ക്കും വേണ്ടി എന്റെ മന്ദിരത്തെ ശുദ്ധമാക്കിവെക്കുകയും ഹജ്ജിനെക്കുറിച്ച് ജനങ്ങളിൽ വിളംബരം ചെയ്യുകയും ചെയ്വിൻ. വിദൂരമായ വഴികൾ സഞ്ചരിച്ച് അവർ കാൽനട

യായും ഓരോരോ മെലിഞ്ഞ ഒട്ടകത്തിന്മേൽ കയറിയും നിന്റെ അടുക്കൽ വന്നെത്തും" (22:27–28) ഭൂഖണ്ഡങ്ങളും സമുദ്രങ്ങളും താണ്ടിയുള്ള സൈ്വരസഞ്ചാരത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. തുടർന്നുള്ള വാക്യങ്ങളിലും മറ്റു ചില സ്ഥലങ്ങളിലും ഹജ്ജ് തീർത്ഥാടനത്തിൽ നിന്നു സിദ്ധിക്കുന്ന ആദ്ധ്യാത്മികവും ഭൗതികവുമായ അനുഗ്രഹ ഫലങ്ങളെക്കുറിച്ച് വിവരിച്ചിട്ടുണ്ട്.

സഞ്ചാരം ധാരണാശക്തിയ്ക്ക് മൂർച്ച കൂട്ടുകയും നിരീക്ഷണങ്ങളിലൂടെയും ജ്ഞാനാർജ്ജനത്തിലൂടെയും മറ്റും ആത്മീയവും ധാർമ്മികവുമായ മൂല്യങ്ങളെ വിലയിരുത്താൻ സഹായിക്കുകയും ചെയ്യുന്നു. "എത്രയെത്ര നഗരങ്ങളെയാണ് അവിടത്തുകാർ അധർമ്മകാരികളായപ്പോൾ നാം നശിപ്പിച്ചുകളഞ്ഞത്. അവയെല്ലാം മേൽപുരകൾ വീണടിഞ്ഞു നിലംപൊത്തി. എത്രയെത്ര കൂപങ്ങൾ, എത്രയെത്ര മണിസൗധങ്ങൾ! ആലോചിച്ചറിയാൻ ഹൃദയവും കേൾക്കാൻ കാതുകളും അവർക്കുണ്ടാകുമാറാകാൻ അവരെന്തേ ഭൂമിയിൽ സഞ്ചരിക്കാത്തു! നിശ്ചയമായും കണ്ണുകളല്ല കരുടായിരിക്കുന്നത്; നെഞ്ചകങ്ങളിലെ ഹൃദയങ്ങൾക്കത്രെ കുരുട് ബാധിച്ചിട്ടുള്ളത്" (22:46–47).

മുൻകഴിഞ്ഞ ജനതകളുടെ ചരിത്രം വായിച്ചു ചിന്തിക്കുന്നതു മുഖേന വിലയേറിയ പാഠങ്ങൾ സ്വീകരിക്കാൻ കഴിയുന്നതാണ്. "നിശ്ചയമായും നിങ്ങൾക്കുമുമ്പ് പല വ്യവസ്ഥകളും കഴിഞ്ഞുപോയിട്ടുണ്ട്. ഭൂമിയിൽ സഞ്ചരിച്ച് ദൈവത്തിന്റെ പ്രവാചകന്മാരെ കള്ളന്മാരാക്കിയവരുടെ അന്ത്യം എന്തായിരുന്നുവെന്ന് നോക്കിക്കാണുവിൻ" (3:138).

സൃഷ്ടിയുടെ പ്രക്രിയകൾ സംബന്ധിച്ച ദൃഷ്ടാന്തങ്ങളിൽ വിചിന്തനം നടത്തന്നത് സത്യവിശ്വാസത്തെ ദൃഢീകരിക്കുകയും ജനതയുടെ ആത്മീയ പുനരുത്ഥാനത്തിലും പരലോക ജീവിതത്തിലും വിശ്വാസുളവാക്കുകയും ചെയ്യും. "അവർ കാണുന്നില്ലേ, അല്ലാഹു സൃഷ്ടി ആരംഭിക്കുകയും പിന്നെ അതിനെ ആവർത്തിക്കുകയും ചെയ്യുന്നതെങ്ങനെയെന്ന്? നിശ്ചയമായും അല്ലാഹുവിന് അത് ഏറെ ഏളുപ്പം ആകുന്നു. പറയുക: ഭൂമിയിൽ സഞ്ചരിക്കുവിൻ! അല്ലാഹു സൃഷ്ടിയെ എങ്ങനെ ഉത്ഭവിപ്പിച്ചു എന്ന് നിരീക്ഷിച്ചറിയുവിൻ! പിന്നീട് അല്ലാഹു മറ്റൊരു സൃഷ്ടിയെ ഒരുക്കുകയായി, നിശ്ചയമായും അല്ലാഹു അവൻ ഇച്ഛിക്കുന്നതെല്ലാം ചെയ്യാൻ കഴിവുള്ളവനത്രെ" (29:20–21).

രാഷ്ട്രങ്ങളുടെ ഉയർച്ചയും താഴ്ചയും – അവയിൽ ചിലത് മുൻഗാമികളെക്കാൾ കൂടുതൽ പ്രബലവും സുശക്തവുമായരുന്നു – അവയുടെ കാരണങ്ങളും ലോകസഞ്ചാരം ചെയ്ത് മനസ്സിലാക്കാനും അതു വഴി തെറ്റുകൾ തിരുത്തുവാനും ഖുർആൻ ഉൽബോധിപ്പിക്കുന്നത് ഇങ്ങനെയാണ്: "ഐഹിക ജീവിതത്തിന്റെ ബാഹ്യവശം മാത്രമേ അവർ അറിയുന്നുള്ളൂ. പരലോകത്തെ സംബന്ധിച്ചേടത്തോളം അവർ അശ്രദ്ധരത്രെ. അവർ തങ്ങളുടെ മനസ്സിലേക്ക് തന്നെ ചിന്ത തിരിക്കുന്നില്ലേ? അല്ലാഹു ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിലുള്ളവയെയും വിവേകശാലിത്വത്തോടുകൂടിയും ക്ലിപ്ത കാലത്തേക്കായും സൃഷ്ടിച്ചില്ലേ? എന്നാൽ, മനുഷ്യരിൽ അധികം പേരും തങ്ങളുടെ നാഥനുമായുള്ള കൂടിക്കാഴ്ചയിൽ വിശ്വസിക്കുന്നവരല്ല. തങ്ങളുടെ മുൻഗാമികളുടെ അന്ത്യം എത്ര ശോചനീയമായിരുന്നുവെന്ന് നോക്കിക്കാണാൻ അവർ ഭൂമിയിൽ സഞ്ചരിച്ചില്ലേ? അവരാകട്ടെ, ഇവരെക്കാൾ പ്രബലരായിരുന്നു. ഇവർ ചെയ്തിട്ടുള്ളതിനെക്കാൾ കൂടുതലായും മെച്ചപ്പെട്ട നിലയിലും അവർ കൃഷിചെയ്യുകയും ഭൂമിയെ ആവാസയോഗ്യമാക്കുകയും ചെയ്തു. വ്യക്തമായ ദൃഷ്ടാന്തങ്ങളോടുകൂടി അവരുടെ പ്രവാചകന്മാർ അവർക്കിടയിൽ ആഗതരായി. അല്ലാഹു അവർക്ക് ദ്രോഹം വരുത്തന്നില്ല; തങ്ങളുടെ ആത്മാക്കൾക്ക് അവർ തന്നെയാണ് ദോഷം വരുത്തുന്നത്. തിന്മ ചെയ്തിട്ടുള്ളവർക്ക് തിന്മ തന്നെയാണ് ഗതി. എന്തെന്നാൽ അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ തള്ളിക്കളയുകയും അവയെ പരിഹസിക്കുകയും ചെയ്തു" (30:8–11).

ഇങ്ങനെ, സഞ്ചാരം വീക്ഷണ ചക്രവാളത്തെ വികസിപ്പിക്കുകയും ബുദ്ധിശക്തിയെ ഉദ്ദീപിപ്പിക്കുകയും ദിവ്യോദ്ദേശ്യങ്ങളുടെ അഗാധവശങ്ങൾ ഗ്രഹിക്കുവാൻ സഹായിക്കുകയം ചെയ്യുന്നു. മതത്തിന്റെ അടിസ്ഥാനോദ്ദേശ്യമായിരിക്കുന്ന ധാർമ്മികവും ആത്മീയവുമായ മൂല്യങ്ങളുടെ പരിരക്ഷണം അതുവഴി സാധിക്കുമാറാകുന്നു.

"അവന്റെ ദൃഷ്ടാന്തങ്ങളെ നിങ്ങൾക്കവൻ കാട്ടിത്തരുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ഏതൊന്നിനെയാണ് നിങ്ങൾ നിഷേധിക്കുക?

"തങ്ങളുടെ മുൻഗാമികളുടെ അന്ത്യമെന്തായിരുന്നെന്ന് നോക്കിക്കാണാൻ അവർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ? ഇവരേയ്ക്കാളും അവർ എണ്ണത്തിൽ പെരുത്തവരും അധികാരശക്തിയിലും സ്വാധീനത്തിലും കൂടുതൽ പ്രബലന്മാരുമായിരുന്നു. എന്നാൽ, അവർ സമ്പാദിച്ചതൊന്നും അവർക്കേതും ഉപകാരപ്പെട്ടില്ല.

"വ്യക്തമായ ദൃഷ്ടാന്തങ്ങളോടു കൂടി അവരുടെ പ്രവാചകന്മാർ അവരുടെ അടുക്കൽ വന്നപ്പോൾ അവർ തങ്ങളുടെ അറിവിൽ ഊറ്റം നടിച്ചു. എന്നാൽ, അവർ പരിഹസിച്ചതെന്തോ അതവരെ ഒടുവിൽ ചുറ്റിയിടുകതന്നെ ചെയ്തു." (40:82–83).

മനുഷ്യാവകാശ പ്രഖ്യാപനത്തിലെ 13–ാം ഖണ്ഡികയിൽ അടങ്ങിയിരിക്കുന്നതിനേക്കാൾ കൂടുതൽ വിശാലവും വ്യാപകവുമാണ് ഖുർആൻ ഘോഷിച്ചിട്ടുള്ള സഞ്ചാരവിന്യാസ സ്വാതന്ത്ര്യങ്ങൾ. പ്രസ്തുത വകുപ്പു കൊണ്ടുദ്ദേശിച്ച കാര്യങ്ങളാകട്ടെ, ഖുർആനിൽ ഊന്നിപ്പറഞ്ഞിട്ടുള്ളവയിലുൾപ്പെടുന്നുണ്ടുതാനും. എന്നാൽ, ദൈവത്തിന്റെ സകല ജീവികൾക്കും ഭൂമിയിൽ സ്വതന്ത്രമായി വിഹരിക്കുവാനും ഇഷ്ടംപോലെ യാത്ര നടത്തുവാനും അവകാശമുണ്ടെന്ന സങ്കല്പത്തിൽ ഖുർആൻ മുന്നോട്ടു നീങ്ങുമ്പോൾ "ഓരോ രാജ്യത്തിന്റെയും അതിർത്തിക്കുള്ളിൽ" മാത്രം പ്രയോഗി

ക്കാവുന്ന തരത്തിൽ, ആ അവകാശത്തെ പ്രകൃത വകുപ്പ് നിയന്ത്രിക്കുകയും പരിമിതപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

1914ന്നു മുമ്പ്, സഞ്ചാരസ്വാതന്ത്ര്യം ഇന്നത്തെക്കാൾ കൂടുതൽ വിപുലവും നിയന്ത്രണം കുറഞ്ഞതുമായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധാർഹമാണ്. സഞ്ചാരോപാധികൾ പരിമിതമായിരുന്നേടത്തോളം യാത്ര കൂടുതൽ സ്വതന്ത്രമായിരുന്നുവെന്നത് ഒരു വിരോധാഭാസം തന്നെ. യാത്രാസൗകര്യങ്ങൾ വർദ്ധിക്കുകയും സഞ്ചാരത്തിന് വേഗത കൂടുകയും ചെയ്തപ്പോൾ ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താനുള്ള മനുഷ്യന്റെ സ്വാതന്ത്ര്യം ഏകപക്ഷീയവും ഉപദ്രവകരവും ക്ലേശപൂർണ്ണവുമായ നിയന്ത്രണങ്ങൾക്ക് വിധേയമായിത്തീരുകയാണ് ചെയ്തത്. ഇക്കാര്യത്തിൽ വ്യക്തമായ ഒരു പിന്നോക്കംപാച്ചിൽ കാണാവുന്നന്നതാണ്. ഇത് താൽക്കാലികമായി നീതീകരിക്കപ്പെട്ടേയ്ക്കാം; പ്രത്യേകിച്ചും യുദ്ധകാലങ്ങളിൽ. പക്ഷെ, ഇത് മനുഷ്യർ പരസ്പരമുള്ള സ്വതന്ത്രമായ സമ്പർക്കത്തിന്റെ കാര്യത്തിൽ ശാശ്വത തടസ്ഥമായിത്തീരുകയാണ്. സാർവ്വദേശീയ സഞ്ചാരം ഒരു സ്വാതന്ത്ര്യമെന്നതിനുപകരം ഒരു പ്രത്യേകാവകാശമായി പരിണമിച്ചിരിക്കുകയാണെന്നുവേണം പറവാൻ!

സാർവ്വദേശീയ സഞ്ചാരം സ്വതന്ത്രവും നിർബ്ബാധവുമായിരുന്നെങ്കിൽ അഭയം തേടുവാനും അഭയം നേടുവാനുമുള്ള അവകാശത്തിന്റെ (പതിനാലാം ഖണ്ഡിക) പ്രാധാന്യം മിക്കവാറും നഷ്ടപ്പെടും. 'എക്സ്ട്രാഡിഷൻ'* വ്യവസ്ഥകളെ സംബന്ധിച്ച കരാറുകളിലെ വകുപ്പുകൾക്ക് വിധേയമായ നിലയിൽ യാതൊരു തടസ്ഥവും കൂടാതെ ഇഷ്ടമുള്ളേടത്ത് പോകാൻ ഏതൊരാൾക്കും സാധിക്കുമാറാകണം.

മർദ്ദനങ്ങളിൽ നിന്ന് അഭയം തേടുവാനും സംരക്ഷണം നേടുവാനുമുള്ള അവകാശത്തെ ഇസ്ലാം ശക്തിപൂർവ്വം പിന്താങ്ങുന്നുണ്ട്. എല്ലാ തരത്തിലുള്ള മർദ്ദനങ്ങളും മാനുഷികമായ അന്തസ്സിന്നുനേരെയുള്ള ഹീനമായ ആക്രമണമാകുന്നു. എന്നാൽ, മതത്തിന്റെ വീക്ഷണത്തിൽ, വിശ്വാസത്തിന്റെയും, മനസ്സാക്ഷിയുടെയും മേലുള്ള മർദ്ദനമാണ് ഏറ്റവും ദുർഭരമായിരിക്കുന്നത്.

ആദ്യകാലങ്ങളിൽ മക്കത്തെ ഖുറൈശികളിൽ നിന്ന് ഇസ്ലാമിന്നും മുസ്ലിംകൾക്കും കടുത്ത മർദ്ദനങ്ങൾ ഏൽക്കേണ്ടി വന്നിരുന്നു. മക്കയിൽ അവർക്ക് ജീവിതം നിരാശ്രയമാക്കപ്പെട്ടുതുടങ്ങിയപ്പോൾ അവരിൽ ചിലരെ മക്ക വിട്ട് പോയ്ക്കൊള്ളാനും ചെങ്കടലിന്നപ്പുറത്തുള്ള അബീസ്സിനിയയിൽ (എത്തിയോപ്പിയ) പോയി രക്ഷ പ്രാപിച്ചുകൊള്ളാനും നബിതിരുമേനി ഉപദേശിച്ചു. ക്രിസ്തീയ ചക്രവർത്തിയുടെ ഭരണത്തിൽ അവർക്ക് കൂടുതൽ സുരക്ഷിതമായ നില ഉറപ്പുവരുത്താൻ കഴിയുമായിരുന്നു. തിരുമേനിയുടെ ഒരു മച്ചുനന്റെ നേതൃത്വത്തിൽ ഒരു ചെറിയ വിഭാഗം മുസ്ലിംകൾ കടൽ കടന്നുചെന്നുവെങ്കിലും ഖുറൈശികളുടെ ഒരു പ്രതിനിധിസംഘം അവരെ പിന്തുടരുകയും അഭയാർത്ഥികളെ തങ്ങൾക്ക് വിട്ടുതരണമെന്ന് ആവശ്യപെടുകയുമുണ്ടായി. ചക്രവർത്തി ഇരുഭാഗക്കാരുടെയും വാദങ്ങൾ കേട്ടറിഞ്ഞശേഷം മക്കക്കാരുടെ ആവശ്യം തള്ളിക്കളയുകയും മർദ്ദനഭയം കൂടാതെ തന്റെ രാജ്യത്ത് വസിച്ചുകൊള്ളാവുന്നതാണെന്ന് മുസ്ലിംകൾക്ക് ഉറപ്പ് നൽകുകയുമാണ് ചെയ്തത്. (സീറത്തു ഇബ്നു ഹിഷാം).

പിന്നീട്, മക്കയിൽ മർദ്ദനങ്ങൾ വർദ്ധിക്കുകയും അതോടൊപ്പം മദീനയിലെ ഒരു വലിയ വിഭാഗം ആളുകൾ ഇസ്ലാം മതം ആശ്ലേഷിക്കുകയും മക്കയിലെ മർദ്ദിത സഹോദരങ്ങളെ സ്വീകരിക്കാനും സഹായിക്കാനും സന്നദ്ധരാകുകയും ചെയ്തപ്പോൾ, മദീനയിലേയ്ക്ക് മാറിപ്പാർക്കാൻ കഴിവുള്ളവരോട് അപ്രകാരം ചെയ്തുകൊള്ളാൻ തിരുനബി (സ) നിർദ്ദേശിച്ചു. മദീനയിലേയ്ക്ക് പോകാൻ സ്വാതന്ത്ര്യമുണ്ടായിരുന്നവരിൽ മിക്കവാറുമെല്ലാവരും തന്നെ മദീനയിൽ രക്ഷ പ്രാപിച്ചുകഴിഞ്ഞപ്പോൾ മക്കവിട്ട് മദീനയിലേയ്ക്ക് പുറപ്പെട്ടുകൊള്ളാൻ നബിയ്ക്ക് ദിവ്യകല്പന ലഭിക്കുകയുമുണ്ടായി. തിരുനബി (സ) ഒട്ടേറെ ക്ലേശങ്ങൾ സഹിച്ചുകൊണ്ട് തന്റെ ഇഷ്ടസഖാവും തോഴനും ഭക്താനുയായിയുമായിരുന്ന അബൂബക്കർ സിദ്ദീഖിനോടൊപ്പം യാത്ര നിർവ്വഹിക്കുകയുമുണ്ടായി.

ഒരു സമുദായമെന്ന നിലയിൽ തങ്ങളുടെ ധാർമ്മികവും ആത്മീയവുമായ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുകയെന്ന അതിപ്രധാനമായ ചുമതല നിർവ്വഹിക്കുക മുസ്ലിംകൾക്ക് തീരെ അസാദ്ധ്യമായിത്തീർന്നപ്പോൾ, എന്തെങ്കിലും ഒരു പ്രതിവിധി ആസൂത്രണം ചെയ്യാനോ രക്ഷാമാർഗ്ഗം കണ്ടെത്താനോ സാധിക്കാതെ വിഷമിക്കുന്ന ദുർബ്ബലരായ പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഒഴികെ, അവർക്കെല്ലാം കുടിമാറ്റം നിർബന്ധമായിത്തീർന്നു (4:99). ശക്തരും ആരോഗ്യവാന്മാരും ബലം പ്രയോഗിച്ച് തടയപ്പെട്ടിട്ടില്ലാത്തവരുമായ ആളുകളെ സംബന്ധിച്ചേടത്തോളം അവർക്ക്, കഠിനമായ ശത്രുതയ്ക്കും കടുത്ത മർദ്ദനങ്ങൾക്കും ഇരയാവേണ്ടി വന്നതു കാരണം മതത്തിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ കഴിയാത്തവിധം തങ്ങൾ ബലഹീനമായ ഒരു അവസ്ഥയിലായിപ്പോയെന്ന ഒഴികഴിവ് പറഞ്ഞുകൊണ്ട് കർത്തവ്യങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാൻ സാദ്ധ്യമായിരുന്നില്ല. എന്തെന്നാൽ, ഖുർആൻ പറയുന്നു: "തങ്ങളുടെ ആത്മാക്കളോട് തെറ്റു ചെയ്യുന്നവരായിരിക്കെ, മരണത്തിന്നിരയാക്കപ്പെട്ടവരോട് മലക്കുകൾ ചോദിക്കും: 'നിങ്ങൾക്കെന്തുപറ്റി?' അവർ പറയും: 'ഞങ്ങൾ ഭൂമിയിൽ ബലഹീനരായി കണക്കാക്കപ്പെട്ടു!' മലക്കുകൾ മറുപടി നൽകും: 'അവിടെ നിന്ന് നിങ്ങൾക്ക് അഭയയാത്ര ചെയ്യാൻ മാത്രം അല്ലാഹുവിന്റെ ഭൂമി വിസ്തൃതമായിരുന്നില്ലേ'?" (4:98).

മക്കത്തെ മുസ്ലിംകൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന പരിതഃസ്ഥിതിയിൽ ഒരു അഭയസ്ഥാനം കണ്ടെത്തൽ മർദ്ദ

* കുറ്റം ചെയ്കയോ ശിക്ഷിക്കപ്പെടുകയോ ചെയ്ത ഒരു പൗരൻ മറ്റൊരു രാജ്യത്ത് അഭയം പ്രാപിച്ചാൽ അയാളെ സ്വന്തരാജ്യത്തേയ്ക്ക് തിരിച്ചയക്കാനുള്ള വ്യവസ്ഥ.

നങ്ങളിൽ നിന്ന് രക്ഷ പ്രാപിക്കാനുള്ള ഒരു മാർഗ്ഗം മാത്രമായിരുന്നില്ല. അത് ഒരു കടമയും കർത്തവ്യവുമായിത്തീരുകയാണുണ്ടായത്. ഇതേ പരിതഃസ്ഥിതികളിൽ എല്ലായ്പ്പോഴും ആ കടമയും കർത്തവ്യവും നിർവ്വഹിക്കാൻ മുസ്ലിംകൾ ബാദ്ധ്യസ്ഥരായിരുന്നു. എന്തെന്നാൽ, ധാർമ്മികവും ആദ്ധ്യാത്മികവുമായ മൂല്യങ്ങൾ, ന്യായമായ സ്വാതന്ത്ര്യത്തിന്റെ അന്തരീക്ഷത്തിൽ വിജയിപ്പിച്ചു കാണിക്കുന്നതിന്നുള്ള അവസരം സൃഷ്ടിക്കുകയും ആ മൂല്യങ്ങൾ ശത്രുതയിലും മർദ്ദനങ്ങളിലും അടിച്ചമർത്തപ്പെടാനിടവരുത്താതിരിക്കുകയും വേണ്ടതാണ്. മനസ്സാക്ഷിയെ ഉയർത്തിപ്പിടിക്കുകയും തികഞ്ഞ ആത്മാർത്ഥതയോടുകൂടി തങ്ങളുടെ സ്രഷ്ടാവിനോടുള്ള കടമ നിർവ്വഹിക്കുകയും ചെയ്യുന്നതിന്നുവേണ്ടി കുടിലും കുടുംബവുമെല്ലാം ഉപേക്ഷിക്കാൻ നിർബ്ബന്ധിതരായവർക്ക് ദൈവികമായ പിന്തുണയും സാഹചര്യങ്ങളും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു.

"അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നാടുവിടുന്നവർ ഭൂമിയിൽ ധാരാളം രക്ഷാസങ്കേതങ്ങളും സമൃദ്ധിയും കണ്ടെത്തുമാറാകും. അല്ലാഹുവിന്റെയും അവന്റെ പ്രവാചകന്റെയും മാർഗ്ഗത്തിൽ കുടിയൊഴിച്ചു പോകുന്നവർ, ആ യജ്ഞത്തിൽ മരണപ്പെട്ടാൽ അവർക്കുള്ള പ്രതിഫലം നിശ്ചയമായും അല്ലാഹുവിലത്രെ. അല്ലാഹു ഏറ്റം പൊറുത്തു കൊടുക്കുന്നവവനും പരമ ദയാലുവുമാകുന്നു" (4:101).

സാത്വികതയെയും വിശ്വാസ സ്ഥൈര്യത്തെയും സർവ്വോപരിയായി കരുതുകയും ദൈവത്തിൽ ഉറച്ച വിശ്വാസമർപ്പിക്കുകയും ചെയ്യുന്നവർ ഇഹത്തിലും പരത്തിലും ദൈവത്തിന്റെ ഉറച്ച സഹായം കണ്ടെത്തും. "അക്രമത്തിന്നിരയായതിനെതുടർന്ന് ദൈവമാർഗ്ഗത്തിൽ കുടിയൊഴിച്ചു പുറപ്പെട്ടവർക്ക് ഈ ലോകത്തിൽ നാം ഉത്തമമായ അഭയസങ്കേതം ഒരുക്കും. നിശ്ചയമായും പരലോകത്തെ പ്രതിഫലം അതിലും മഹത്തരമത്രെ. അവർ അറിഞ്ഞിരുന്നെങ്കിൽ! സ്ഥിരവിശ്വാസികളും തങ്ങളുടെ നാഥങ്കൽ വിശ്വാസമർപ്പിച്ചവരും ആരോ അവർ! (16:42-43).

"അക്രമത്തിന്നിരയായതിനെത്തുടർന്ന് തങ്ങളുടെ കുടിയൊഴിച് പുറപ്പെടുകയും നന്മയ്ക്കുവേണ്ടി പോരാടുകയും അതിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നവരാരോ അവർക്കുതന്നെ! നിശ്ചയമായും നിന്റെ നാഥൻ ഏറെ പൊറുത്തുകൊടുക്കുന്നവനും ഏറ്റം ദയാകരനുമാകുന്നു" (6:111).

മർദ്ദനങ്ങളിൽ നിന്നുള്ള രക്ഷയും തേടി ഓടിപ്പോകുന്നവർ അഭയസ്ഥാനം കണ്ടെത്തുന്നതിൽ വിജയിച്ചില്ലെന്നുവരാം. അങ്ങനെ വന്നാലും, അവരുടെ ശ്രമം നന്മയെ നിർത്തിയാണെങ്കിൽ നിഷ്പ്രയോജനമായിത്തീരുന്നതല്ല. "അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കുടിയൊഴിച്ച് പുറപ്പെട്ടശേഷം വധിക്കപ്പെടുകയോ മരിക്കുകയോ ചെയ്യുന്നവരാരോ അവർക്ക് അല്ലാഹു മഹത്തായ വിഭവങ്ങൾ ഒരുക്കും. നിശ്ചയമായും അല്ലാഹു അത്യുത്തമനത്രെ. അവർ പൂർണ്ണമായും തൃപ്തിപ്പെടുന്ന ഒരഭയസങ്കേതത്തിൽ അവരെ അവൻ പ്രവേശിപ്പിക്കുമാറാകും. അല്ലാഹു നിശ്ചയമായും സർവ്വജ്ഞനും സഹനശീലനുമാകുന്നു" (22:59-60).

നന്മയെ നിലനിർത്താൻ തങ്ങളുടെ കുടിയൊഴിച്ചു ഓടിപ്പോന്നിട്ടുള്ളവരെ സ്വാഗതം ചെയ്ത് സംരക്ഷിക്കുന്നത് ഉദാരമായ ഒരു സൽകൃത്യവും അഭിവൃദ്ധിയ്ക്ക് നിദാനമായ ഒരു പുണ്യവുമാ ണെന്ന് ഖുർആൻ പറയുന്നു. "അവർ ക്കുമുമ്പായി നഗരത്തിൽ കുടിയുറപ്പിച്ചരുന്നവരും തങ്ങളുടെ അടുക്കൽ അഭയസ്ഥാനം തേടി വരുന്നവരെ സ്നേഹിക്കുന്നു. പുതുതായി വന്നവർക്ക് നൽകപ്പെട്ടിട്ടുള്ളവയിൽ അവരുടെ ഹൃദയങ്ങളിൽ ആശ ഉടലെടുക്കുന്നില്ല. തങ്ങൾ ദരിദ്രരാണെങ്കിലും അവർ അഭയാർത്ഥികൾക്ക് മുൻഗണന നൽകുകയം ചെയ്യുന്നു. ആർ (മുതലിനോടുള്ള) ആർത്തിയിൽ നിന്ന് സ്വയം രക്ഷനേടിയോ അവരത്രെ വിജയികൾ" (59:10).

സർവ്വപ്രധാനമായിട്ടുള്ള കർത്തവ്യം, അതായത് സ്രഷ്ടാവിനോടുള്ള കർത്തവ്യം നിർവ്വഹിക്കുവാനുള്ള ശ്രമത്തിൽ സ്വന്തം വീടും കുടിയും ഒഴിച്ചു പോകേണ്ടി വരികയും തങ്ങൾ ഏറ്റവും പ്രിയംകരമായി കരുതുന്നവ-ഭൂമിയും സ്വത്തുകളും തൊഴിലും കുടുംബബന്ധങ്ങളും സാമാജികരായ കെട്ടുപാടുകളും സാമൂഹ്യവും സാംസ്കാരികവുമായ മൂല്യങ്ങളും എല്ലാംതന്നെ - ഉപേക്ഷിക്കാൻ നിർബ്ബന്ധിതരായിത്തീരുമാറ് മനസ്സാക്ഷിക്കെതിരായ മർദ്ദനത്തിന് വിധേയരാവുകയും ചെയ്യുന്നവർക്ക് അഭയം നൽകുന്നതും ഉത്തമമായ ഒരു സൽകൃത്യമായിട്ടാണ് എണ്ണപ്പെട്ടിരിക്കുന്നത്. നിയമാനുസൃതമായി അഭയം ആവശ്യപ്പെടുകയുമനുവദിക്കപ്പെടുകയും ചെയ്യേണ്ടിവരുന്ന വേറെയും സംഭവവകാസങ്ങൾ ഉണ്ടാവാം. ശത്രുത മൂത്തുകൊണ്ടിരിക്കുന്ന അവസരങ്ങളിൽ പോലും അഭയസ്ഥാനം നൽകേണ്ടതിന്റെ ആവശ്യകത ഇസ്ലാം അംഗീകരിക്കുകയും അതിന്നുള്ള സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

***('ഇസ്ലാമും മനുഷ്യാവകാശങ്ങളും'***

*പരി : എൻ. അബ്ദുർ റഹീം).*

■

---

*(9-ാം പേജിൽ നിന്ന് തുടർച്ച)*

പൊടിമണ്ണിൽ നിന്നും സൃഷ്ടിച്ചു' എന്നാണ്. പിന്നീട് 'രേതസ് കണത്തിൽ നിന്നും' അതിന് ശേഷം 'നിങ്ങളെ ഇണകളാക്കി' എന്നും പ്രതിപാദിക്കുന്നു. രേതസ്കണത്തിൽ നിന്നുള്ള സൃഷ്ടിപ്പിനും - ഇണകളാക്കിയുള്ള സൃഷ്ടിപ്പിനും ഇടയിലുള്ള കാലഘട്ടത്തെ അതായത് നാം സംസ്കാരം, നാഗരികത എന്നെല്ലാം വിളിക്കുന്ന സാമൂഹിക ഘടകം ഉരുത്തിരിഞ്ഞു വന്ന ആ ഘട്ടം അല്ലാഹു വിട്ടുകളഞ്ഞിരിക്കുന്നു.

ഖുർആൻ എന്തുകൊണ്ട് മറ്റു കണ്ണികളെ പ്രതിപാദിക്കാതെ വിട്ടുകളഞ്ഞു എന്നതിന്റെ കാരണം ഞാൻ മറ്റൊരു സ്ഥലത്ത് വിശദീകരിക്കാം.

(അടുത്ത ലക്കത്തിൽ അവസാനിക്കും).

■

ലേഖനം

# വ്യക്തിയും സമൂഹവും

**മിർസാ ത്വാഹിർ അഹ്മദ് (റഹ്)**

**സംഘർഷഭരിതമായ ബന്ധങ്ങളുള്ള രണ്ട് അസ്തിത്വങ്ങളാണ് വ്യക്തിയും സമൂഹവും. ഇവയെ എങ്ങനെ സമന്വയിപ്പിക്കാം?**

സ്വാതന്ത്ര്യം എന്നത് ജീവികൾക്ക് സവിശേഷമായി സിദ്ധിക്കുന്ന ഒരു ഗുണവിശേഷമാണ്. മനുഷ്യനും അതിൽനിന്നൊഴിവല്ല. സ്വാതന്ത്ര്യം ജീവിതത്തിന്റെ ഏറ്റവും വിലയേറിയ കനിയാണ്. മനുഷ്യൻ അവനിൽ അന്തർലീനമായ സ്വാതന്ത്ര്യത്തിന്റെ സാരസംഗ്രഹമാണ്. അവന്റെ ഓരോ ഊടും പാവും നെയ്തെടുത്തത് സ്വാതന്ത്ര്യത്തിന്റെ നാരു കൊണ്ടാണ്. എങ്കിലും അത്ഭുതകരമെന്ന് പറയട്ടെ, അന്തിമവിശകലനത്തിൽ എല്ലാ മനുഷ്യനിർമ്മിത സ്ഥാപനങ്ങളും മനുഷ്യന്റെ സ്വാതന്ത്ര്യത്തിന്നെതിരായി നിലകൊള്ളുന്നതായി കാണുന്നു.

പാരമ്പര്യങ്ങളുടേയും, ആചാരങ്ങളുടേയും നിയമനിർമ്മാണങ്ങളുടേയും പുരോഗമനാത്മകമായ വികാസ ചരിത്രം ശ്രദ്ധാപൂർവ്വം പരിശോധിച്ചാൽ ഈയൊരു അവകാശവാദം ശരിയാണെന്ന് തെളിയും. നിഷ്പക്ഷവും, നിരപേക്ഷവുമായ ഒരു വീക്ഷണകോണിൽ നിന്നും രാഷ്ട്രത്തിന്റെ പരിണാമചരിത്രം നോക്കിക്കാണുകയാണെങ്കിൽ മനുഷ്യന്റെ പുരോഗമനാത്മകവും സ്വയംകൃതവുമായ അടിമത്വത്തിലേക്കുള്ള സ്ഥാപനവത്കൃതമായ പ്രയാണമല്ലാതെ രാഷ്ട്രം എന്നത് മറ്റൊന്നുമായിരുന്നില്ല എന്ന് നമുക്ക് ബോദ്ധ്യപ്പെടും. ഈയൊരു സമസ്യയുടെ നിർദ്ധാരണത്തിന് സ്വാതന്ത്ര്യത്തിൽ നിന്നും അടിമത്തത്തിലേക്കുള്ള മാറ്റത്തിന്റെ ഘടകങ്ങൾ എന്തൊക്കെയുണ്ട് എന്നതിനെപ്പറ്റി അഗാധമായൊരു അവബോധം ആവശ്യമാണ്.

ഒരു കാര്യം ആദ്യമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ അവന്റെ പ്രകൃതിയനുസരിച്ച് സമൂഹത്തിന് വിധേയനാവുന്നത് അവൻ സ്വാർത്ഥത കൈവെടിയുമ്പോൾ മാത്രമാണ്. അല്ലാത്തപക്ഷം അവനെ കീഴടക്കുവാൻ നിർബന്ധം ചെലുത്തേണ്ടി വരും. എന്നാൽ സാമൂഹികവത്കരണം എന്നത് മനുഷ്യന്റെ മാത്രം സവിശേഷ ഗുണമല്ല. താഴ്ന്ന വർഗങ്ങളിൽ നിന്നും ഉയർന്ന വർഗത്തിലേയ്ക്കുള്ള മൃഗലോകത്തിന്റെ ഘടനാ ശ്രേണി പരിശോധിക്കുമ്പോൾ കൂടുതൽ അച്ചടക്കപൂർണ്ണവും, സംഘടിതവും കേന്ദ്രീകൃതവുമായ മൃഗസമൂഹത്തെ നമുക്ക് കാണാൻ സാധിക്കും. മൃഗങ്ങൾക്ക് അവരുടെ അതിജീവനത്തിന്റെ താല്പര്യത്തിന് വേണ്ടി ഒന്നിച്ച് ജീവിക്കുവാൻ ആവശ്യങ്ങൾ അവരെ പഠിപ്പിക്കുന്നതായിരിക്കും എന്ന് നമുക്ക് നിരീക്ഷിക്കാൻ കഴിയുന്നു. പരിണാമ ശ്രേണിയിലെ താഴെക്കിടയിലുള്ള ജീവികൾ പോലും ഒരു സാമൂഹിക ക്രമം പാലിക്കയും അവരിൽ കണിശമായ അച്ചടക്കം അന്തർലീനമായി കിടക്കുകയും ചെയ്യുന്നു. കാലക്രമേണ കൈവന്ന പരിണാമത്തിന്റെ സ്വാധീനങ്ങളെ അവയുടെ ഉന്നതമായ അച്ചടക്കമുള്ള ജീവിത ക്രമത്തിൽ ദർശിക്കുക സാധ്യമല്ല. അവയുടെ പരിപൂർത്തി കൈവന്ന ജീവിതക്രമത്തിന്റെ അന്ത്യഘട്ടത്തിലേക്ക് പൊടുന്നനെ അത്തരം സ്വഭാവ ഗുണം കൈവന്നതായിട്ടാണ് കാണപ്പെടുന്നത്. അവയുടെ സ്ഥാപനവത്കൃതമായ അസ്തിത്വത്തിന്റെ പഠനത്തിൽ നിന്നും നമുക്ക് ലഭിക്കുന്ന നിഗമനം, അതെല്ലാം അവയുടെ പ്രകൃതിയിൽ തന്നെ ഉള്ളടക്കം ചെയ്യപ്പെട്ടിരിക്കുന്നു എന്നാണ്.

ഉദാഹരണത്തിന് ചില ഷഡ്പദങ്ങളുടെ കാര്യമെടുക്കുക. പരിണാമ ശ്രേണിയിൽ തേനീച്ചകളുടെ സ്ഥാനം എവിടെയാണ് പ്രതിഷ്ഠിക്കാൻ സാധിക്കുക? അവ ഘട്ടം ഘട്ടമായാണ് പരിണമിച്ചതെങ്കിൽ തേനീച്ചയുടെ മുൻഗാമി ആരായിരിക്കാനാണ് സാധ്യത? തേനീച്ചയായി പരിണാമപൂർത്തി കൈവരിച്ച ഷഡ്പദത്തിന്റെ കാലക്രമേണയുള്ള സുദീർഘമായ പരിണാമരേഖയുടെ തെളിവ് എവിടെ നിന്നാണ് ലഭിക്കുക? നാം ചിതലുകളുടേയും അതുപോലെയുള്ള ഉറുമ്പു വർഗ്ഗത്തിൽപ്പെട്ട ഷഡ്പദങ്ങളുടേയും ജീവിതക്രമം പരി

ശോധിക്കുകയാണെങ്കിൽ നമുക്ക് ഇത്ത രത്തിലുള്ള പ്രശ്നങ്ങൾ അഭിമുഖീകരി ക്കേണ്ടിവരും.

ക്രമികമായ പരിണാമത്തിന്റെ യാതൊരുവിധ അടയാളങ്ങളുമില്ലാതെ, അവയെല്ലാം തങ്ങളിൽ അന്തർഹിത മായ കർശനമായ അച്ചടക്കം പാലിച്ചു കൊണ്ട് കണിശവും സുനിശ്ചിതവുമായ ജോലികൾ നിർവ്വഹിക്കുന്നു. അതെ ല്ലാം അവരുടെ RNAയിലും DNA യിലും രേഖപ്പെടുത്തിയ അലംഘനീയ നിയമങ്ങളാണ്. ഏറ്റവും കണിശമായ പട്ടാളച്ചിട്ടയിൽ വളർത്തപ്പെട്ടതും അച്ച ടക്കപൂർണവുമായ കമ്യൂണിസ്റ്റ് സമൂ ഹങ്ങൾ പോലും അവയുമായി താര തമ്യം ചെയ്യുമ്പോൾ ലജ്ജിച്ചുപോവും. അവയെല്ലാം തന്നെ ഒറ്റപ്പെട്ടുനിൽ ക്കുന്ന സംഘടിതവും സക്രിയവുമായ അത്ഭുത സൃഷ്ടികളാണ്. ഉന്നതവും സങ്കീർണ്ണവുമായ സമൂഹങ്ങളായി പരി ണമിച്ച ഈ ജീവികൾക്കൊന്നും തന്നെ പ്രാകൃതമായ ഒരു പ്രാരംഭചരിത്രമില്ല.

ഇതിൽ നിന്നും ജീവികൾക്ക് രണ്ട് രീതിയിലുള്ള ക്രമവ്യവസ്ഥ നമുക്ക് പഠിക്കാനായി ലഭിക്കുന്നു എന്ന് നിസ്സംശയം പറയാം. അതിൽ ഒന്ന് ഒന്നുമില്ലായ്മയിൽനിന്നും ദൈവ ത്തിന്റെ അത്ഭുതകരമായ സൃഷ്ടി വൈഭവം കൊണ്ട് പൊടുന്നനെ അസ്തിത്വത്തിലേക്ക് വന്നവയാണ്. ഒരു നിമിഷത്തിൽ ഈ ജീവികളിൽ ഒരേസ മയം നടന്ന നിരവധി ഉൽപരിവർത്തന ങ്ങളാണ് (Mutative changes) ഇതിന് കാരണമെന്ന് ശാസ്ത്രജ്ഞന്മാർ കരു തുന്നു. അതെന്തുമാവട്ടെ, ഈ സങ്ക ല്പം തീർച്ചയായും ശാസ്ത്രീയമായി സ്വീകാര്യമായ പ്രസ്താവനയല്ല. മൃഗ ലോകത്തിലെ രണ്ടാമത്തെ രീതിയി ലുള്ള സാമൂഹ്യക്രമത്തിന്റെ വികാസം കൂടേക്കൂടി പൊതുവത്കൃതവും പുരോ ഗമനാത്മകവുമാണ്. അതുകൊണ്ട് അതിന്റെ അനന്തരഫലം മേൽ പ്രതി പാദിച്ചത് പോലെ കൂടുതൽ നാടകീ യമോ പെട്ടെന്നുള്ളതോ അല്ല. നായ്ക്ക ളും, ചെന്നായ്ക്കളും, കാട്ടുമൃഗങ്ങളും പോലും അവരുടെ ജീവിവർഗ്ഗത്തിന്റെ അതിജീവനത്തിന് വേണ്ടി കൂട്ടായി ജീവിക്കാനുള്ള ഔത്സുക്യപൂർണ്ണമായ പ്രവണത കാണിക്കാറുണ്ട്. കാരണമെ ന്താണെന്നറിയില്ലെങ്കിലും ഒരേ തൂവൽ പക്ഷികൾ കൂട്ടുകൂടുന്നതായി നാം കാണുന്നു. അതുപോലെ മത്സ്യക്കൂട്ട ങ്ങൾ, കടലാമകൾ, കടൽ അർച്ചിനകൾ (Sea urchin – കടലിന്റെ അടിത്തട്ടിലെ പേനപോലെയുള്ള ജീവികൾ) മുത ലായ ജീവികൾ ഇത്തരം പ്രവണതകൾ കാണിക്കുന്നു. ഇങ്ങനെ കൂട്ടുംകൂടി ജീവിക്കുക എന്നത് ജീവനുള്ളതിന്റെ ഒരു പൊതുസ്വഭാവമാണ്. കർശനമായ അച്ചടക്കത്തോടെ അധികാരസ്ഥർ ജനി ക്കുകയും നേതൃത്വങ്ങൾ ഉണ്ടാവു കയും ചെയ്യുന്നു. കുറ്റത്തേയും ശിക്ഷയേയും കുറിച്ചുള്ള അവ്യക്ത മായ സങ്കല്പങ്ങൾ എല്ലാ തലങ്ങളിലൂ ടേയും സമൂഹത്തിലേക്ക് ഇഴഞ്ഞെ ത്താൻ തുടങ്ങുകയും ചെയ്യുന്നു. മനു ഷ്യൻ ഒരു സാമൂഹ്യജീവിയായി ത്തീർന്നത് ഒറ്റപ്പെട്ട ഒരു ആകസ്മികത യല്ല. ഏറ്റക്കുറച്ചിലുകളോടെ മറ്റു ഭൂരി പക്ഷം മൃഗങ്ങളിലും ഈ സാമൂഹ്യ ജീവിതം കാണാം. ഒരേ സ്വഭാവഗുണ ങ്ങളുള്ള ജീവികളുടെ പൂർവ്വനിശ്ചിത ങ്ങളായ ആസൂത്രണമനുസരിച്ചുള്ള താണ് ഈ സാമൂഹ്യജീവിതം.

ലോകമെമ്പാടും സമൂഹ മെന്ന സ്ഥാപനം ഒരേ സമയം എങ്ങ നെ നിലവിൽ വന്നു എന്ന ചോദ്യം സുദീർഘമായി ചർച്ച ചെയ്യപ്പെടേണ്ട ഒന്നാണ്. മനുഷ്യനിലെ സമൂഹവികസ നത്തിന്റെ അല്പം ചില ഘടകങ്ങൾ മാത്രം പ്രതിപാദിക്കാനാണ് നാം ഇവിടെ ഉദ്ദേശിക്കുന്നത്. അതാകട്ടെ ഇവിടെ ചർച്ച ചെയ്യുന്ന വിഷയവു മായി നേരിട്ട് ബന്ധമുള്ളതാണ് താനും.

സമൂഹം ചുമത്തുന്ന നിരോധ നങ്ങൾക്കെതിരെ വ്യക്തിയുടെ സ്വാതന്ത്ര്യം എപ്പോഴും സംഘർഷ ത്തിൽ വരിക എന്നത് സ്വാഭാവികമാണ്. വ്യക്തിസ്വാതന്ത്ര്യം ഒരു ഭാഗത്തും സമൂഹത്തിലെ അധികാരസ്ഥാപനം മറുഭാഗത്തും നിലകൊള്ളുമ്പോൾ ഇവ രണ്ടും തമ്മിലുള്ള അതിർത്തി ആരാണ് നിശ്ചയിക്കുക? ആ അതിർത്തി നിർണ യം നടത്തുന്ന ശക്തിയെ സംബന്ധിച്ച് മനസ്സിലാവണമെങ്കിൽ ഈ സമവാക്യം സമർപ്പിക്കുന്ന സമസ്യയെക്കുറിച്ച് അഗാധമായ ഒരു അവബോധം ആവ ശ്യമാണ്. വ്യക്തിയും കുടുംബവും തമ്മിലുള്ള ബന്ധങ്ങൾ വ്യക്തിയും ഗോത്രവും തമ്മിലുള്ള ബന്ധങ്ങൾ വ്യക്തിയും രാഷ്ട്രവും തമ്മിലുള്ള ബന്ധങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ സ്ഥാപനവത്കൃതമായ സമൂ ഹങ്ങൾക്ക് കീഴിൽ വ്യക്തിയുടെ ജീവി തം എങ്ങനെ നിർവ്വഹിക്കപ്പെടുന്നു എന്നതിന്റെ ഉദാഹരണങ്ങളാണ്. മനു ഷ്യൻ പ്രകൃത്യാ സ്വതന്ത്രനും സ്വാത ന്ത്ര്യത്തെ സ്നേഹിക്കുന്നവനുമാണെ ങ്കിൽ പിന്നെയെന്തിന് സമൂഹത്തിന്റെ അധികാര ശക്തിയെ അനുസരിക്കണം എന്ന അടിസ്ഥാന പ്രശ്നത്തെ ആദ്യ മായി അഭിമുഖീകരിക്കേണ്ടതുണ്ട്.

സാമൂഹികമോ, വർഗ്ഗപരമോ, സാമ്പത്തികമോ, രാഷ്ട്രീയമോ ആയ ക്രമവ്യവസ്ഥകൾ രൂപംകൊള്ളുമ്പോൾ സമൂഹനിർമ്മിതിക്കാവശ്യമായ വ്യക്തിയും സമൂഹവും തമ്മിലുള്ള കൊള്ളക്കൊടുക്കലിന്റേതായ ഒരു അലിഖിത നിയമവും രൂപം കൊള്ളു ന്നു. ഒരു വ്യക്തിയും അവന്റെ സ്വാത ന്ത്ര്യം പൂർണ്ണമായും സമൂഹത്തിനു മുമ്പിൽ അടിയറവെക്കുന്നില്ല. അവന് നഷ്ടപ്പെടുന്നതിനേക്കാൾ കൂടുതൽ ലഭിക്കുമെന്ന ധാരണയിലാണ് സ്വാത ന്ത്ര്യം ത്യജിച്ചുകൊണ്ട് വ്യക്തി സമൂഹ വുമായി വിലപേശുന്നത്.

ഒന്നാമതായി വ്യക്തിപരമായ സ്വാതന്ത്ര്യനഷ്ടത്തിന്റെ പേരിൽ അവൻ സമൂഹത്തോട് വിലപേശുന്നത് വ്യക്തിപരമായ സുരക്ഷക്ക് വേണ്ടി യാണ്. ഒരു ഭാഗത്ത് വ്യക്തി അവൻ അംഗമായ ഒരു സ്ഥാപനത്തിന് വേണ്ടി അവന്റെ അവകാശങ്ങൾ ത്യജിക്കുന്നു. അതിനു പകരമായി, മറ്റൊരു ഭാഗത്ത് അവന് സുരക്ഷയോ അതുപോലുള്ള സഹായങ്ങൾക്കോ ഉള്ള ഉറപ്പ് ലഭിക്കു ന്നു. അങ്ങനെ അവന്റെ വ്യക്തിപരമായ അസ്തിത്വം എളുപ്പവും സുഖകരവുമാ കുന്നു.

ഒരു സമൂഹം രൂപം കൊള്ളു മ്പോൾ എല്ലാ നിലയിലും വ്യക്തി കൾക്കാണ് അതിന്റെ ഗുണഫലം ലഭി ക്കുക എന്നത് കൗതുകകരമാണ്.

ഇതാണ് മൃഗലോകത്ത് നാം കണ്ട ദൈ സർഗ്ഗിക പ്രവണത. മനുഷ്യസമൂഹ ത്തെ സംബന്ധിച്ചേടത്തോളം അതിന്റെ പ്രാകൃതാവസ്ഥയിൽ എല്ലാ നിലയിലും വ്യക്തികളായിരുന്നു സമൂഹനിർമ്മിതിയുടെ ഗുണഭോക്താക്കൾ. പക്ഷേ മനുഷ്യസമുദായം കൂടുതൽ സംഘടിതമായതോടെ സമൂഹവും വ്യക്തികളും തമ്മിലുള്ള അധികാരശക്തിയുടെ വിതരണം ഒരു ഭാഗത്തേക്ക് ചായുകയാണുണ്ടായത്. സമൂഹത്തിലെ അംഗങ്ങളുടെ എണ്ണം കൂടുകയും ഭരിക്കുന്നവരുടെ എണ്ണം കുറയുകയും ചെയ്യുന്ന തോത് വർദ്ധിച്ചുവന്നു. ഭരിക്കപ്പെടുന്ന ന്യൂനപക്ഷത്തിന്റെ ചൂഷണത്തിനും അധികാരദുർവിനിയോഗത്തിനും സമൂഹത്തിലെ ഭൂരിപക്ഷവും വിധേയമായിത്തീർന്നു.

സമൂഹവുമായുള്ള വിനിമയമത്തിൽ വ്യക്തിക്ക് ഉണ്ടാകുന്ന ഓരോ സ്വാതന്ത്ര്യനഷ്ടത്തിനും പകരം അവന് ചില മൂല്യങ്ങൾ ലഭിക്കുന്നു എന്നത് സൈദ്ധാന്തികമായി മാത്രം സാധ്യമാണ്. സാധാരണഗതിയിൽ അത് പലപ്പോഴും നാം പ്രതീക്ഷിച്ചതു പോലെ സംഭവിക്കുന്നില്ല. വ്യക്തിസ്വാതന്ത്ര്യത്തിന്റെ പ്രാഥമികതത്വം പുരോഗമിക്കുന്നതോടൊപ്പം സമൂഹത്തിന്റെ ബലിവേദിയിൽ ക്രമേണ ഹോമിക്കപ്പെടുകയാണ് ചെയ്യുന്നത്. സമൂഹം വികസിക്കുന്നതനുസരിച്ച് കൂടുതൽ അധികാരം കേന്ദ്രിതമാവുകയും വ്യക്തിയെ പരിഗണിക്കാതിരിക്കുകയും ചെയ്യുന്നു.

മാർക്സിസം എന്ന വിഷയം പ്രതിപാദിക്കുമ്പോൾ ഈ വിഷയത്തെപ്പറ്റി നമുക്ക് സമഗ്രമായി ചർച്ച ചെയ്യാം. ഇവിടുത്തെ ഉദ്ദേശം വ്യക്തിസ്വാതന്ത്ര്യത്തിന്റെ അപചയപ്രക്രിയയുടെ അടിസ്ഥാനകാരണം കണ്ടെത്തുക എന്നതു മാത്രമാണ്. എന്തുകൊണ്ട് വികസിതവും കൂടുതൽ ശക്തിശാലികളുള്ളതുമായ സമൂഹത്തിൽ വ്യക്തിക്ക് കൂടുതൽ സുഖവും കൂടുതൽ സുരക്ഷാബോധവും ഉണ്ടാവുന്നില്ല? മൃഗങ്ങളുടെ സാമൂഹ്യക്രമത്തിൽ അപചയത്തിന്റെയും ജീർണ്ണതയുടേയും ഈ പ്രവണത നാം കാണുന്നില്ല. എന്തുകൊണ്ട് മനുഷ്യസമൂഹം മാത്രം വ്യക്തികളുടെ അവകാശത്തിന്റെ ഉത്തരവാദിത്തത്തിൽ വീഴ്ചകൾ വരുത്തുന്നു?

മനുഷ്യനിലെ വഞ്ചന, ചതി, പ്രകൃതിനിയമത്തിന്റെ ലംഘനങ്ങൾ എന്നീ ശക്തമായ പ്രവണതകളാണ് മൃഗത്തേയും മനുഷ്യനേയും വേർതിരിക്കുന്ന ഒരു വിഭജനരേഖ. ഇക്കാര്യത്തിൽ മനുഷ്യൻ എല്ലാ മൃഗങ്ങളേയും അസാധാരണമാം വിധം അതിവർത്തിച്ചുനിൽക്കുന്നു. മൃഗങ്ങളിലും ചിലപ്പോൾ ചതി കാണാറുണ്ട്. പക്ഷേ അത് ഒരു ഉപായം എന്ന നിലക്കാണ്. അത് കുറ്റവാസനയോടുകൂടിയ ഒരു വഞ്ചനയായിട്ടല്ല അവ നിർവ്വഹിക്കുന്നത്. മനുഷ്യനിൽ കാണുന്നതുപോലെ വിശ്വാസവഞ്ചന മൃഗങ്ങളിൽ കാണുന്നില്ല. പ്രകൃതിനിയമത്തിന്റെ പരിധിയിലും അതിന്റെ അനുശാസനയിലും അവർ സാധാരണനിലയിൽ ലളിതമായഅച്ചടക്ക ജീവിതം നയിക്കുന്നു. അവർ എപ്പോഴെങ്കിലും വഞ്ചിച്ചതായി കാണുന്നുവെങ്കിൽ അത് അവയുടെ ജന്മവാസനാനുസൃതമെന്നേ പറയാനാവൂ. അത് കുറ്റത്തിന്റെ നിർവ്വചന പരിധിയിൽപെടാത്ത ജനിതകപരമായ പ്രവണത കൊണ്ടു മാത്രമാണ്.

ഇത് വാസ്തവത്തിൽ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തിന്റെ ഒരു ഉപോൽപന്നം മാത്രമാണ്. മൃഗങ്ങൾ കർശനമായും സഹജാവബോധത്തിന്റെയും ജന്മവാസനയുടെയും നിയമങ്ങൾ കൊണ്ടാണ് ഭരിക്കപ്പെടുന്നത്. ശരിയുടേയും, തെറ്റിന്റേയും കാര്യത്തിൽ അല്പം മാത്രമേ അവർക്ക് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുള്ളൂ. യഥാർത്ഥത്തിൽ ശരിയോ തെറ്റോ അവരിൽ നിലനിൽക്കുന്നില്ല.

മനുഷ്യൻ മാത്രമാണ് അവന്റെ ഉത്തരവാദിത്തങ്ങൾ ബോധപൂർവ്വം അവഗണിക്കുകയും തെറ്റാണെന്ന് അറിഞ്ഞുകൊണ്ട് അന്യരുടെ അവകാശങ്ങൾ കവർന്നെടുക്കുകയും ചെയ്യുന്നത്. വ്യക്തിസ്വാതന്ത്ര്യത്തെ കൂട്ടുത്തരവാദിത്വവുമായി ബന്ധപ്പെടുത്തുമ്പോൾ നിയമം ലംഘിക്കാനും കുറ്റവും തെറ്റും നിർവ്വഹിക്കാനുമുള്ള മനുഷ്യന്റെ പ്രവണത അവൻ കടപ്പെട്ട എല്ലാ സാമൂഹ്യസ്ഥാപനങ്ങളെയും തുരങ്കം വെക്കുകയും അട്ടിമറിക്കുകയും ചെയ്യുന്നു. എങ്കിലും അവന് ചെയ്യാൻ സാധിക്കുന്ന കുറ്റകരമായ ഇത്തരം കാര്യങ്ങളിൽ നിന്നും മനുഷ്യൻ അകന്നു മാറുന്നു. കാറൽമാർക്സ് മനുഷ്യനെ നിരീക്ഷിക്കുന്നത് മനുഷ്യൻ കളങ്കിതമായ ഒരു ജീവിയാകുന്നു എന്നാണ്. തീർച്ചയായും അദ്ദേഹം പറഞ്ഞത് ശരിയാണ്. പക്ഷേ അദ്ദേഹത്തിന്നു സ്വയം അതിൽ നിന്ന് ഒഴിഞ്ഞുനിൽക്കാൻ അവകാശമില്ലായിരുന്നു എന്നുമാത്രം. അതുപോലെ അധാർമ്മികമായ ആധാരശിലയിൽ നിർമ്മിച്ചെടുത്തിരുന്ന സോഷ്യലിസ്റ്റ് നേതൃത്വത്തേയും ഈ കളങ്കത്തിൽ നിന്ന് ഒഴിച്ചുനിർത്താൻ അദ്ദേഹത്തിന് യാതൊരു അവകാശവുമില്ല. യുഗങ്ങളായി ഇതായിരുന്നു മനുഷ്യസമൂഹത്തിന്റെ ദുരന്തം. ഒരു സ്ഥാപനവും അതിൽ നിന്നൊഴിഞ്ഞു നിൽക്കുന്നില്ല. വ്യക്തിയും സമൂഹവുമായുള്ള ബന്ധത്തിലെ ഒഴിച്ചുകൂടാൻ പറ്റാത്ത ഈ സഹജമായ വൈകല്യം കാരണം മനുഷ്യവ്യവസ്ഥകളിൽ നിരന്തരം വർദ്ധിച്ചു വരുന്ന നിയമനിർമ്മാണ ത്വര കാണപ്പെടുന്നു.

എല്ലാ പുതിയ നിയമങ്ങളും ഒരു ഭാഗത്ത് വ്യക്തിയുടെ അവകാശ സംരക്ഷണവും മറുഭാഗത്ത് സമൂഹത്തിന്റെ അവകാശ സംരക്ഷണവും ലക്ഷ്യം വെക്കുന്നു. അതായത് ഇരുകൂട്ടരുടെയും അവകാശ പരിധിയിലേക്കും വിശേഷാധികാരങ്ങളിലേക്കും അന്യായമായ കടന്നുകയറ്റങ്ങളരുത് എന്ന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ നിയമനിർമ്മാണങ്ങൾ.പക്ഷേ നിർഭാഗ്യകരമെന്ന് പറയട്ടെ, മനുഷ്യനിലുള്ള അഴിമതി കാരണമായി നിയമനിർമ്മാണങ്ങൾക്ക് കേവലനീതിയുടെ ആദർശതത്വങ്ങളോട് നീതിപുലർത്തുന്നതിൽ പരാജയം സംഭവിക്കുന്നു. കൂട്ടായ നിയമനിർമ്മാണ പ്രക്രിയയിൽ പലപ്പോഴും വ്യക്തികളുടെ സംരക്ഷണത്തിന് വേണ്ടി സൃഷ്ടിക്കപ്പെട്ട സ്ഥാപനങ്ങളുടെ കൈകളാൽ തന്നെ വ്യക്തികളുടെ മൗലികാവകാശങ്ങൾ ധ്വംസിക്കപ്പെടുന്നു.

*(ശേഷം 19-ാം പേജിൽ)*

ലേഖനം

# കളിമണ്ണും മനുഷ്യസൃഷ്ടിപ്പും

കെ.വി. ഈസക്കോയ

**കളിമണ്ണിന്റെ ദ്രവ്യഗുണങ്ങൾ തന്നെയാണ് മനുഷ്യസൃഷ്ടിപ്പിന് ആവശ്യമായ ഉപാദാനങ്ങൾ. ഹസ്റത്ത് മിർസാ ത്വാഹിറി (റഹ്)ന്റെ റെവലേഷൻ റേഷനാലിറ്റി നോളജ് ആന്റ് ട്രൂത്ത് എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കി ഒരു നിരീക്ഷണം**

കളിമണ്ണിന്റെ ദ്രവ്യഗുണങ്ങൾ തന്നെയാണ് മനുഷ്യസൃഷ്ടിപ്പിന് ആവശ്യമായ ഉപാദാനങ്ങൾ. ഹസ്റത്ത് മിർസാ ത്വാഹിറി (റഹ്)ന്റെ റെവലേഷൻ റേഷനാലിറ്റി നോളജ് ആന്റ് ട്രൂത്ത് എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കി ഒരു നിരീക്ഷണം

ദിവംഗതനായ നാലാം ഖലീഫ ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റ)ന്റെ മഹത്തരവും ശ്രദ്ധേയവുമായ ഗ്രന്ഥമാണ് "റെവലേഷൻ, റേഷനാലിറ്റി, നോളജ് ആന്റ് ട്രൂത്ത്." ആധുനിക വിജ്ഞാനങ്ങളുടെ അതീവ ഗൗരവങ്ങളായ സങ്കീർണ്ണ പ്രശ്നങ്ങൾ അതിസൂക്ഷ്മമായി ഈ ഗ്രന്ഥത്തിൽ വിശകലനം ചെയ്യപ്പെട്ടിരിക്കുന്നു. വായനക്കാരന്റെ വിദ്യാഭ്യാസ യോഗ്യത എന്തായിരുന്നാലും അവന്റെ അഭിരുചിക്കനുസരിച്ച വിധത്തിൽ അവയെല്ലാം കൈകാര്യം ചെയ്യപ്പെട്ടിരിക്കുന്നു. വിവിധ സ്വഭാവത്തിലുള്ള വിഷയങ്ങൾ, തത്വശാസ്ത്രം, വെളിപാട്, ഉൽപത്തി, വാനശാസ്ത്രം, ജീവിലോകത്തിന്റെ ഭാവി, അതിജീവിക്കുവാനുള്ള ജീവജാലങ്ങളുടെ അർഹത കേവലം യാദൃശ്ചികമായി ഉണ്ടായതാണോ എന്നീ വിഷയങ്ങളെ പുരസ്കരിച്ചും, ഒരു പരിഷ്കർത്താവിന്റെ ആഗമനം, മഹ്ദി ഇമാമിന്റെ വെളിപ്പെടൽ തുടങ്ങിയ നിരവധി പ്രശ്നങ്ങളെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ വിചിന്തനം ചെയ്യപ്പെട്ടിരിക്കുന്നു. ഈ ബ്രഹ്മാണ്ഡത്തിന്റെ ഉൽപത്തിയെക്കുറിച്ചും നിർണിതമായ അതിന്റെ അന്ത്യത്തെക്കുറിച്ചും ഭൂതകാല സംഭവങ്ങളെക്കുറിച്ചും വർത്തമാനത്തെക്കുറിച്ചും ഭാവിയെക്കുറിച്ചും അന്യൂനം പ്രതിപാദിക്കുവാനുള്ള ഖുർആന്റെ നൈപുണ്യത്തിനാണ് ഈ ഗ്രന്ഥത്തിൽ പരമപ്രാധാന്യം നൽകിയിരിക്കുന്നത്. അസന്ദിഗ്ധ യുക്തിവാദം കൊണ്ടും ശാസ്ത്രീയ തെളിവു കൊണ്ടും ഖുർആനെ യുക്തിയുടെ കൂലങ്കശ പരിശോധനക്ക് ഈ ഗ്രന്ഥത്തിൽ വിധേയമാക്കിയിരിക്കുന്നു.

ജീവോൽപത്തിയിലും മനുഷ്യസൃഷ്ടിപ്പിലും ജലവും കളിമണ്ണും വഹിച്ച പങ്കിനെക്കുറിച്ച് 1400 വർഷങ്ങൾക്കു മുമ്പ് പ്രതിപാദിച്ച വിശുദ്ധ ഖുർആന്റെ വിസ്മയാവഹമായ ഉജ്ജ്വല തേജസ്സിനെക്കുറിച്ച് ആലോചിച്ച് തെല്ലിട അത്ഭുത പരതന്ത്രരാകാതിരിക്കാൻ നമുക്ക് കഴിയുമോ? കളിമണ്ണ് കുഴച്ച് പാകപ്പെടുത്തി മനുഷ്യരൂപം മെനഞ്ഞെടുത്ത് ഉണക്കി അതിൽ ജീവൻ നൽകുക വഴി കണ്ണും, മൂക്കും ചെവിയും അസ്ഥിവ്യൂഹവും, തലച്ചോറും, രക്തചംക്രമണവും, പ്രതിരോധ ശക്തിയും, നാഡിവ്യവസ്ഥയും, ഉൽപാദനേന്ദ്രിയങ്ങളും ഡി.എൻ.എ., ആർ.എൻ.എ. പോലുള്ള അതിസങ്കീർണ്ണ ഘടകങ്ങളും ഞൊടിയിടയിൽ ഉടലെടുത്തുണ്ടായ ആദ്യ മനുഷ്യൻ ആദമിനെക്കുറിച്ചുള്ള മൂഢ കഥകൾ വിവരിക്കുന്ന ബൈബിളിനേക്കാൾ എത്രയോ ബുദ്ധിപൂർവ്വവും ശാസ്ത്രീയവുമായ പ്രതിപാദനങ്ങളാണ് ഖുർആൻ കാഴ്ച വെക്കുന്നത്? മനുഷ്യ സൃഷ്ടിപ്പിനെ ലക്ഷ്യമിട്ടു കൊണ്ട് ജന്തുലോകം കടന്നു വന്ന പരിണാമ ഘട്ടങ്ങൾ സൃഷ്ടിപ്പിന്റെ വിസ്മയാവഹമായ അത്ഭുതവും സമാനതയില്ലാത്ത അതിവിശിഷ്ട നൈപുണ്യവുമാണ്.

"വാസ്തവത്തിൽ അവൻ നിങ്ങളെ പല ദശകളിലായി സൃഷ്ടിച്ചിരിക്കുന്നു (71:15)" "നിങ്ങൾ തീർച്ചയായും ഒരു സ്ഥിതിയിൽ നിന്ന് മറ്റൊരു സ്ഥിതിയിലേക്ക് പടിപടിയായി കയറി പോയ്ക്കൊണ്ടിരിക്കും" (84:20) എന്നീ ഖുർആൻ സൂക്തങ്ങളനുസരിച്ച് സ്രഷ്ടാവായ അല്ലാഹു പടിപടിയായി നടത്തിയ സൃഷ്ടിപ്പിന്റെ പരമ പ്രധാനമായ ലക്ഷ്യം മനുഷ്യനായിരുന്നുവെന്നും അല്ലാതെ ജന്തുശാസ്ത്രജ്ഞന്മാർ കരുതുന്നതുപോലെ പരിണാമപ്രക്രിയയിൽ യാദൃശ്ചികമായി ഉടലെടുത്ത ഒരു സൃഷ്ടിയല്ല മനുഷ്യൻ എന്നും വളരെ രസാവഹമായി ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു. ജീവിതിത്തിന്റെ ഉറവിടത്തെക്കുറിച്ചും തുടർന്നുള്ള പരിണാമ ദശകളെക്കുറിച്ചും ഖുർആൻ നൽകിയ വെളിപാടുകളിൽ ഒന്നുപോലും ഖണ്ഡിക്കുവാൻ ശാസ്ത്രത്തിനും, ഇന്ന് നിലവിലുള്ള ശാസ്ത്ര തത്വങ്ങൾക്കും കഴി

ഞ്ഞിട്ടില്ല. ജീവൻ ഉടലെടുക്കുന്നതിന് മൂന്നര ബില്യൻ വർഷങ്ങൾക്ക് മുമ്പ് തന്നെ ഭൗമാന്തരീക്ഷം നിലവിലുണ്ടായിരുന്നു. അന്ന് അന്തരീക്ഷത്തിൽ ഓക്സിജൻ ഉണ്ടായിരുന്നില്ല. അന്ന് പ്രപഞ്ചതാപത്തിൽ നിന്നും ഊർജ്ജം ആഗിരണം ചെയ്ത് ജീവിക്കുന്ന ആർക്കി ബാക്ടീരിയകൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ.

''ഇതിന് മുമ്പേ (മനുഷ്യനെ സൃഷ്ടിക്കുന്നതിന് മുമ്പേ) കഠിനമായ അഗ്നിയിൽ നിന്നും ജിന്നിനെ നാം സൃഷ്ടിച്ചു" (75:28) എന്നും, "ജിന്നുകളെ അഗ്നിജാലകളിൽ നിന്നും അവൻ സൃഷ്ടിച്ചു'' (55:16) എന്നുമുള്ള ഖുർആൻ വാക്യങ്ങൾ ജീവോൽപത്തിയിലെ പൂർവ്വ കണ്ണികളായ "ആർക്കി ബാക്ടീരിയ" എന്ന ഇനം ബാക്ടീരിയകളെയാണ് ഉദ്ദേശിക്കുന്നത്. ഇവ മിന്നൽ പിണറുകളിൽ നിന്നും കോസ്മിക്ക് റേഡിയേഷനിൽ നിന്നും ഊർജ്ജം ആഗിരണം ചെയ്തായിരുന്നു ജീവിച്ചിരുന്നത് എന്നും Dick son എന്ന ശാസ്ത്രജ്ഞൻ പറയുന്നു. നബി വചനങ്ങളിൽ നിന്നും ജിന്ന് എന്ന പദം ഇത്തരം ബാക്ടീരിയകളെ കൂടി പ്രതിനിധാനം ചെയ്തിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. മനുഷ്യസൃഷ്ടിപ്പിന്റെ എത്രയോ മുമ്പു തന്നെ ഇത്തരം അതിസൂക്ഷ്മ ജിന്നുകളെ നാം അഗ്നിയിൽ നിന്ന് സൃഷ്ടിച്ചു എന്ന ഖുർആനിക വെളിപാട് തികച്ചും യുക്തിപൂർവ്വകമായി തന്നെ നിലകൊള്ളുന്നു. ജീവോൽപ്പത്തിക്ക് മുമ്പ് കോടിക്കണക്കിന് വർഷങ്ങളോളം ഭൗമാന്തരീക്ഷത്തിൽ പെറ്റുപെരുകിയ ഇത്തരം സൂക്ഷ്മാണു ജീവികളുടെ മൃതകോശങ്ങൾ വീണടിച്ച് നുരഞ്ഞ് പതഞ്ഞതിന്റെ ഫലമായി ഭൂമിയിലെ ആദിമ കടലുകൾ ജൈവകോശ വളർച്ചക്ക് തയ്യാറെടുത്ത് നിൽക്കുന്ന ദ്രാവക സഞ്ചയമായി (Primordial Soup) തീർന്നിരിക്കാവുന്നതുമാണ്.

അനേകം അമിനോ അമ്ലതന്മാത്രകൾ യോജിച്ചാണ് പ്രൊട്ടീൻ ഉണ്ടാവുന്നത്. വിവിധതരത്തിലുള്ള ഈ പ്രൊട്ടീനുകളാണ് ജൈവശരീര നിർമ്മിതിക്കാവശ്യമായ ചുടുകട്ടകളായി പ്രവർത്തിക്കുന്നത്. പ്രാഥമിക ഭൗമാന്തരീക്ഷ വാതകങ്ങൾ അതിശക്തമായ മിന്നൽ പിണറുകളുടെയും സൂക്ഷ്മതാപ വികിരണങ്ങളുടെയും സാന്നിദ്ധ്യത്തിൽ കടൽ ജലവുമായി നടക്കുന്ന രാസപ്രവർത്തനങ്ങൾ കാരണമായി ജൈവകോശ നിർമ്മിതിക്കാവശ്യമായ പ്രൊട്ടീൻ തന്മാത്രകളായി രൂപപ്പെടുകയായിരുന്നുവെന്നാണ് ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നത്. 1953-ൽ Stanlay Miller നടത്തിയ പരീക്ഷണമാണ് ശാസ്ത്രജ്ഞന്മാരെ ഈ നിഗമനത്തിലെത്തിച്ചത്.

ഏകദേശം ഇതേ കാലഘട്ടത്തിൽ തന്നെ Watson And Crick എന്നീ ശാസ്ത്രജ്ഞന്മാർ ജീവന്റെ അടിസ്ഥാന ശിലകൾ എന്നറിയപ്പെടുന്ന ഡി.എൻ.എയുടെയും ആർ.എൻ.എ.യുടെയും ഘടനാനിഗൂഢതകൾ അനാവരണം ചെയ്യുകയുണ്ടായി. ശൂന്യാകാശത്തിൽ നിന്നും പതിച്ച ഉൽക്കകളിന്മേൽ ചിലശാസ്ത്രജ്ഞന്മാർ അമിനോ അമ്ലങ്ങൾ കണ്ടെത്തുകയുണ്ടായി. ഇതിനെ തുടർന്ന് ജീവന്റെ അടിസ്ഥാന ശിലകളായ അമിനോ അമ്ലങ്ങൾ ആകാശോൽപന്നങ്ങളായി ചിത്രീകരിക്കപ്പെട്ടു.

## കളിമണ്ണിന്റെ സുപ്രധാന ധർമ്മം

ആർക്കി ബാക്ടീരിയകൾ എന്നറിയപ്പെടുന്ന ജിന്നുകൾക്കും സസ്യജാലങ്ങൾ പ്രത്യക്ഷപ്പെട്ട കാലത്തിന്നുമിടക്കുണ്ടായിരുന്ന കാലഘട്ടം ജീവോൽപത്തിക്ക് അനിവാര്യങ്ങളായ പദാർത്ഥങ്ങളുടെ സങ്കലന കാലഘട്ടമായിരുന്നു. ജൈവകോശ നിർമ്മിതിക്ക് ആവശ്യമായ പദാർത്ഥ രൂപീകരണത്തിൽ ജലം ഒരു സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ജലത്തിന്റെ സഹായത്തോടെ രൂപീകൃതമായ ഈ പദാർത്ഥം ജൈവകാർബണിക സംയുക്തങ്ങളടങ്ങുന്ന ഉറഞ്ഞ് കിടക്കുന്ന കളിമണ്ണായിരുന്നു.

കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ അടങ്ങിയ കാർബണിക സംയുക്തത്തോട് (Aldehyde) അമോണിയ കൂടി ച്ചേർന്ന് അമിനോ നൈട്രേറ്റ് ഉണ്ടാകുന്നു. അമിനോ നൈട്രേറ്റിന് ജല വിശ്ലേഷണം സംഭവിച്ച് അമിനോ അമ്ലമാവുന്നു. ഇങ്ങനെ ഉണ്ടാവുന്ന അമിനോ അമ്ലം ജലത്തിൽ തന്നെ സ്ഥിതി ചെയ്യുമ്പോൾ, ഏത് നിമിഷവും അതിനോട് ഒരു ഹൈഡ്രജൻ തന്മാത്ര ചേർന്ന് വീണ്ടും അമിനോ നൈട്രേറ്റ് ആയി മാറാവുന്നതാണ്. ഇത് സംഭവിക്കാതിരിക്കണമെങ്കിൽ അമിനോ അമ്ല തന്മാത്രകൾ ജല കണികകൾ ഇല്ലാത്ത ഒരു വരണ്ട അവസ്ഥയിൽ എത്തേണ്ടിയിരിക്കുന്നു. അമിനോ അമ്ലങ്ങളിൽ നിന്നും കോശനിർമ്മിതിക്ക് ആവശ്യമായ പ്രൊട്ടീനുകളും ന്യൂക്ലിയോടൈഡും ഉണ്ടാവണമെങ്കിൽ അതിൽ നിന്നും ജല തന്മാത്രകൾ നഷ്ടപ്പെടേണ്ടിയിരിക്കുന്നു. എന്നാൽ ജല സാന്നിദ്ധ്യത്തിൽ ഇവ വീണ്ടും പഴയ രാസസംയുക്തങ്ങളായി മാറുകയും ചെയ്യും. ആദിമ കടൽ തിരമാലകൾ ഈ സംയുക്തങ്ങളെ പാറകളിലും, ചെളിയിലും മണ്ണിലും എത്തിച്ചാൽ അവ അവിടെ കിടന്ന് ഉണങ്ങി വരണ്ട് സ്ഥിര സംയുക്തങ്ങളായിത്തീരുന്നതാണ്. ഈ മാറ്റത്തിന് മരത്തിലെ സിലിക്കയും കളിമണ്ണും ഉൽപ്രേരകങ്ങളായി (Catalysis) പ്രവർത്തിക്കുന്നു. CAIRNS SMITH എന്ന ശാസ്ത്രജ്ഞൻ 1966-ൽ അവതരിപ്പിച്ച ഉപന്യാസത്തിന്റെ ആദ്യ ഭാഗത്ത്, സിലിക്കയുടെ സഹായമില്ലാതെ ജൈവസംയുക്ത നിർമ്മിതിക്ക് സഹായിച്ച ഒരേ ഒരു വസ്തു കളിമണ്ണ് മാത്രമായിരുന്നുവെന്ന് സമർത്ഥിക്കുകയുണ്ടായി.

ജലത്തിൽ വെച്ചുള്ള പ്രാഥമിക സംയുക്ത രൂപീകരണത്തിന് ശേഷം ജൈവകോശ രൂപീകരണത്തിനിടയിൽ ഒരു വരണ്ട, നിർജ്ജലാവസ്ഥ കൂടാതെ പ്രൊട്ടീനുകളും ന്യൂക്ലിയോ ടൈഡുകളും ഉണ്ടാവുന്ന ഒരു രാസമാറ്റം ചിന്തനീയമല്ലാത്ത കാര്യം ഇതിൽ നിന്നും വ്യക്തമാവുന്നു.

ജലത്തിൽ നിന്നാരംഭിച്ച് ഉണങ്ങി വരണ്ട ഒരു മദ്ധ്യഘട്ടം തരണം ചെയ്ത ശേഷമാണ് ജീവോൽപ്പത്തിക്ക് പ്രാരംഭം കുറിച്ചതെന്ന അഭിപ്രായ പ്രകടനക്കാരുടെ പക്ഷത്താണ് വിശുദ്ധ ഖുർആൻ നിലകൊള്ളുന്നത്. സാന്ദ്രതയേറിയ പ്രാഗ്രൂപ ദ്രാവകം കളിമൺ പാളികളിൽ പൊതിഞ്ഞ് ചൂളക്ക് വെച്ച മൺപാത്രം

പോലെ മുട്ടിയാൽ മുഴങ്ങുന്ന അവസ്ഥ യിലായിത്തീർന്നു. ജൈവപദാർത്ഥ രൂപീകരണത്തിൽ കളിമണ്ണ് വഹിച്ച സുപ്രധാന ധർമ്മത്തെ NOAM LAHER, DAVID WHITE, SHER WOOD CHANG, എന്നീ ശാസ്ത്രജ്ഞന്മാരുടെ പരീക്ഷണങ്ങൾ കൂടുതൽ ശക്തമായി സ്ഥിരീകരിക്കുന്നുണ്ട്. ഈ സിദ്ധാന്തം ഖുർആനിക പ്രസ്താവനകളോട് വള രെയേറെ സാമ്യം പുലർത്തുന്നു.

"ജീവനുള്ള എല്ലാ വസ്തുക്ക ളെയും നാം ജലത്തിൽ നിന്ന് ഉണ്ടാ ക്കുകയും ചെയ്തു." (21:31)

"അദ്ദേഹത്തെ (ആദമിനെ) അവൻ കളിമണ്ണിൽ നിന്ന് സൃഷ്ടിച്ചു." (3:60)

"അവനത്രെ നിങ്ങളെ കളിമണ്ണിൽ നിന്നും സൃഷ്ടിച്ചത്." (6:3)

"ചൂളക്ക് വെച്ച മൺപാത്രം പോലെ മുട്ടിയാൽ മുഴങ്ങുന്ന വരണ്ട കളിമണ്ണിൽ നിന്നും അവൻ മനുഷ്യനെ സൃഷ്ടിച്ചു." (55:15).

"സത്യമായും മുട്ടിയാൽ ശബ്ദി ക്കുന്ന രൂപപ്പെടുത്തിയ കറുത്ത കളിമ ണ്ണിൽ നിന്നും മനുഷ്യനെ നാം സൃഷ്ടി ച്ചിരിക്കുന്നു." (15:27)

ഓസോൺ പാളികൾ ഇല്ലാത്ത അന്നത്തെ ഭൗമാന്തരീക്ഷം, അൾട്രാ വയലറ്റ് രശ്മികളുടെ അതികഠിനമായ റേഡിയോ വികിരണ താപം ഉണങ്ങി വരണ്ട കളിമൺപാളികളുടെ നേർത്ത ചർമ്മപടലങ്ങൾ ഒന്നിന് മീതെ ഒന്നായി അടുക്കുകളായി ശേഖരിക്കപ്പെ ടുന്നതിന്നിടയാക്കുന്നു. അസംഖ്യം വരുന്ന ഈ പാളികൾ രാസപ്രക്രിയ കൾക്കുള്ള ഊഹാതീതമായ പ്രതലവി സ്തീർണ്ണം പ്രദാനം ചെയ്യുന്നുവെന്ന താണ് മറ്റൊരു പ്രധാന സവിശേഷത. രാസപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഊർജ്ജം സൂക്ഷ്മ താപ വികിരണങ്ങ ളിൽ നിന്നും ആഗിരണം ചെയ്യുവാ നുള്ള കഴിവും ഇത്തരം കളിമൺ പാളി കൾക്കുണ്ടെന്ന് ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിരിക്കുന്നു. (Coyne-University of California)

**അവലംബം:** Revelation, Rationality, Knowledge and Truth-By Hazrath Mirza Tahir Ahmad. ■

---

*(16 -ാം പേജിൽ നിന്ന് തുടർച്ച)*

മതസമൂഹങ്ങളുടെ പ്രശ്നം ഇവിടെ പരിഗണിക്കണമെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നില്ല. പക്ഷേ, സമൂഹത ത്വശാസ്ത്രത്തിന്റെ സെക്കുലർ വീക്ഷ ണപ്രകാരം മതങ്ങളെക്കുറിച്ചു കൂടി ഹ്രസ്വമായി പ്രതിപാദിക്കേണ്ടതുണ്ട്. സാമൂഹ്യശാസ്ത്രജ്ഞന്മാർ മതം ഒരു ദൈവികപ്രതിഭാസമാണെന്ന് കരുതുന്നി ല്ല. അവരുടെ വീക്ഷണകോണിൽ മതം എന്നത് സാമൂഹികമായ പെരുമാറ്റ ത്തിന്റെ (Social behaviour) മറ്റൊരു പ്രക ടനം മാത്രമാണ്.

മതസ്ഥാപനങ്ങളുടെ വികാ സത്തെ സംബന്ധിച്ച് അവരുടെ വീക്ഷണം ശരിയാണെന്നുവെച്ചാൽ തന്നെ എല്ലാ മതസമൂഹങ്ങളും മനു ഷ്യന്റെ സാമൂഹ്യവ്യവസ്ഥയിൽ അതു ല്യസ്ഥാനമലങ്കരിക്കുന്ന ഒരു സ്ഥാപ നമാണ്. അവർ സമൂഹത്തിനും വ്യക്തി ക്കുമെതിരായ വ്യാജ പ്രതിബദ്ധതയുടെ പ്രതീകങ്ങളായിട്ടാണ് സാമൂഹിക ശാസ്ത്രജ്ഞന്മാർ കരുതുന്നത്. സാമൂ ഹ്യശാസ്ത്രജ്ഞന്മാരുടെ ഈ വിലയി രുത്തലിൽ എല്ലാ മതസ്ഥാപകരും അവ രുടെ തന്നെ സൃഷ്ടികളായ ദൈവ ത്തിന്റെ പേരിൽ ബഹുജനത്തെ ബോധ പൂർവ്വം വഞ്ചിച്ച മനോവൈകൃതം ബാധിച്ച പ്രമുഖന്മാരായി കണക്കാക്ക പ്പെടുന്നു. ചിലർക്ക് തീർച്ചയായും മനോവൈകൃതം ബാധിക്കുന്നുണ്ടായി രിക്കാം!

സാമൂഹ്യ ശാസ്ത്രജ്ഞന്മാ രുടെ വീക്ഷണമനുസരിച്ച് മതസ്ഥാപ കന്മാർ സാധാരണക്കാരും നിഷ്കള ങ്കരുമായ പൊതുജനത്തെ ദൈവിക നിയമത്തിന്റെ പേരിൽ ചങ്ങലകളിൽ തളച്ച് ദൈവത്തിന്റെ പേരിൽ സ്വയം നിയമനിർമ്മാണം നടത്തുന്നവരാണ്. അതുകൊണ്ട് മതം എന്നത് ദൈവ ത്തിന്റെ പേരിൽ സ്വയം നന്മക്ക് വേണ്ടി ഭരിക്കുന്ന ഒരു വ്യാജ മതപൗരോഹിത്യ ശ്രേണി മാത്രമാണ്. ഇതാണ് മതസമൂ ഹത്തെ പറ്റി സാമൂഹ്യശാസ്ത്രജ്ഞന്മാ രുടെ ധാരണ. അദ്ധ്വാനിക്കുന്ന വർഗ്ഗത്തെ മയക്കിക്കിടത്തുന്ന മയക്കു മരുന്നാണ് മതം എന്ന അഭിപ്രായമുള്ള കാറൽ മാർക്സ് ഈ വീക്ഷണത്തോട് പരിപൂർണ്ണമായും യോജിക്കുന്നു. അതു കൊണ്ട് ബൂർഷ്വാസിയുടെ നിർദ്ദയമായ ചൂഷണങ്ങൾക്കെതിരെ ഉണർന്നെഴു ന്നേൽ ക്കുക. എല്ലാ മതങ്ങളും അനു ശാസിക്കുന്ന ധർമ്മസംഹിത എന്ന പേരിലുള്ള വീര്യവത്തായ മയക്ക് മരുന്നു നൽകി അദ്ധ്വാനിക്കുന്ന വർഗ്ഗ ത്തെ മയക്കിക്കിടത്തിയിരിക്കുകയാണ്. ഇപ്രകാരം മനുഷ്യസ്വഭാവത്തെ ക്രമപ്പെ ടുത്തുകയും ശാസിക്കുകയും ചെയ്യുന്ന ധാർമ്മികത എന്നത് എപ്പോഴും ദൈവസങ്കല്പവുമായി ബന്ധപ്പെട്ടുകി ടക്കുന്നു. *(Revelation Rationality Knowledge and Truth)* ■

---

*(6 -ാം പേജിൽ നിന്ന് തുടർച്ച)*

കിട്ടിയോ അയാൾക്ക് ബാഹ്യപ്രകാ ശവും ധാരാളം ലഭിക്കുന്നു. (റു. ഖ. വാ. 1, ഭാ. 195, 196, ബറാഹീനെ അഹ്മദി യ്യ).

സർവ്വശക്തനായ അല്ലാഹു ഈ അത്ഭുതപ്രപഞ്ചത്തെ മൂന്നുതരങ്ങളി ലായി വിഭജിച്ചിരിക്കുന്നു. ഒന്നാമത്തേത് കണ്ണുകളും കാതുകളും മറ്റു ബോധേ ന്ദ്രിയങ്ങൾ മുഖേനയും ബാഹ്യോപക രണങ്ങളുടെ സഹായത്താലും അറി യാൻ സാധിക്കുന്ന പ്രത്യക്ഷപ്രപഞ്ചം. രണ്ടാമത്തേത് ബുദ്ധികൊണ്ടും യുക്തി ചിന്തകൊണ്ടും മാത്രം അറിയാൻ സാധിക്കുന്ന പരോക്ഷപ്രപഞ്ചം. മൂന്നാ മത്തേത് പരോക്ഷാൽപരോക്ഷമായ പ്രപഞ്ചം. അത് അതീവ സന്ദിഗ്ധവും അദൃശ്യവും ഭാവനാതീതവുമായ പ്രപ ഞ്ചമാകുന്നു. അതിനെക്കുറിച്ചറിയുന്ന വർ വളരെ കുറച്ചു പേർ മാത്രം. ചിന്തി ച്ചറിയാനാവാത്തതും ഭാവനയിൽ മാത്രം കാണാവുന്നതുമായ ഒരു നിഗൂഢപ്ര പഞ്ചമാണത്. ഈ പ്രപഞ്ചത്തെപ്പറ്റി

*(ശേഷം 23 -ാം പേജിൽ)*

ലേഖനം

# ദൈവവിധി

ഖാലിദ് ശഫീയുല്ലാഹ്

## മനുഷ്യന് കർമ്മം ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ടോ? അതല്ല, അവൻ വിധിക്കനുസൃതമായി മാത്രം പ്രവർത്തിക്കാൻ നിർബന്ധിക്കപ്പെട്ടവനാണോ? (കഴിഞ്ഞ ലക്കം തുടർച്ച)

ചില ആളുകൾ പറയുന്നു, മനുഷ്യന് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് എന്നാൽ മറ്റു ചിലരുടെ വീക്ഷണപ്രകാരം പറയുന്നു മനുഷ്യൻ തഖ്ദീറിന്റെ (ദൈവവിധിയുടെ) ബലിയാട് മാത്രമാണ് എന്ന്.

ഹസ്റത്ത് അഹ്മദ് (അ) പറയുന്നു: 'ദൈവം ഏകനാണ് എന്നതിനെ സംബന്ധിച്ചും എല്ലാറ്റിന്റെയും പ്രഭവസ്ഥാനവും ലക്ഷ്യവും അല്ലാഹുവാണ് എന്ന സിദ്ധാന്തം തെളിയിക്കുവാനും വിശുദ്ധ ഖുർആൻ ചില വസ്തുതകൾ നിരത്തുന്നു. അതിൽ നിന്നും ചില വിഡ്ഢികളായ വിമർശകന്മാർ നിർബന്ധത്തിന്റെ സിദ്ധാന്തം ആവിഷ്കരിക്കുന്നു. അവൻ തന്നെയാണ് കാര്യകാരണങ്ങളുടെ വിധാതാവ്. സർവ്വദാതാവും അവനാണ്. ഈ കാരണങ്ങളാൽ വിശുദ്ധ ഖുർആന്റെ ചില സ്ഥലങ്ങളിൽ മറ്റൊരു ഉപാധിയെ പ്പറ്റിയും പറയാതെ, ദൈവത്തെ എല്ലാ കാരണങ്ങളുടെയും കാരണം എന്ന് വിവരിച്ചിട്ടുണ്ട്.

വിശുദ്ധ ഖുർആൻ ശ്രദ്ധാപൂർവ്വം വായിക്കുകയാണെങ്കിൽ ചില സ്ഥലങ്ങളിൽ ഈ ഉപാധികളെ സംബന്ധിച്ച് വളരെ വ്യക്തമായി പ്രതിപാദിച്ചതായി കാണാം. മനുഷ്യൻ അതുസംബന്ധിച്ച് ഗാഢമായി ചിന്തിക്കേണ്ടിയിരിക്കുന്നു. കൂടാതെ തിന്മ ചെയ്താലുള്ള ശിക്ഷയെ സംബന്ധിച്ചും അതിന്റെ പിഴയെക്കുറിച്ചും വിശുദ്ധ ഖുർആൻ വിവരിക്കുന്നു. ദൈവനിയമവും, ദൈവവിധിയും മാറ്റാൻ പറ്റാത്ത ഒരു വ്യവസ്ഥയാണെങ്കിൽ മനുഷ്യൻ തികച്ചും നിർബന്ധിതനായ ഒരു പരിത:സ്ഥിതിയിലാകണമായിരുന്നു. അങ്ങനെയാണെങ്കിൽ ശിക്ഷകൾക്കും പിഴക്കും എന്ത് നീതീകരണമാണ് ഉണ്ടാവുക'? (9)

തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യന് വലിയൊരളവോളം നൽകപ്പെട്ടിട്ടുണ്ട്. ആയതിനാൽ മനുഷ്യൻ അവന്റെ പ്രവർത്തനങ്ങൾക്ക് ഉത്തരവാദിയാണ്. അവന്റെ നല്ല പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകപ്പെടുകയും അവന്റെ ചീത്ത പ്രവർത്തനങ്ങൾക്ക് ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. എങ്കിലും തിരഞ്ഞെടുക്കാനുള്ള ഈ സ്വാതന്ത്ര്യവും അവന്റെ പൂർണ്ണ നിയന്ത്രണത്തിലല്ല. മനുഷ്യന് ഒരു കാൽ പൊക്കി ഒറ്റക്കാലിൽ നിൽക്കാൻ സാധിക്കും. രണ്ട് കാലും പൊക്കുകയാണെങ്കിൽ ദൈവത്തിന്റെ ഭൂഗുരുത്വനിയമത്തിന് വിധേയമായി അവൻ നിലം പതിക്കും. തീർച്ചയായും ഭൂമിയുടെ ഗുരുത്വാകർഷണശക്തിയെ മറ്റൊരു നിയമം കൊണ്ട് തൽക്കാലത്തേക്ക് അതിജീവിക്കാൻ മനുഷ്യന് കഴിയും. പ്രത്യക്ഷത്തിൽ വൈരുദ്ധ്യമാണെന്ന് തോന്നിക്കുന്ന ഈ രണ്ടു പ്രതിഭാസങ്ങളും അല്ലാഹുവിന്റെ തഖ്ദീറിന്റെ അഥവാ ദൈവവിധിയുടെ പ്രകടനമാണ്. ഒരിക്കൽ ഇസ്ലാമിലെ രണ്ടാം ഖലീഫയായിരുന്ന ഹസ്റത്ത് ഉമർ (റ)ന്റെ കാലത്ത് ഒരു സ്ഥലത്ത് പകർച്ച വ്യാധി പൊട്ടിപ്പുറപ്പെട്ടു. അപ്പോൾ അവിടെ വസിച്ചിരുന്നവരോട് മരുഭൂമിയിൽ അകന്ന് പാർക്കുവാൻ അദ്ദേഹം കൽപ്പിച്ചു. അപ്പോൾ അദ്ദേഹത്തോട് ആളുകൾ ചോദിച്ചു: 'നിങ്ങൾ അല്ലാഹുവിന്റെ തഖ്ദീറിൽ നിന്നും ഓടിപ്പോവുകയാണോ'? ഉമർ (റ) മറുപടി പറഞ്ഞു: 'ഞങ്ങൾ ദൈവത്തിന്റെ ഒരു തഖ്ദീറിൽ നിന്നും മറ്റൊരു തഖ്ദീറിലേക്ക് ഓടിപ്പോവുകയാണ്.'

### പാപവും കുറ്റവും മനുഷ്യപ്രകൃതിയിൽ മുൻകൂട്ടി നിശ്ചയിച്ചതാണോ?

എന്തുകൊണ്ടാണ് ലോകത്ത് കൂടുതൽ കുറ്റങ്ങളും പാപങ്ങളും കാണപ്പെടുന്നത്? മനുഷ്യന്റെ പ്രകൃതിയിൽ പാപം ചെയ്യാനുള്ള പ്രവണത സഹജമാണോ? അതല്ല, മനുഷ്യന്

അനുവദിക്കപ്പെട്ട സ്വാതന്ത്ര്യം അവൻ ദുരുപയോഗം ചെയ്യുന്നതുകൊണ്ടാണോ പാപം സംഭവിക്കുന്നത്? കുറ്റകൃത്യങ്ങളെ മതപരമായ അർത്ഥത്തിൽ പാപം എന്നാണ് വ്യവഹരിക്കപ്പെടുന്നത്. വിവിധതരത്തിലുള്ള ചിന്താപ്രസ്ഥാനങ്ങൾ ഇതുസംബന്ധമായി അവതരിപ്പിക്കുന്ന തത്വശാസ്ത്രം പരിശോധിക്കുന്നത് പ്രസക്തമായിരിക്കും.

(1). ഒരു ചിന്താസരണിയുടെ അഭിപ്രായത്തിൽ മനുഷ്യൻ തിന്മയുടെ ബലിയാടാണ് എന്നാണ്. അതേസമയം തിന്മയിൽ നിന്നും നന്മയിലേക്ക് പോകാനുള്ള തിരുത്തൽ ശക്തിയും സ്വയം സംസ്കരിക്കുവാനുള്ള കഴിവും അവന് നൽകപ്പെട്ടിരിക്കുന്നു. ഇത് ബുദ്ധമത സങ്കല്പമാണ്.

(2) ക്രിസ്തുമത സിദ്ധാന്തപ്രകാരം മനുഷ്യൻ ജന്മനാ പാപിയാണ്. കാരണം ആദം ആദ്യമേ തന്നെ തെറ്റു ചെയ്യുകയും പാപിയായി തീരുകയുമാണുണ്ടായത്. ആദമിന്റെ സന്തതികളിലേക്ക് ആ പാപം പകർന്നു സന്തതികളും പാപികളായിത്തീർന്നു.

(3). മൂന്നാമതായി, മനുഷ്യൻ നന്മയുടെ പ്രകൃതിയോടു കൂടെയോ തിന്മയുടെ പ്രകൃതിയോടെയോ ജനിക്കുന്നില്ല. അവൻ ലോകത്ത് ജനിക്കുമ്പോൾ സ്വാഭാവികമായും ചില ചായ്വുകളും ജന്മവാസനകളും ഉത്തേജനങ്ങളുമാണുള്ളത്. പിന്നീട് അവന് ലഭിക്കുന്ന വിദ്യാഭ്യാസവും സാഹചര്യവുമാണ് അവനെ നല്ലവനും ചീത്തയാളും ആക്കിമാറ്റുന്നത്.

(4). ചില മിസ്റ്റിക്കുകളുടെ വീക്ഷണപ്രകാരം മനുഷ്യന് അവന്റെ ഇച്ഛാശക്തിയും പ്രവർത്തനസ്വാതന്ത്ര്യവും, വിവേചനാധികാരവും, തീരുമാനമെടുക്കാനുള്ള കഴിവും അപഹരിക്കപ്പെട്ടിരിക്കുകയാണ്. അവൻ വെറും വിധിയുടെ നിസ്സഹായനായ ഇരയാണ്. അതായത് അവന് ഒരിക്കലും മറികടക്കാൻ കഴിയാത്ത ചില ഉപാധികളുടെയും സാഹചര്യങ്ങളുടെയും ഇര മാത്രമാണ് മനുഷ്യൻ.

5. ആത്മാക്കളുടെ പുനർജന്മവിശ്വാസത്തെ സംബന്ധിച്ച മുഖ്യസിദ്ധാന്തം മനുഷ്യൻ ഭൂമിയിൽ ജനിച്ചത് അവന്റെ മുൻജന്മ പാപങ്ങളുടെ ഫലമായിട്ടാണ് എന്നാണ്. അതിന്റെ ശുദ്ധീകരണത്തിനായി പല ജന്മങ്ങളും മാറി ജനിക്കേണ്ടതുണ്ട്.

ഈ സിദ്ധാന്തങ്ങൾ മനുഷ്യജന്മത്തിലെ അന്തരങ്ങൾ, ജീവിതയാതനകൾ, പരാജയങ്ങൾ, പ്രകൃതിദുരന്തങ്ങൾ, പാപം മുതലായവ കാര്യങ്ങളെല്ലാം വിശദീകരിക്കുന്നത് മനുഷ്യൻ ജനിക്കുന്നതിന് മുമ്പ് അതെല്ലാം വിധിച്ചിരിക്കുന്നു എന്ന രീതിയിലാണ്. അതുകൊണ്ട് അവയെല്ലാം മനുഷ്യനിയന്ത്രണത്തിന്നതീതമാണ്. പക്ഷേ ഈ സിദ്ധാന്തങ്ങളെല്ലാം അത് നൽകുന്ന ഉത്തരങ്ങളേക്കാൾ കൂടുതൽ ചോദ്യങ്ങൾ ഉയർത്തുകയാണ് ചെയ്യുന്നത്. ചില ചോദ്യങ്ങൾ താഴെ ചേർക്കാം:

A. ജന്മജാതമായ വൈജാത്യങ്ങളെപ്പറ്റി തൃപ്തികരമായ മറ്റുചില വിശദീകരണങ്ങൾ ഇപ്പോൾ നമുക്ക് ലഭ്യമാണ്. വൈദ്യശാസ്ത്രം പറയുന്നത്, ചില ജന്മജാത ജനിതകരോഗങ്ങൾ ഭ്രൂണാവസ്ഥയിൽ തന്നെ ചികിത്സിച്ചു മാറ്റാമെന്നാണ്. ജന്മനായുള്ള വ്യത്യസ്തതകൾ പ്രകൃതിനിയമങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ് എന്നാണ് അത് സംബന്ധിച്ചുള്ള കൂടുതൽ യുക്തിപരമായ വിശദീകരണം. ഒരു മനുഷ്യനിലുള്ള ജനിതക വസ്തുക്കൾ കോടാനുകോടി സെല്ലുകളിലുള്ളതാണ്. അൻപതിനായിരം മുതൽ ഒരു ലക്ഷം വരെയുള്ള ജീനുകളുടെ വിന്യാസം അവയുടെ വളർച്ചയും ധർമ്മവും നിർണ്ണയിക്കുന്നു എന്ന കാര്യം ഏറെക്കുറെ വ്യക്തമായിട്ടുണ്ട്. ജീനുകൾ സുദീർഘമായ കാര്യകാരണ പരമ്പരയിലെ കണ്ണികൾ മാത്രമാണ്.

B. ഈ ലോകത്ത് മനുഷ്യൻ അവന്റെ മുൻജന്മ കർമ്മഫലങ്ങൾ ക്കുള്ള ശിക്ഷ അനുഭവിക്കാനാണ് ജനിക്കുന്നതെങ്കിൽ എന്തുകൊണ്ട് മനുഷ്യൻ ശിശുവായിരിക്കുമ്പോഴോ ഗർഭാവസ്ഥയിലോ മരണപ്പെടുന്നു? ദൈവം തന്നെ നൽകിയ പുതിയ ജീവിതത്തിൽ ശിക്ഷിച്ച് സംസ്ക്കരിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ ശൈശവമരണം മൂലം അത് പരാജയപ്പെടുന്നു. ദൈവത്തിന്റെ പദ്ധതി പരാജയപ്പെടുന്നതാണോ?

C. ഒരാൾക്കും തന്നെ ആത്മഹത്യ ചെയ്യാനോ മറ്റൊരാളെ കൊല്ലാനോ ശരീരത്തിനകത്തെ ആത്മാവിനെ മോചിപ്പിക്കാനോ സാധിക്കാതെ വരേണ്ടതല്ലേ?

D. ഒരു ദരിദ്രനോ രോഗിയോ അവന്റെ ശിക്ഷ എന്ന നിലക്ക് വിധിക്ക് വിധേയനായതാണെങ്കിൽ അവൻ ഒരിക്കലും തന്നെ കാര്യകാരണ നിയമത്തിന് വിധേയനാകുന്നില്ല. അതായത് അവൻ എത്ര കഠിനാദ്ധ്വാനം ചെയ്താലും പണക്കാരനാവില്ല. അതുപോലെ എത്ര ചികിത്സിച്ചാലും രോഗം സുഖപ്പെടുകയുമില്ല.

E. ചിലപ്പോൾ ഒരു ഇഞ്ചക്ഷൻ എടുത്താലോ ആന്റിബയോട്ടിക് ഗുളിക കഴിച്ചാലോ നിരവധി രോഗാണുക്കൾ ചത്തൊടുങ്ങുന്നു. അങ്ങനെ ചത്തതിനുശേഷം ആ ബാക്ടീരിയകൾ മനുഷ്യരൂപത്തിൽ പുനർജനിക്കുമെന്ന് വിശ്വസിക്കാൻ എങ്ങനെ കഴിയും? ഈ സൂക്ഷ്മാണുക്കളാണ് ഏറ്റവും എളുപ്പത്തിൽ ഭൂമിയിൽ ശിക്ഷക്ക് വിധേയമാവുന്നത്. അവയാകട്ടെ സ്വന്തം ഇച്ഛാശക്തികൊണ്ടല്ല തെറ്റ് ചെയ്യുന്നത്.

F. ആത്മാക്കളുടെ പുനർജന്മസ്ഥലമാണ് നമ്മുടെ ഗ്രഹം എന്ന് വിശ്വസിക്കുകയാണെങ്കിൽ ഈ ഗ്രഹത്തിലെ ജീവിലോകം പാപവുമായി കടപ്പെട്ടിരിക്കുന്നു. പാപങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഇവിടെ മൃഗങ്ങളും, ബാക്ടീരിയയും സസ്യജാലങ്ങൾ പോലും ഇല്ലാതാവുമായിരുന്നു.

പരിണാമ സിദ്ധാന്തപ്രകാരം മനുഷ്യൻ വളരെ അടുത്തകാലത്താണ് ഭൂമിയിൽ നിലവിൽ വന്നത്. അതിന്നു മുമ്പുതന്നെ ഇവിടെ മൃഗങ്ങളുണ്ടായിരുന്നു. പരിണാമ സിദ്ധാന്തം പുനർജന്മത്തിൽ വിശ്വസിക്കുന്നവർക്ക് വരെ നിഷേധിക്കാൻ സാധിക്കാത്ത തെളിവുകൾ സമർപ്പിക്കുന്നുണ്ട്. അപ്പോൾ മനുഷ്യൻ ജനിക്കുന്നതിന് മുമ്പ് തന്നെ ഭൂമിയിൽ ഉണ്ടായിരുന്ന മൃഗങ്ങൾ ആരുടെ മുൻജന്മ പാപത്തിന്റെ ഫലമായി

പുനർജനിച്ചതാണ്?

എല്ലാ മതങ്ങളും ദൈവത്തിൽ നിന്നുള്ളതാണെന്ന് ഞാനിവിടെ പറയാനാഗ്രഹിക്കുന്നു. അതിന്റെ സ്ഥാപകരെല്ലാം പ്രവാചകന്മാരാണ്.

'തീർച്ചയായും സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നൽകുന്നവനുമായി സത്യസമേതം നാം നിന്നെ അയച്ചിരിക്കുന്നു. ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല (35:25).'

ഇതനുസരിച്ച് പ്രവാചകന്മാർ എല്ലാ ജനസമുദായങ്ങളിലും ആവിർഭവിച്ചിട്ടുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. മോശേ (അ) യേശു (അ) കൃഷ്ണൻ (അ), സൊറോസ്റ്റർ (അ), കൺഫ്യൂഷ്യസ് (അ), ബുദ്ധൻ (അ) എല്ലാവരും തന്നെ ദൈവത്തിന്റെ ബഹുമാന്യരായ പ്രവാചകന്മാരാണ്. മനുഷ്യന്റെ കർമ്മങ്ങൾക്ക് ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ മരണാനന്തര ലോകത്ത് വെച്ച് കണക്ക് പറയേണ്ടിവരുമെന്ന് എല്ലാ മതങ്ങളും വിശ്വസിക്കുന്നു. അതുകൊണ്ട് എല്ലാ മതങ്ങളിലുമുള്ള പൊതുവായ ദിവ്യസന്ദേശം മരണത്തോടുകൂടി മനുഷ്യജീവിതം അവസാനിക്കുന്നില്ല എന്നാണ്. മനുഷ്യൻ പരലോകത്ത് തുടർന്നും ജീവിക്കുന്നു. ഈ ലോകത്ത് നിങ്ങൾ ഏതൊരു തരത്തിലുള്ള സ്വഭാവ ഗുണങ്ങളാണോ ആർജിച്ചത് അതേപോലെയുള്ള ആത്മീയ ജീവിതം പരലോകത്തും ലഭിക്കുന്നതാണ്. മനുഷ്യന്റെ സ്വഭാവഗുണങ്ങൾക്കനുസരിച്ച് ചിലപ്പോൾ മനുഷ്യർ സ്വപ്നത്തിലും ദർശനങ്ങളിലും സാദൃശ്യത്തിൽ മൃഗങ്ങളായി കാണാറുണ്ട്. കാലക്രമേണ അത്തരത്തിലുള്ള ദർശനാനുഭവങ്ങളും അദ്ധ്യാപനങ്ങളും പുനർജന്മസിദ്ധാന്തമായി മാറിയതായിരിക്കാം. മനുഷ്യപ്രകൃതിയെക്കുറിച്ച് ഖുർആൻ പറയുന്നു: 'നാം മനുഷ്യനെ ഏറ്റവും നല്ല നിലയിൽ സൃഷ്ടിച്ചിരിക്കുന്നു. പിന്നെ നാം അവനെ അധമരിൽ അധമനാക്കിമാറ്റുന്നു.' (95: 5-6)

നന്മ ചെയ്യാനുള്ള പ്രവണതയോടെ മനുഷ്യൻ പരിശുദ്ധനായും നിർമ്മലനായും ജനിക്കുന്നു എന്നാണ് ഇസ്‌ലാമിക വീക്ഷണം. അതോടൊപ്പം തന്നെ അവനിച്ഛിക്കുംവിധം അവനെ സ്വയം രൂപപ്പെടുത്തിയെടുക്കാനുള്ള ധാരാളം സ്വാതന്ത്ര്യവും മനുഷ്യന് നൽകിയിരിക്കുന്നു. അളവറ്റ രീതിയിൽ ധാർമ്മിക ഗുണങ്ങൾ വളർത്തിയെടുക്കാനുള്ള മഹത്തായ കഴിവുകൾ അവന്റെ പ്രകൃതിയിൽ തന്നെ ദൈവം നൽകിയിരിക്കുന്നു. ദൈവിക ഗുണങ്ങൾ പ്രതിഫലിക്കുന്ന ഒരു ദർപ്പണം പോലെ ആയിത്തീരാനുള്ള ആത്മീയ ശക്തിയിലേക്ക് അവന് ഉയർന്നുപോകാവുന്നതാണ്. പക്ഷേ, ദൈവം അവന് ദാനം നൽകിയ കഴിവുകളും ഗുണങ്ങളും ദുരുപയോഗം ചെയ്യുകയാണെങ്കിൽ അവൻ മൃഗങ്ങളേക്കാൾ താഴ്ന്നനിലയിലേക്ക് അധഃപതിക്കുകയും പിശാചിന്റെ അവതാരമായി തീരുകയും ചെയ്യും. നിർഭാഗ്യകരമെന്നു പറയട്ടെ, ഇക്കാലത്തെ മനുഷ്യൻ ദൈവം നൽകിയ മഹത്തായ കഴിവുകളും ഗുണങ്ങളും ദുരുപയോഗപ്പെടുത്തുകയാണ്. ഇതിന്റെ ഫലമായി കുറ്റങ്ങളും പാപങ്ങളും വർദ്ധിക്കുന്നു. യുദ്ധങ്ങളും, ക്രൂരതകളുമുണ്ടാകുന്നു. അനീതിയും പക്ഷപാതിത്വങ്ങളും ഉടലെടുക്കുന്നു. മനുഷ്യൻ അവന്റെ കർമ്മങ്ങൾക്ക് തന്നെ ഉത്തരവാദിയാണ്. ദൈവവിധിയെയും നിയതിയെയും പഴിക്കുന്നത് തികച്ചും തെറ്റാണ്.

## ദൈവത്തിന്റെ അനന്തമായ ജ്ഞാനവും ദൈവവിധിയും

മനുഷ്യർ നിർബന്ധപൂർവ്വം വിധിയുടെ ബലിയാടായിക്കൊണ്ട് മുൻവിധിപ്രകാരം പ്രവർത്തിക്കാൻ വിധിക്കപ്പെട്ടവനാണ് എന്ന സിദ്ധാന്തത്തിൽ വിശ്വസിക്കുന്നവർ ദൈവത്തിന്റെ അനന്തമായ ജ്ഞാനവും ദൈവവിധിയും തമ്മിലുള്ള വേർതിരിവ് മനസ്സിലാക്കാൻ കഴിയാതെ ആശയക്കുഴപ്പത്തിൽ അകപ്പെട്ടിരിക്കുകയാണ്. ദൈവത്തിന്റെ ഒരു ഗുണം അലിം എന്നാണ്. അതായത്, എല്ലാ ലോകങ്ങളെയും എല്ലാ കാലങ്ങളെയും ചൂഴ്ന്നുനിൽക്കുന്ന കേവലവും അനന്തവുമായ ജ്ഞാനമുള്ളവൻ എന്നാണ്. അതുകൊണ്ട് ഭൗതികവും ആത്മീയവുമായ നിയമത്തിന്റെ പ്രവർത്തനഫലമായി എന്താണ് ഭാവിയിൽ സംഭവിക്കുക എന്ന് അവന് പൂർണ്ണമായും അറിയാവുന്നതാണ്.

ദൈവത്തിന്റെ മറ്റൊരു ഗുണം 'ഖാദിർ' എന്നാണ്. 'മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് അനുസൃതമായ രീതിയിൽ ഫലങ്ങളുണ്ടാക്കുന്ന വിധം നിയമങ്ങൾ സംവിധാനിച്ചവൻ എന്നാണ് ഇതിനർത്ഥം. ഈ രണ്ട് ഗുണങ്ങളും രണ്ട് വ്യത്യസ്ത മേഖലകളിലാണ് പ്രവർത്തിക്കുന്നത്. ദൈവത്തിന്റെ കേവലവും അനന്തവുമായ ജ്ഞാനം നിർബന്ധപൂർവ്വം മറ്റൊന്നിനെ സ്വാധീനിക്കില്ല. ദൈവം അങ്ങനെ ചെയ്യുകയാണെങ്കിൽ ഒരാൾക്കും തന്നെ അവന്റെ പ്രവർത്തനങ്ങൾക്ക് ഉത്തരവാദിത്തം ഏറ്റെടുക്കാൻ സാധ്യമല്ല. ഉദാഹരണത്തിന് കള്ളൻ കളവ് ചെയ്യുമെന്ന് ദൈവം അറിഞ്ഞിട്ടുള്ളതിനാൽ വാസ്തവത്തിൽ കള്ളനല്ല കളവ് ചെയ്യുന്നതെന്നാണ് ചിലരുടെ വാദം. കള്ളൻ കളവ് ചെയ്യും എന്ന കാര്യം ദൈവം അറിഞ്ഞിട്ടുണ്ട് എന്നത് കാരണമാണ് കള്ളൻ കളവ് നടത്തിയത് എന്നാണ് ഇക്കൂട്ടരുടെ ന്യായം. നമുക്കിത് ഒന്ന് വിശകലനം ചെയ്യാം. ഉദാഹരണത്തിന് ചില വിദ്യാർത്ഥികൾ പരീക്ഷ എഴുതുകയാണ്. പരീക്ഷകൻ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഉത്തരം തെറ്റായി എഴുതുന്ന ഒരു വിദ്യാർത്ഥി തോറ്റുപോകുമെന്ന് അദ്ദേഹം മനസ്സിലാക്കുന്നു. വിദ്യാർത്ഥി തോറ്റുപോകുമെന്ന പരീക്ഷകന്റെ അറിവു കാരണമാണ് വിദ്യാർത്ഥി തോറ്റതെന്ന് പറയാനൊക്കുമോ? പരീക്ഷകന് വിദ്യാർത്ഥിയുടെ തെറ്റ് ചൂണ്ടിക്കാണിച്ചു കൊടുക്കാൻ പറ്റുമോ? അദ്ദേഹം അങ്ങനെ ചെയ്താൽ വിദ്യാർത്ഥി സമ്മാനത്തിന് അർഹനാവുകയില്ലല്ലോ? (12)

## ഉപസംഹാരം

തഖ്ദീർ അഥവാ ദൈവവിധി എന്നത് പ്രത്യക്ഷവും പരോക്ഷവും ഭൗതികവും ആത്മീയവുമായ നിരവധി വസ്തുതകളുമായും നിർവ്വാഹകരുമായും ഉള്ള പ്രവർത്തന-പ്രതിപ്രവർത്ത

നങ്ങളുടെ അന്തിമഫലമാണ്. അത് മനുഷ്യന്റെ ധാരണക്കതീതമായ അതീവ സങ്കീർണ്ണമായ ഒരു പ്രക്രിയയാണ്. അതിന്റെ നിർവ്വഹണത്തിൽ പങ്കെടുക്കുന്ന ഘടകങ്ങൾ മാറുകയാണെങ്കിൽ ഫലവും മാറുന്നതാണ്. ഇതിനെയാണ് മാറ്റപ്പെടാവുന്ന തഖ്ദീർ (ദൈവവിധി) എന്ന് വിളിക്കുന്നത്. ആത്മീയവും, ഭൗതികവുമായ ലക്ഷ്യങ്ങൾക്ക് വേണ്ടി സാധ്യമായ എല്ലാ ഉപാധികളിലൂടെയും പരിശ്രമിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. ദൈവത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ടും പ്രാർത്ഥനയിലൂടെ നമ്മുടെ പ്രയത്നങ്ങളെ നാം സഹായിക്കേണ്ടതുണ്ട്. അങ്ങനെയാണെങ്കിൽ ദൈവം നമുക്കനുകൂലമായി ഏറ്റവും ഉചിതമായി അതിന്റെ ഫലം വെളിപ്പെടുത്തുന്നതാണ്. നമ്മുടെ ബലഹീനതകളെ ദൈവത്തിന്റെ കാരുണ്യം വലയം ചെയ്യും എന്ന് കൂടി ഒരാൾ വിശ്വസിക്കണം. പ്രത്യേകമായി ഓർക്കേണ്ടത് പ്രാർത്ഥനയോട് ബന്ധപ്പെട്ട കാര്യങ്ങൾ സഫലമാവാൻ ചിലപ്പോൾ അവന്റെ ഇച്ഛകൾക്കനുസരിച്ച് നാം വഴങ്ങേണ്ടതുണ്ട് എന്നാണ്. ചിലപ്പോൾ അർത്ഥകന്റെ പ്രാർത്ഥനകൾ ദൈവത്തിന്റെ ദാസൻ എന്ന നിലക്ക് അവൻ നൽകുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അവൻ തന്റെ ദാസനോട് ഒരു സ്നേഹിതനെപ്പോലെ പെരുമാറുന്നു. മനുഷ്യൻ ദൈവത്തിൽ പൂർണമായി വിശ്വസിക്കുകയും അവന്റെ ഇച്ഛക്ക് വഴങ്ങുകയും അവൻ നൽകുന്നതെല്ലാം സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.'

മുഹമ്മദ് നബി(സ)യുടെ ഒരു വചനപ്രകാരം വിശ്വാസിക്ക് ചിലപ്പോൾ പനി വരുകയാണെങ്കിൽ അത് അവന്റെ ഭൂമിയിലെ നരകമാണ്. ഈ തത്ത്വം എല്ലാ മനുഷ്യദുരിതങ്ങൾക്കും ആരോപിക്കാവുന്നതാണ്. അതെല്ലാം തന്നെ അവന്റെ കർമ്മഫലമായി തന്നെ അവന് വന്നുഭവിക്കുന്നതാണ്. അല്ലെങ്കിൽ ആ ദുരിതങ്ങൾ അവനെ ശുദ്ധീകരിക്കുകയും അവന്റെ ആത്മീയ നില ഉയർത്തി സ്രഷ്ടാവുമായി അടുപ്പിക്കുകയും ചെയ്യുന്നു. ഈ ലോകത്തിന്നും പരലോകത്തിന്നും മദ്ധ്യേ ചെലവിന്റേയും വരവിന്റേയും വലിയൊരു വ്യവസ്ഥ പ്രവർത്തിക്കുന്നുണ്ട്. പരലോകവുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ ഈ ലോകജീവിതം തുച്ഛമാണ്. ദീനിതത്ത്വങ്ങൾ പൂർണ്ണമായും ഇവിടെ പ്രാവർത്തികമാവുന്നു എന്ന് കരുതുന്നത് മൗഢ്യമാണ്. പരലോകജീവിതമാകട്ടെ ഈ ലോക ജീവിതത്തേക്കാൾ ഉന്നതരൂപത്തിലുള്ളതാണ്. നമ്മുടെ ഗർഭസ്ഥജീവിതത്തെ അപേക്ഷിച്ച് ജനിച്ചതിന് ശേഷമുള്ള ജീവിതം എത്രമാത്രം ഉന്നതമാണോ അതേ പ്രകാരം പരലോകം വളരെ ഔന്നത്യമുള്ളതാണ്. വിവിധ ദശകളുള്ളതാണത്. ഓരോ പരിണാമദശകളും മുമ്പത്തേതിനേക്കാൾ പുരോഗമനപരമാണ്. ഈ ലോകം നീതിയുടെ സർവ്വ മുഖങ്ങളും പ്രകടിപ്പിക്കാൻ അപര്യാപ്തമാണ്. വിശുദ്ധ ഖുർആൻ പ്രകാരം പരലോകജീവിതത്തിന്റെ പ്രതിഛായക്ക് പോലും മൂന്നുമാനങ്ങളുണ്ട്. അവ നമുക്ക് ഇവിടെ വെച്ച് സങ്കല്പിക്കാൻ പോലും സാധ്യമല്ല. ദൈവം അവന്റെ അനന്തമായ ജ്ഞാനം കൊണ്ട് നീതിയുടെ സമ്പൂർണ്ണ നിർവ്വഹണം ന്യായവിധി നാളിൽ നടപ്പാക്കുന്നതാണ്.

ആ ന്യായവിധിനാളിൽ നമ്മുടെ യഥാർത്ഥത്തിലുള്ള ഉദ്ദേശ്യങ്ങൾ, പ്രവർത്തനങ്ങൾ, നന്മകളും തിന്മകളും, സ്രഷ്ടാവിനോടും സൃഷ്ടിയോടുമുള്ള കടപ്പാടുകൾ, നമ്മുടെ പരസ്പര ബന്ധങ്ങൾ, സ്വഭാവശീലങ്ങൾ, എല്ലാംതന്നെ ന്യായവിധിക്ക് വിധേയമാവുകയും പ്രതിഫലം നൽകപ്പെടുകയും ചെയ്യുന്നതാണ്. തഖ്ദീർ, ദൈവവിധി, മുൻവിധി, മുതലായവയെല്ലാം ദൈവത്തിന് വിടുക. അതെല്ലാം അവന്റേതു മാത്രമാണ്. നമ്മെ സംബന്ധിച്ചേടത്തോളം ഏറ്റവും അഭികാമ്യമായിട്ടുള്ളത് ഋജുവായ മാർഗ്ഗത്തിൽ ചരിക്കുക എന്നതാണ്.

---

9. Essence of Islam - P. 263.

10. തഫ്സീർ കബീർ - ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

11. Holy Quran - Translation & commentary P. 2849.

12. തക്ദീറെ ഇലാഹി - ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

■

*(19 -ാം പേജിൽ നിന്ന് തുടർച്ച)*

'കശ്ഫ്' (ദിവ്യദർശനം) 'വഹ്യ്' (ദിവ്യവെളിപാടുകൾ), 'ഇൽഹാം' (ദിവ്യബോധനം) എന്നിവ മുഖേനയാണ് അറിയാൻ കഴിയുക. മറ്റൊരു മാർഗ്ഗത്തിലും അതറിയാൻ കഴിയുന്നതല്ല. ആദ്യത്തെ രണ്ടു തരത്തിൽപെട്ട ലോകങ്ങളെക്കുറിച്ച് അന്വേഷിച്ചറിയുന്നതിന് മുകളിൽ പറഞ്ഞപ്രകാരം മനുഷ്യന് വിവിധങ്ങളായ മാധ്യമങ്ങളും ശക്തികളും നൽകി അനുഗ്രഹിച്ചിരിക്കുന്നു എന്നത് പ്രകൃതിയിൽ കാണപ്പെടുന്ന മാറ്റമില്ലാത്ത ദൈവനീതിയിലൂടെ സ്ഥാപിച്ചു കഴിഞ്ഞതാണ്. ഇപ്രകാരം തന്നെ ഈ തൃതീയ ലോകത്തെക്കുറിച്ചറിയുന്നതിനും ആ അനുഗ്രഹമൂർത്തി മനുഷ്യർക്കായി ഒരു വഴി നിശ്ചയിച്ചിരിക്കുന്നു. അത് 'ഇൽഹാ'മും 'വഹ്യും' 'കശ്ഫും' ആണ്. അത് ഒരു കാലത്തും പൂർണ്ണമായും നിലച്ചുപോകയോ അവസാനിച്ചുപോകയോ ചെയ്യാവതല്ല. അതിന്റെ നിബന്ധനകൾ പൂർത്തിയാക്കുന്നവർ എക്കാലത്തും അത് പ്രാപിച്ചു പോന്നിട്ടുണ്ട്; എല്ലാ കാലത്തും പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

***(റൂ. ഖ. വാ. 2, ഭാ. 127, 128, സുർമച ശ്മയെ ആര്യ).*** ■

## സുകൃതവാന്മാർക്ക് സന്തോഷവാർത്ത

സത്യദൈവത്തിൽ വിശ്വസിക്കുകയും പൂർണ്ണഭക്തിയോടും സ്ഥിരതയോടും കൂടി വർത്തിക്കുകയും ചെയ്യുന്നവരിൽ സ്വർഗ്ഗദൂതന്മാരായ മലക്കുകൾ ഇറങ്ങി അവർക്കു ഇപ്രകാരം സന്ദേശം നൽകുന്നു: 'നിങ്ങൾ ഭയപ്പെടുകയോ മന:സ്താപപ്പെടുകയോ അരുത്' നിങ്ങൾക്കു വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ്ഗം നിങ്ങൾക്കുള്ളതാകയാൽ സന്തോഷിപ്പിൻ.'

***വി. ഖുർആൻ (41:30).***

ലേഖനം

# വിശുദ്ധ ഖുർആനിലെ ചില പ്രവചനങ്ങൾ

ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**വിശുദ്ധ ഖുർആനിൽ നിരവധി പ്രവചനങ്ങൾ അടങ്ങിയിരിക്കുന്നു. അവയിൽ ചിലത് പുലർന്നിരിക്കുന്നു. ചിലത് ഇനിയും പൂർത്തിയാവാനുണ്ട്.**

വിശുദ്ധ ഖുർആന് മുമ്പ് അവതരിച്ച വേദഗ്രന്ഥങ്ങളിൽ വിശുദ്ധ ഖുർആനെ സംബന്ധിച്ച പ്രവചനങ്ങൾ ഉണ്ട്. എന്നാൽ, ഖുർആനിൽ പ്രവചനങ്ങൾ ഒന്നും തന്നെയില്ല എന്ന് പാശ്ചാത്യ എഴുത്തുകാർ ആരോപണ മുന്നയിച്ചിട്ടുണ്ട്. അതു ശരിയല്ല. മനുഷ്യൻ ഇതുവരെ കൈവരിച്ചിട്ടില്ലാത്ത വിജ്ഞാനം വിശുദ്ധഖുർആൻ മുഖേന ആർജ്ജിക്കുമെന്ന പ്രവചനമാണ് ഹിറാ ഗുഹയിൽ വെച്ച് തിരുനബി(സ)ക്ക് അവതരിച്ച ആദ്യത്തെ വെളിപാടിൽ തന്നെ ഉൾക്കൊണ്ടിരിക്കുന്നത്. പൂർവ്വ വേദഗ്രന്ഥങ്ങളിൽ കടന്നുകൂടിയ നിരവധി പ്രമാദങ്ങൾ വിശുദ്ധ ഖുർആൻ ചൂണ്ടിക്കാണിക്കുന്നത് നാം കാണുന്നു. വിശുദ്ധ ഖുർആന്റെ കണ്ടെത്തലുകൾ ശരിയാണെന്ന് പിന്നീടുണ്ടായ സംഭവങ്ങൾ തെളിയിക്കുകയും ചെയ്യുന്നു. ഉദാഹരണമായി, ഫിർഔൻ മുങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ശരീരം രക്ഷിക്കപ്പെട്ടുവെന്നും ഭാവി തലമുറകൾക്ക് ഒരു ദൃഷ്ടാന്തമായി അത് സംരക്ഷിക്കപ്പെടുമെന്നും വിശുദ്ധ ഖുർആനിൽ പറയപ്പെട്ടിരിക്കുന്നു.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

"നാം ഇസ്റായീൽ സന്തതികളെ സമുദ്രം കടത്തിവിട്ടു. അപ്പോൾ ഫിർഔനും അവന്റെ സൈന്യങ്ങളും അക്രമപരമായും വിദ്വേഷപരമായും അവരെ പിന്തുടർന്നു. ഒടുവിൽ മുങ്ങിമരിക്കുന്ന (വിപത്ത്) അവനെ പിടികൂടിയപ്പോൾ അവൻ പറഞ്ഞു: 'ബനൂ ഇസ്രായീൽ വിശ്വസിച്ചിട്ടുള്ള ദൈവമല്ലാതെ മറ്റൊരു ദൈവമില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ അനുസരണമുള്ളവരിൽ പെട്ടവനുമാകുന്നു.' (നാം പറഞ്ഞു) 'എന്ത്! ഇപ്പോഴോ? മുമ്പേ നീ ധിക്കരിച്ചിരുന്നു. നീ കുഴപ്പക്കാരിൽ പെട്ടവനുമായിരുന്നു.

'അതിനാൽ നിന്റെ ജഡത്താൽ (മാത്രം) നാം ഇന്ന് നിന്നെ രക്ഷപ്പെടുത്തുന്നു. നിന്റെ പുറകെയുള്ളവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കുവാൻ വേണ്ടി തീർച്ചയായും. മനുഷ്യരിൽ അധികം പേരും നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് അശ്രദ്ധരാണ്' (10:91–93)

അതായത് അല്ലാഹു ഇസ്രായീല്യരെ സുരക്ഷിതമായി കടൽ കടത്തി. ഫിർഔനും പട്ടാളവും അക്രമപരമായും വിദ്വേഷപരമായും അവരെ പിന്തുടർന്നു. ഈ പിന്തുടരൽ അവർ മുങ്ങിമരിക്കുന്നതുവരെ തുടർന്നു. ആ നിമിഷത്തിൽ ഫിർഔൻ പറഞ്ഞു: 'ബനൂ ഇസ്രായീൽ വിശ്വസിച്ചിട്ടുള്ള ദൈവമല്ലാതെ മറ്റൊരു ദൈവമില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ അനുസരണമുള്ളവരിൽ പെട്ടവനുമാകുന്നു.' അപ്പോൾ ദൈവം കല്പിച്ചു. "നീ ഇപ്പോഴാണോ വിശ്വസിക്കുന്നതു? ഇതിനു മുമ്പ് നീ അനുസരണക്കേടിലും വഴികേടിലും മുഴുകിയിരുന്നുവല്ലോ?" ഈ അവസാന നിമിഷത്തിനുപകരമായി നാം നിന്റെ ശരീരത്തെ മാത്രം നാശത്തിൽ നിന്ന് രക്ഷിക്കും, അതുമുഖേന വരുംതലമുറകൾക്ക് ഒരു ദൃഷ്ടാന്തമായിരിക്കാൻ വേണ്ടി. സത്യത്തിൽ മനുഷ്യരിൽ ബഹുഭൂരിപക്ഷവും നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് അശ്രദ്ധരാണ്." ഈ സംഭവം ബൈബിളിലോ യഹൂദചരിത്രത്തിലോ അക്കാലത്തെ ആധികാരിക രേഖകളിലോ വിവരിക്കപ്പെട്ടിട്ടില്ല. പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പ് വിശുദ്ധ ഖുർആൻ ഇതിനെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്നു. പതിമൂന്നു നൂറ്റാണ്ടുകൾക്കു ശേഷം ഈ ഫിർഔന്റെ ശരീരം കണ്ടെത്തുകയും മുങ്ങിമരിച്ചശേഷം ആ ശരീരം വീണ്ടെടുക്കപ്പെടുകയും എംബാം ചെയ്ത് സംരക്ഷിക്കപ്പെടുകയും ചെയ്തിരിക്കുകയാണെന്ന് സംശയലേശമെന്യേ സ്ഥാപിക്കപ്പെട്ടിരിക്കയാണ്. ഔഷധലേപനം ചെയ്തിരുന്നുവെങ്കിലും മൂസാനബിക്ക് ശേഷം ഈജിപ്തിലുണ്ടായ പ്രക്ഷോഭങ്ങൾ കൊണ്ട

വ നശിച്ചുപോവേണ്ടതായിരുന്നു. എന്നാൽ ഒരു ദൃഷ്ടാന്തമാവാനും മനുഷ്യർക്ക് ഒരു പാഠമാവാനും വിശുദ്ധ ഖുർആന്റെ സത്യം ഒന്നുകൂടി ഉറപ്പിക്കാനും വേണ്ടിയും അത് സംരക്ഷിക്കപ്പെട്ടിരിക്കയാണ്.

തിരുനബി(സ)യ്ക്ക് ആദ്യകാലത്തുണ്ടായ വെളിപാടുകളിലൊന്നിതാണ്:

രാവിനെക്കൊണ്ടു സത്യം; അത് മൂടി മറയ്ക്കുമ്പോൾ (92:2). അതിന്റെ അർത്ഥം, അല്ലാഹു രാത്രിയെ സാക്ഷിയാക്കുന്നത്, ഇസ്‌ലാം തുടർച്ചയായ പരീക്ഷണങ്ങൾക്കും ദുരിതങ്ങൾക്കും വിധേയമാക്കപ്പെടുമെന്നാണ്. തന്റെ ജനത തന്റെ ദൗത്യത്തിന്നെതിരിൽ കഠിനമായ എതിർപ്പു പ്രകടിപ്പിക്കുമെന്ന് നബി തിരുമേനി തന്നെ ഭയപ്പെട്ടിട്ടില്ലായിരുന്ന സമയത്താണ് ഈ പ്രവചനം ചെയ്യപ്പെടുന്നത്. തിരുനബി(സ)ക്ക് ആദ്യവെളിപാടുണ്ടായതിന് ശേഷം ഹസ്റത്ത് ഖദീജ(റ) തിരുമേനിയെ തന്റെ പിതൃവ്യനായ വറഖബിൻ നൗഫലിന്റെ അടുക്കൽ കൂട്ടിക്കൊണ്ടുപോയി. തിരുനബി(സ) തനിക്കുണ്ടായ അനുഭവം വിവരിച്ചപ്പോൾ വറഖ പറഞ്ഞു: മൂസാക്ക് വെളിപാടിറക്കിയ മലക്ക് താങ്കളിൽ ഇറങ്ങിയിരിക്കുന്നു. എന്നിരിക്കിലും താങ്കളുടെ ജനത താങ്കളെ പീഡിപ്പിക്കുക യും താങ്കളെ മക്കയിൽ നിന്ന് പുറത്താക്കുകയും ചെയ്യുമെന്ന് ഞാൻ ഭയപ്പെടുന്നു. ഇതു കേട്ടപ്പോൾ തിരുനബി(സ) വളരെ ആശ്ചര്യപ്പെട്ടു ചോദിച്ചു: "എന്റെ ജനത എന്നെ പുറത്താക്കുമോ?" (ബുഖാരി). താൻ തന്റെ ജനതയുടെ ഇഷ്ടഭാജനമാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അവർ തന്നെ എതിർക്കുമെന്ന് അദ്ദേഹം വിചാരിച്ചിട്ടുണ്ടായിരുന്നില്ല. അതേസമയം, മുസ്‌ലിംകൾക്കും ഇസ്‌ലാമിനും ദുരിതത്തിന്റെയും എതിർപ്പിന്റെയും ഇരുണ്ട രാത്രിയിൽകൂടി കടന്നുപോവേണ്ടിവരുമെന്ന് അല്ലാഹു തിരുമേനിയെ അറിയിച്ചു. ആ രാത്രി വേഗത്തിൽ ആരംഭിക്കുകയും പത്തുവർഷം നീണ്ടു നിൽക്കുകയും ചെയ്തു.

ദുരിതത്തിന്റെയും പരീക്ഷണത്തിന്റെയും ഈ കാലഘട്ടം പത്തുവർഷമായിരിക്കുമെന്ന് വിശുദ്ധ ഖുർആനിൽ മറ്റൊരിടത്ത് പ്രവചിക്കപ്പെട്ടിട്ടുണ്ട്. സൂറത്തുൽ ഫജ്റിന്റെ ആദ്യത്തെ ആയത്തുകളിൽ പ്രഭാതത്തിനു മുമ്പുള്ള പത്തു രാത്രികളെ അല്ലാഹു സാക്ഷിയാക്കുന്നു. നബി തിരുമേനി(സ)യുടെ ദൗത്യത്തിന്റെ മൂന്നാം വർഷാവസാനമാണ് ഈ സൂറ ഇറങ്ങിയതെന്ന് സർ വില്യം മുയിറും മറ്റു പാശ്ചാത്യ എഴുത്തുകാരും സമ്മതിക്കുന്നു.അതുവരെ മക്കയിലെ ജനങ്ങളുടെ എതിർപ്പു രൂക്ഷമായിരുന്നില്ല. പീഡനങ്ങളുടെ പത്തു രാത്രികൾ കടന്നുപോവേണ്ടി വരുമെന്ന് മുസ്‌ലിംകൾക്ക് ആ സമയത്ത് വിശുദ്ധ ഖുർആൻ താക്കീതു നൽകി. വേദഗ്രന്ഥങ്ങളുടെ ശൈലിയെ സംബന്ധിച്ച് സുപരിചിതരായവർക്കറിയാം ഒരു ദിവസം അല്ലെങ്കിൽ രാത്രി എന്നാൽ ഒരു വർഷമാണെന്ന്. ബൈബിളിൽ ഇതിന് ധാരാളം ഉദാഹരണങ്ങൾ കാണാം. എന്നാൽ ഒരു വർഷത്തെ സൂചിപ്പിക്കാൻ ഒരു ദിവസം എന്നാണ് ബൈബിളിൽ പ്രയോഗിച്ചിട്ടുള്ളത്. എന്നാൽ ദുരിതത്തിന്റെ ഒരു കാലഘട്ടത്തെ സൂചിപ്പിക്കാൻ 'രാത്രി' എന്ന പദമാണ് വിശുദ്ധ ഖുർആൻ പ്രയോഗിച്ചിട്ടുള്ളത്. ദുരിതത്തിന്റെ കാലം അന്ധകാരത്തിന്റെ കാലമാണ്. അതിനാൽ 'രാത്രി' എന്ന പദമാണ് കൂടുതൽ അനുയോജ്യമായിട്ടുള്ളത്. പത്തു വർഷം നീണ്ടുനിൽക്കുന്ന കഠിനമായ പരീക്ഷണങ്ങളെയും പീഡനങ്ങളെയും കുറിച്ച് ഈ സൂക്തം താക്കീതു നൽകി. ഈ സൂക്തം വെളിപാടായി ഇറങ്ങിയ ഉടനെത്തന്നെ ദുരിതങ്ങൾ ആരംഭിക്കുകയും പത്തുവർഷം നീണ്ടുനിൽക്കുകയും ചെയ്തു. മക്കക്കാർ തങ്ങളുടെ എതിർപ്പ് മർദ്ദനമാക്കി മാറ്റുമെന്ന് ഈ വെളിപാടിറങ്ങിയ സമയത്ത് നബി(സ)ക്ക് ഊഹിക്കാൻ പറ്റുമായിരുന്നുവെന്ന് ശത്രുവായ ഒരു വിമർശകൻ അഭിപ്രായപ്പെട്ടേക്കാം. എന്നാൽ മർദ്ദനത്തിന്റെ കാലഘട്ടം അഞ്ചോ, എട്ടോ, പന്ത്രണ്ടോ, പതിമൂന്നോ അല്ല പത്തു വർഷമാണ് എന്ന് ഉറപ്പിച്ചു പറയാൻ ദൈവിക വെളിപാടുകൊണ്ടല്ലാതെ മറ്റെന്തു മാർഗ്ഗമാണുണ്ടായിരുന്നത്? വെളിപാടിൽ പത്തു വർഷമെന്നാണ് പറയപ്പെട്ടിരുന്നത്. ഈ വെളിപാടിറങ്ങിയ ശേഷം പത്തുവർഷമാണ് തിരുനബി(സ)ക്ക് മക്കയിൽ നിൽക്കാൻ അനുമതിയുണ്ടായിരുന്നത്. ആ കാലം മുഴുവനും മർദ്ദനത്തിന് വിധേയമാക്കപ്പെടുകയും ചെയ്തു. പത്തുവർഷത്തിനുശേഷം, മർദ്ദനമല്ലാതെ മറ്റൊന്നും തനിക്കും തന്റെ സഹചരന്മാർക്കും നൽകിയിട്ടില്ലാത്ത മക്കയെ വിട്ടുപോകാൻ അദ്ദേഹം നിർബന്ധിതനായി. അങ്ങനെ അദ്ദേഹം മദീനയിൽ എത്തി. അവിടെ ഇസ്‌ലാമിന്റെ പുരോഗതിക്കുള്ള മാർഗ്ഗം അല്ലാഹു ഉണ്ടാക്കി. അങ്ങനെ മക്കയിൽ നിന്നുള്ള അദ്ദേഹത്തിന്റെ യാത്ര ഇസ്‌ലാം പ്രചരിക്കുന്നതിനും പുരോഗതി പ്രാപിക്കുന്നതിനുമുള്ള പ്രഭാതമായിത്തീർന്നു. പത്തുവർഷക്കാലം എന്നത് നബി തിരുമേനി(സ)യുടെ ബുദ്ധിപൂർവ്വകമായ ഒരു ഊഹമാണെന്ന് പറയപ്പെട്ടേക്കാം. പക്ഷേ, വെളിപ്പാടിറങ്ങി പത്തു വർഷത്തിന്നു ശേഷം മദീനയിലെ അനവധി ആളുകൾ ഇസ്‌ലാം സ്വീകരിക്കുമെന്നും തിരുമേനി(സ) ആ പട്ടണത്തിലേയ്ക്ക് പലായനം ചെയ്യുമെന്നും ഉള്ളത് ബുദ്ധിപൂർവ്വകമായ ഊഹമായിരുന്നോ? മദീനയിലെ ജനങ്ങളെ ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യിച്ചെന്നതും മക്കയിൽ നിന്ന് മദീനയിലേക്ക് സുരക്ഷിതമായി യാത്ര ചെയ്തതും അദ്ദേഹത്തിന്റെ കഴിവിൽ പെട്ടതായിരുന്നോ?

മാത്രമല്ല വെളിപാട് അവിടെ അവസാനിക്കുന്നില്ല. അത് തുടരുന്നു: രാവ് (അതിന്റെ അവസാനഘട്ടത്തിലേക്ക്) നീങ്ങിക്കൊണ്ടിരിക്കുമ്പോൾ അതിനെക്കൊണ്ടും സത്യം (89:5). ഏതൊരു രാത്രിയോടെ അന്ധകാരം നീങ്ങിത്തുടങ്ങുന്നുവോ അത്തരമൊരു രാത്രിയെ ഈ സൂക്തത്തിൽ അല്ലാഹു സാക്ഷിയാക്കുന്നു. അതിന്റെ അർത്ഥം, പീഡനത്തിന്റെ പത്തുവർഷത്തിനുശേഷം പൊട്ടി വിടരുന്ന പ്രഭാതത്തോടെ അന്ധകാരം അപ്രത്യക്ഷമാവുകയില്ല. ആ പ്രഭാതത്തിന് ശേഷം മറ്റൊരു രാത്രിയുണ്ടാവും. അതിനുശേഷം പിന്നെ അന്ധ

കാരത്തിന്റെ കാലം ഉണ്ടാവുകയില്ല. ഇതു തന്നെയാണ് യഥാർത്ഥത്തിൽ സംഭവിച്ചത്. മക്കയിൽ നിന്ന് പലായനം ചെയ്ത ശേഷം ഒരു വർഷം, മക്കക്കാരാൽ നിരന്തരമായി ആക്രമിക്കപ്പെടുമെന്ന ഭീഷണി കാരണം മുസ്‌ലിംകൾ അമ്പരപ്പിലും ദുരിതത്തിലുമായിരുന്നു. തിരുനബി(സ)യുടെ ഹിജ്റത്തിന് ഒരു വർഷത്തിനുശേഷം ബദർ യുദ്ധം ഉണ്ടായി. ബൈബിളിലെ പ്രവചനപ്രകാരം കേദാറിന്റെ മഹത്വത്തിന് കോട്ടം തട്ടി. മക്കക്കാർ മുഖേന മുസ്‌ലിംകൾക്ക് അനുഭവിക്കേണ്ടി വന്ന മർദ്ദനങ്ങളുടെ പരമ്പരക്ക് അറുതി വന്നു. മുസ്‌ലിംകൾ പിന്നീട് മറ്റു വലിയ യുദ്ധങ്ങൾ ചെയ്യേണ്ടി വന്നു. ബദർ യുദ്ധം മുസ്‌ലിംകളെ സ്വതന്ത്രരും പരമാധികാരികളുമായ ഒരു ജനതയാക്കി. മുസ്‌ലിംകളെ കഠിനമായി പീഡിപ്പിച്ച ഖുറൈശീ നേതാക്കൾ നശിച്ചൊടുങ്ങി.

തിരുനബി(സ) മക്കയിൽത്തന്നെയായിരുന്നപ്പോൾ ഇപ്രകാരം വെളിപാടുണ്ടായി:

ഖുർആൻ നിനക്ക് നിയമമാക്കി കല്പിച്ചവൻ തീർച്ചയായും നിന്നെ പ്രത്യാഗമന സ്ഥാനത്തേക്ക് തിരിച്ചെത്തിക്കുന്നവനാണ്. (28:86).

ഈ സൂക്തത്തിന്റെ അർത്ഥമെന്തെന്നാൽ, വിശുദ്ധ ഖുർആൻ അവതരിപ്പിക്കുകയും അതിനെ അനുസരിക്കാൻ നിന്നെ ബാദ്ധ്യസ്ഥനാക്കുകയും ചെയ്ത ദൈവം നിന്നെ മക്കയിലേക്ക് തന്നെ തിരിച്ചുകൊണ്ടുവരുമെന്ന് ഉറപ്പു നൽകുന്നു എന്നാണ്. തിരുനബി(സ)ക്ക് മക്കയിൽ നിന്ന് പലായനം ചെയ്യേണ്ടി വരുമെന്ന് മാത്രമല്ല ജേതാവായിക്കൊണ്ട് വീണ്ടും മക്കയിലേക്ക് തന്നെ അദ്ദേഹം മടങ്ങിവരുമെന്ന പ്രവചനവും ഈ സൂക്തത്തിൽ ഉണ്ട്. ഈ വെളിപാടിറങ്ങിയ സന്ദർഭത്തിൽ തിരുനബി(സ)യെ വലയം ചെയ്ത സാഹചര്യത്തിൽകൂടി കടന്നുപോകുന്ന ആർക്കും തന്നെ അദ്ദേഹം മക്കയിൽ നിന്നും പോകാൻ നിർബ്ബന്ധിതനായശേഷം വിജയശ്രീലാളിതനായി അവിടേക്ക് തിരിച്ചുവരുമെന്ന് ഊഹിക്കാൻ പോലും സാധ്യമല്ല. ഈ സംഭവത്തെക്കുറിച്ചുള്ള വേറൊരു പ്രവചനം വിശുദ്ധ ഖുർആനിൽ ഉണ്ട്. അതും തിരുനബി(സ) മക്കയിൽ തന്നെയുള്ളപ്പോൾ അവതരിച്ചതാണ്.

പറയുക, ബാഹ്യവും ആന്തരവുമായ നല്ല പ്രവേശനമാർഗ്ഗത്തിൽ നീ എന്നെ പ്രവേശിപ്പിക്കുകയും ബാഹ്യവും ആന്തരവുമായ നല്ല പ്രവേശനമാർഗ്ഗത്തിലൂടെ നീ എന്നെ പുറത്തുകൊണ്ടുവരുകയും ചെയ്യേണമേ. നിന്റെ പക്കൽ നിന്ന് എനിക്ക് സഹായകമായ ഒരു ശക്തി നൽകുകയും ചെയ്യേണമേ (17:81).

അല്ലാഹു തന്നെ അയച്ചിരിക്കുന്ന പട്ടണത്തിലേക്കുള്ള പ്രവേശം വിജയകരമാക്കിത്തീർക്കാനും അതിൽ നിന്നും വിജയത്തോടെ പുറപ്പെട്ട് ശത്രുക്കളെ ആക്രമിക്കാൻ തന്നെ പ്രാപ്തനാക്കിത്തീർക്കാനും ആ ആക്രമണത്തിൽ തന്റെ മിത്രമായിത്തീരാനും ദുആ ചെയ്യാൻ അല്ലാഹു തിരുനബി(സ)യോട് കല്പിച്ചിരിക്കയാണ്. തിരുനബി(സ) മക്കയിൽ നിന്ന് മദീനയിലേക്ക് പലായനം ചെയ്യുമെന്നും അദ്ദേഹം മദീനയിൽ നിന്നും മക്കയെ ആക്രമിക്കുമെന്നും അവസാനം മക്ക അദ്ദേഹത്തിന് കീഴടങ്ങുമെന്നും ഈ സൂക്തത്തിൽ പ്രവചനമുണ്ട്.

നബിതിരുമേനി(സ) മക്കയിൽത്തന്നെയായിരുന്നപ്പോൾ, ഇസ്‌ലാമിന്റെ വിജയത്തിന്റെ നാഴിക സമീപസ്ഥമായിരിക്കയാണെന്നും ചന്ദ്രൻ പിളരുമെന്നും തിരുമേനിക്ക് വെളിപാട് ലഭിക്കുകയുണ്ടായി. (54:2) അറബികളുടെ ശക്തിയുടെ പ്രതീകമായിരുന്നു ചന്ദ്രൻ. ചന്ദ്രൻ പിളരുമെന്നതുകൊണ്ടുദ്ദേശിക്കപ്പെട്ടത് അറബികളുടെ ശക്തി ഛിന്നഭിന്നമാക്കപ്പെടുമെന്നായിരുന്നു. മുസ്‌ലിംകൾ വ്യത്യസ്ത ദേശങ്ങളിലേക്ക് പലായനം ചെയ്യാൻ നിർബന്ധിതരാവുകയും തിരുനബി(സ) മക്കയിൽ പീഡിപ്പിക്കപ്പെടുകയും കഅ്ബയിൽവെച്ച് പ്രാർത്ഥിക്കാൻ പോലും അനുവദിക്കപ്പെടാതിരിക്കുകയും ചെയ്തിരുന്ന സമയത്താണ് ഈ സൂക്തം അവതരിച്ചത്. ഒരിക്കൽ അദ്ദേഹം അവിടെ വെച്ച് പ്രാർത്ഥിക്കുമ്പോൾ വളരെ നിന്ദ്യമായ നിലയിൽ അതിന്റെ പരിസരത്തുനിന്ന് വലിച്ചിഴക്കപ്പെടുകയുണ്ടായി. മുഴു മക്കയിലും എതിർപ്പിന്റെ അഗ്നി ആളിക്കത്തുമ്പോൾ മക്കക്കാരുടെ ശക്തിക്ഷയിക്കുമെന്നും ഇസ്‌ലാമിന്റെ വിജയം സമീപസ്ഥമായിരിക്കുന്നുവെന്നും ദൈവം തന്നെ അറിയിച്ചതായി നബി തിരുമേനി(സ) മക്കക്കാരെ അറിയിച്ചു. ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ ഈ പ്രവചനം വളരെ വ്യക്തമായ നിലയിൽ പൂർത്തിയാവുകയുണ്ടായി. ബദർ യുദ്ധത്തിൽ കേദാറിന്റെ പൊങ്ങച്ചശക്തിയും പ്രതാപവും തകരുകയും ഇസ്‌ലാമിന്റെ പതാക എന്നേക്കുമായി സ്ഥാപിക്കപ്പെടുകയും ചെയ്തു. ചന്ദ്രൻ യഥാർത്ഥത്തിൽ പിളർന്നു. അറബികൾക്ക് അത് വിധിന്യായദിനമായിരുന്നു. ആ ദിവസം ഒരു പുതിയ ആകാശവും ഒരു പുതിയ ഭൂമിയും സൃഷ്ടിക്കപ്പെട്ടു.

ഇസ്‌ലാമും മുസ്‌ലിംകളും മക്കയിൽ അറബികളുടെ പീഡനത്തിന് വിധേയരായിരുന്നപ്പോൾ യുദ്ധത്തിൽ പേർഷ്യക്കാർ റോമക്കാരെ പരാജയപ്പെടുത്തിയതായി വാർത്തയെത്തി. ഇത് മക്കക്കാരിൽ ആഹ്ലാദമുയർത്തി. എന്തെന്നാൽ പേർഷ്യക്കാർ വിഗ്രഹാരാധകരും റോമക്കാർ ക്രിസ്ത്യാനികളുമായിരുന്നു. പേർഷ്യക്കാരുടെ വിജയം ഒരു നല്ല ശകുനമായി മക്കക്കാർ കരുതി. മുസ്‌ലിംകൾക്കു മേൽ തങ്ങൾ നേടാൻ പോകുന്ന അന്തിമവിജയത്തിന്റെ സൂചനയായി അവർ അതിനെ കരുതി. ഈ അവസരത്തിൽ, അയൽദേശത്ത് റോമക്കാർ കീഴടക്കപ്പെട്ടതായും ഒമ്പതുവർഷങ്ങൾക്കുള്ളിൽ അവർ വിജയിക്കുമെന്നും നബി(സ)ക്ക് വെളിപാടുണ്ടാവുകയുണ്ടായി. (30:3-5) ഈ ആയത്തിൽ പ്രയോഗിക്കപ്പെട്ട 'ബിദ്' എന്ന പദം 3 മുതൽ 9 വരെയുള്ള എണ്ണത്തെ സൂചിപ്പിക്കുന്നു. ഈ വെളിപാടിനെക്കുറിച്ച് മക്കക്കാർക്കിടയിൽ പ്രഖ്യാപിക്കപ്പെട്ടപ്പോൾ അവർ ചിരിക്കുകയും മുസ്‌ലിംകളെ പരിഹസിക്കുകയും ചെയ്തു. ഈ പ്രവചനം പൂർത്തീകരിക്കപ്പെടുകയില്ലെന്ന് പറഞ്ഞു അവർ അബൂബക്കറുമായി

*(ശേഷം 30 -ാം പേജിൽ)*

# ഭ്രൂണ വിജ്ഞാനീയം: ഖുർആനിലും ഹദീസിലും

കെയ്ത്തിൽ മൂർ

## മനുഷ്യന്റെ പ്രത്യുൽപാദനവും പ്രജനനവും അതിസൂക്ഷ്മമായി ഖുർആൻ വിവരിക്കുന്നു.

മനുഷ്യൻ എവിടെനിന്ന് വന്നു, ജനനത്തിനു മുമ്പേ എങ്ങനെ അവൻ രൂപപ്പെട്ടു എന്നീ കാര്യങ്ങളെക്കുറിച്ചറിയാൻ അവൻ എന്നും ഉത്സുകനായിരുന്നു. ലൈംഗിക സംയോഗം വഴിയാണ് മനുഷ്യ പ്രജനനം നടക്കുന്നതെന്ന് പ്രാകൃത മനുഷ്യന് അറിയാമായിരുന്നു. അവ മുഴുക്കെ ഊഹങ്ങളും മിഥ്യാസങ്കല്പങ്ങളുമായിരുന്നു. ഭ്രൂണവളർച്ചയെക്കുറിച്ചുള്ള മനുഷ്യന്റെ അജ്ഞതയും അന്ധവിശ്വാസവും കാരണം മനുഷ്യന്റെ ജനന പൂർവ്വഘട്ടത്തെക്കുറിച്ച് തികച്ചും അശാസ്ത്രീയമായ ഒരു കാഴ്ചപ്പാടായിരുന്നു പൗരാണിക ലോകം വെച്ചു പുലർത്തിയിരുന്നത്.

നമുക്ക് അറിയപ്പെട്ടിടത്തോളം ബി.സി. നാലാം നൂറ്റാണ്ടിൽ അരിസ്റ്റോട്ടിലാണ് ഭ്രൂണവിജ്ഞാനീയത്തെപ്പറ്റി പുസ്തകമെഴുതിയത്. അതിൽ താരതമ്യാത്മക ഭ്രൂണശാസ്ത്രത്തെക്കുറിച്ച്, പ്രത്യേകിച്ച് കോഴിയുടെ ഭ്രൂണവളർച്ചയെക്കുറിച്ച് അദ്ദേഹം ചില നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. മനുഷ്യഭ്രൂണം നിശ്ചിത രൂപമില്ലാത്ത വസ്തുവിൽ നിന്ന് രൂപം കൊണ്ടതാണെന്നും ആർത്തവരക്തവും ബീജവുമായുള്ള കൂടിച്ചേരൽ മൂലമാണ് ഗർഭധാരണം നടക്കുന്നതെന്നുമുള്ള തെറ്റായ നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേർന്നത്.

കഴിഞ്ഞ രണ്ടായിരം വർഷമായി ഭ്രൂണശാസ്ത്രരംഗത്ത് പുരോഗമനക്ഷമമായ യാതൊരു ചലനവുമില്ലായിരുന്നു. 17-ാം നൂറ്റാണ്ടിനടുത്ത് സൂക്ഷ്മദർശിനിയുടെ കണ്ടുപിടിത്തത്തോടെയാണ് മനുഷ്യഭ്രൂണത്തെപ്പറ്റിയുള്ള വിശദമായ പഠനങ്ങൾ സാധ്യമായത്. അതിനുശേഷമാണ് സൂക്ഷ്മ ദർശിനിയിലൂടെ കോശങ്ങളെ നിരീക്ഷിക്കാൻ കഴിഞ്ഞത്. 18-ാം നൂറ്റാണ്ടോടുകൂടി ഭ്രൂണ കോശങ്ങളെ വേർതിരിച്ചറിയാൻ കഴിഞ്ഞു.

ഏകദേശം ഒരു വർഷം മുമ്പെ മനുഷ്യ പ്രജനനത്തെയും ഭ്രൂണ വളർച്ചയെയും പറ്റി ഖുർആനിലെ ചില വചനങ്ങളും ഹദീസും ഞാൻ വായിക്കാനിടയായി. ഏഴാം നൂറ്റാണ്ടിൽ അവതരിപ്പിക്കപ്പെട്ട ഈ സൂക്തങ്ങളിലടങ്ങിയിരിക്കുന്ന അതിസൂക്ഷ്മമായ ശാസ്ത്രീയ പ്രതിപാദനങ്ങൾ എന്നെ അത്ഭുതസ്തബ്ധനാക്കി. അല്പം ചില വചനങ്ങൾ എന്റെ സ്വന്തമായ വ്യാഖ്യാനത്തോടെ ഞാൻ വിവരിക്കാം.

“ഒരു സൃഷ്ടിക്കുശേഷം മറ്റൊരു സൃഷ്ടിയായി മൂന്നുതരം ഇരുട്ടുകളിൽ കൂടി നിങ്ങളുടെ മാതാക്കളുടെ ഗർഭാശയങ്ങളിൽ അവൻ നിങ്ങളെ സൃഷ്ടിക്കുന്നു. അതാണ് നിങ്ങളുടെ നാഥനായ അല്ലാഹു ” (39:7). ഗർഭപാത്രത്തിലെ ഭ്രൂണവളർച്ചയുടെ ഘട്ടങ്ങളെപ്പറ്റി 15-ാം നൂറ്റാണ്ടുവരെ ചർച്ച ചെയ്യപ്പെട്ടിരുന്നില്ല. എ.ഡി. രണ്ടാം നൂറ്റാണ്ടിൽ ഗാലൻ തന്റെ ‘ഗർഭസ്ഥ ശിശുവിന്റെ രൂപാന്തരണം’ (On the Formation of the foetus) എന്ന ഗ്രന്ഥത്തിൽ മറുപിള്ള (Placenta) യെക്കുറിച്ചും ഗർഭസ്ഥ ശിശുവിന്റെ ആവരണത്തെ (Foetal membranes)ക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. ഗർഭപാത്രത്തെക്കുറിച്ചും അദ്ദേഹത്തിന് അറിവുണ്ടായിരിക്കണം.

17-ാം നൂറ്റാണ്ടിൽ സൂക്ഷ്മ ദർശിനിയുടെ കണ്ടുപിടിത്തത്തോടെ കോഴിയുടെ ഭ്രൂണ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ നിരീക്ഷിച്ചു രേഖപ്പെടുത്താൻ കഴിഞ്ഞു. 1940 വരെ മനുഷ്യ ഭ്രൂണത്തിന്റെ ദശാപരിണാമത്തെക്കുറിച്ച് ആരും പരാമർശിച്ചിട്ടില്ല. കുറച്ചു വർഷങ്ങൾക്കു മുമ്പേ ഈ ആധുനിക യുഗത്തിൽ പോലും ഭ്രൂണത്തിന്റെ വളർച്ചാഘട്ടങ്ങളെ സംബന്ധിച്ച് ലോക വ്യാപകമായി അവബോധമുണ്ടായിട്ടില്ല എന്നതാണ് വാസ്തവം.

ഖുർആൻ പ്രതിപാദിച്ച മൂന്നു മറയെപ്പറ്റി യുക്തിപരമായി ഇങ്ങനെ വ്യാഖ്യാനിക്കാം: a) അതായത് മാതാവിന്റെ ഉദരഭിത്തി Mother' abdominal wall) (b) ഗർഭപാത്ര ഭിത്തി (Uterus wall) (c) ഭ്രൂണസ്തരം. (Amniochorionic membrane) ഈ മൂന്നു ശരീരഭിത്തികളാണ് ബാഹ്യ സമ്മർദ്ദങ്ങളിൽ നിന്നു ഭ്രൂണത്തിന്

സുരക്ഷ നൽകുന്നത്.

"പിന്നീട് നാം നുത്ഫയെ (സംയോജിത ലിംഗകോശങ്ങളെ - സിക്താണ്ഡത്തെ) ഒരു സുരക്ഷിത സ്ഥാനത്ത് നിക്ഷേപിച്ചു. പിന്നീട് ആ 'നുത്ഫയെ' (സിക്താണ്ഡത്തെ) ഒട്ടിപ്പിടിക്കുന്ന വസ്തുവായും ആ വസ്തുവിനെ ചവച്ചരക്കപ്പെട്ട മാംസപിണ്ഡമായും പിന്നെ മാംസപിണ്ഡത്തെ അസ്ഥികളായും നാം രൂപാന്തരപ്പെടുത്തി. അനന്തരം അസ്ഥികളെ നാം മാംസം കൊണ്ടുപൊതിഞ്ഞു. പിന്നീട് നാം അതിനെ മറ്റൊരു സൃഷ്ടിയായി രൂപാന്തരപ്പെടുത്തി. അതിനാൽ ഏറ്റവും നല്ല നിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹ സമ്പൂർണനാണ്." (23:14,15)

ബീജ സങ്കലനത്തിനുശേഷം 24 ദിവസത്തേക്ക് ഭ്രൂണം ഒരു അട്ടയെപ്പോലെ (Leech) യാണ്. (അറബിയിൽ അലഖ് - ഒട്ടിപ്പിടിച്ചുനിൽക്കുന്ന വസ്തു) അതിനുശേഷം അവ ചവച്ചരക്കപ്പെട്ട മാംസക്കഷ്ണം പോലെ ആയിത്തീരുന്നു. (അറബിയിൽ മുള്ഗ-ചവച്ചരച്ച മാംസം) നാലാഴ്ചകൾക്കു ശേഷം സോമൈറ്റ്സ് (Somites - ഭ്രൂണത്തിലെ നോട്ടോ കോർഡി (Notochord) ന്റെയും നാഡീനാളി (herural tube) യുടെയും ഇരുവശങ്ങളിലും കാണപ്പെടുന്ന കോശവളർച്ച രൂപം പ്രാപിക്കുന്നു.

ഭ്രൂണാവസ്ഥയിൽ തന്നെ മനുഷ്യശിശുവിന് അസ്ഥികൾ, പേശികൾ മുതലായ ശാരീരിക പ്രത്യേകതകൾ രൂപം പ്രാപിക്കാൻ തുടങ്ങുന്നു. ഭ്രൂണാവസ്ഥയുടെ അവസാനത്തോടെ മുഖ്യമായ അവയവങ്ങളുടെ വ്യവസ്ഥകൾ രൂപപ്പെട്ടുകഴിയുന്നു. ഭ്രൂണത്തിന്റെ ബാഹ്യദൃശ്യത്തിൽ മസ്തിഷ്കം, ഹൃദയം, കരൾ, സോമൈറ്റ്സ്, അസ്ഥി, അവയവങ്ങൾ, ചെവി, മൂക്ക്, കണ്ണ് മുതലായവയുടെ രൂപരേഖ വ്യക്തമായിക്കഴിഞ്ഞിട്ടുണ്ടാകും. ഈ പ്രത്യേകതകളോടു കൂടിയ ഘടന രൂപം പ്രാപിക്കുന്നതോടെ സുനിശ്ചിതമായ മനുഷ്യമുദ്രകൾ അതിൽ പതിയുന്നു. അങ്ങനെ ആ ഭ്രൂണം അനിഷേധ്യനായ മനുഷ്യനായിത്തീരുന്നു. ബാഹ്യവും ആന്തരികവുമായ എല്ലാ ശാരിരിക ഘടകങ്ങളും ഈ ഭ്രൂണാവസ്ഥയിലാണ് രൂപം കൊള്ളുന്നത്. ഈ അഞ്ച് ആഴ്ചക്കാലം വളർച്ചയുടെ ഏറ്റവും നിർണ്ണായകമായ കാലഘട്ടമാകുന്നു. ഈ ഘട്ടത്തിലാണ് ജന്മജാത വൈകല്യങ്ങളും ഉടലെടുക്കുന്നത്.

ഭ്രൂണഘട്ടം പിന്നിട്ടുകഴിഞ്ഞാൽ രണ്ടാമത്തെ മുഖ്യഘട്ടം ഗർഭസ്ഥ ശൈശവാവസ്ഥയാണ്. (Foetal Stage) ഈ ഘട്ടത്തിൽ ഗർഭസ്ഥ ശിശു ശീഘ്ര വളർച്ച പ്രാപിക്കുകയും വ്യതിരിക്തത നേടുകയും ചെയ്യുന്നു. ഇരുപത്തിനാല് ആഴ്ചകൾകൊണ്ട് അതിന് കണ്ണു തുറക്കാൻ കഴിയുന്നു. ഈ അവസരത്തിൽ ഗർഭകാലം തികയാതെ പ്രസവിച്ചാലും ശിശുവിന് അതിജീവിക്കാനാവും.

പുരുഷ ബീജവും സ്ത്രീയുടെ അണ്ഡവും തമ്മിൽ യോജിച്ച സിക്താണ്ഡം (Zygote) എന്നു വിളിക്കപ്പെടുന്ന ഏകകോശത്തിൽ നിന്നാണ് ഭ്രൂണം ജന്മമെടുക്കുന്നത്. ഖുർആൻ പറയുന്നു. "പിന്നീട് അവന്റെ ശിശുവിനെ നിസ്സാരമായ ദ്രവവസ്തുവിൽ നിന്നുള്ള ഒരു സത്തിൽ നിന്ന് അവൻ സൃഷ്ടിച്ചു" (32:9). "ഉൽസർജിക്കുന്ന ശുക്ലത്തിൽ നിന്നുള്ള ഒരു കണമായിരുന്നില്ലേ അവൻ? പിന്നെ അത് ഒട്ടിപ്പിടിക്കുന്ന ഒരു സക്തമാംസമായിത്തീർന്നു. അവൻ അതിനെ രൂപപ്പെടുത്തി പരിപൂർണനാക്കി" (75: 38,39) ഈ ഖുർആനിക വചനങ്ങളും ഒരു ഹദീസും ഇക്കാര്യം വ്യക്തമാക്കുന്നു. പുരുഷ ലിംഗത്തിൽ നിന്ന് ഉൽസർജനം ചെയ്യപ്പെടുന്ന തുച്ഛമായ ശുക്ലത്തിൽ നിന്നാണ് ബീജകോശങ്ങൾ വരുന്നതെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. മൂത്ര മാർഗ്ഗേണ (Urethra) തന്നെയാണ് 'നിസ്സാര ദ്രവം' എന്ന് വിളിക്കപ്പെടുന്ന ബീജം സ്രവിക്കപ്പെടുന്നത്.

ഖുർആനിൽ മനുഷ്യനെ ഒരു സത്തിൽ നിന്ന് രൂപപ്പെടുത്തിയെടുത്തു എന്ന പ്രതിപാദനം കാണാം. 'അത്ഫ' എന്നതിന് സ്രവിപ്പിക്കപ്പെടുന്ന ശുക്ലത്തിൽ നിന്ന് വേർതിരിച്ചെടുക്കുന്ന അല്പമാത്രമായ ബീജസത്ത് എന്ന വ്യാഖ്യാനം ഏറ്റവും അനുയോജ്യമായതാണ്. കോടോനുകോടി ബീജങ്ങളിൽ നിന്ന് ഗർഭപാത്രകുഴലിൽ വെച്ച് അണ്ഡത്തെ സമീപിക്കുന്നത് ഏതാനും എണ്ണം മാത്രമാണ്.

"സത്യമായും നാം മനുഷ്യനെ സങ്കലിതമായ ഇന്ദ്രിയബിന്ദു (നുത്ഫതിൻ അംശാജിൻ) വിൽ നിന്നു സൃഷ്ടിച്ചിരിക്കുന്നു." (76:3). ഇവിടെ സങ്കലിതമായ ഇന്ദ്രിയ ബിന്ദു എന്ന ഖുർആന്റെ (Mixed drop) വിശേഷണം അല്പം അളവ് ബീജത്തോടൊപ്പം അണ്ഡത്തിന് ജന്മമേകുന്ന കോശങ്ങൾക്കും അതിന്റെ കൂടെയുള്ള ഫോളിക്കുലർ ദ്രവത്തിനും (Follicular Fluid) കൂടി ഒന്നിച്ചുള്ള വിശേഷണമാകാം. ഖുർആന്റെ മറ്റൊരു പരാമർശം മിശ്രിതദ്രവ (Mingled fluid) ത്തിൽ നിന്നാണ് മനുഷ്യൻ രൂപം കൊണ്ടത് എന്നാണ്. ഇത് തീർച്ചയായും സ്ത്രീ-പുരുഷൻമാരുടെ ലൈംഗിക കോശദ്രവങ്ങളുടെ സ്ഖലനത്തെയും സങ്കലനത്തെയും കുറിച്ചാണ്. ആർത്തവഘട്ടത്തിൽ അണ്ഡകോശങ്ങൾ പുറന്തള്ളപ്പെടുമെന്ന് നമുക്കറിയാം. അണ്ഡകോശവും ഫോളിക്ക് അല്ലവും ഗർഭാശയ കുഴലിലൂടെ പ്രവേശിക്കുന്ന ഘട്ടത്തിൽ പുരുഷനുമായി ഇണചേരൽ സംഭവിച്ചാൽ അണ്ഡം ഏതാനും ബീജങ്ങളുമായി കൂടിച്ചേരുന്നു. ഈ ബീജങ്ങളിലൊന്ന് അണ്ഡത്തിലേക്ക് തുളഞ്ഞുകയറുകയും ഭ്രൂണത്തിന്റെ ആദിരൂപമായ സിക്താണ്ഡം രൂപപ്പെടുകയും ചെയ്യുന്നു.

പതിനേഴാം നൂറ്റാണ്ടിൽ വ്യാപകമായി പ്രചരിച്ച ഒരാശയം, ബീജത്തിൽ തന്നെ മനുഷ്യന്റെ കൊച്ചുരൂപം ഉള്ളടക്കം ചെയ്തിരിക്കുന്നു എന്നാണ്. അതുപോലെ മറ്റൊരു വിശ്വാസം സ്ത്രീയുടെ അണ്ഡത്തിൽ മനുഷ്യന്റെ പ്രാഗ്രൂപം നിഗൂഢനം ചെയ്യപ്പെട്ടിട്ടുണ്ടെന്നുമാണ്. പുരുഷബീജം അതിനെ വളരാൻ സഹായിക്കുക മാത്രമാണ് ചെയ്യുന്നതെന്നായിരുന്നു അവരുടെ വിശ്വാസം

18-ാം നൂറ്റാണ്ടിൽ സ്പെല്ലൻസനി എന്ന ശാസ്ത്രജ്ഞൻ ആണിന്റെയും പെണ്ണിന്റെയും ലൈംഗിക കോശങ്ങൾ രണ്ടുംകൂടി ചേർത്താൽ മാത്രമേ ഗർഭ

ധാരണം നടക്കുകയുള്ളൂവെന്ന് പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ തെളിയിക്കുകയുണ്ടായി. നായ്ക്കളിൽ കൃത്രിമ ഗർഭധാരണം നടത്തിയതുപ്പെടെയുള്ള പരീക്ഷണങ്ങൾ നടത്തിയതിനുശേഷം ബീജവും അണ്ഡവും കൂടിച്ചേർന്നാൽ മാത്രമേ ഗർഭധാരണം നടക്കുകയുള്ളൂ എന്ന കാര്യം അദ്ദേഹം സ്ഥിരീകരിച്ചു. ഏഴാം നൂറ്റാണ്ടിൽ അവതരിപ്പിക്കപ്പെട്ട ഖുർആനിലെ 'സങ്കലിത ദ്രവം' എന്നതിന്റെ വിവക്ഷിതം പതിനൊന്ന് നൂറ്റാണ്ടുകൾക്കുശേഷം മാത്രം വിശദീകരിക്കപ്പെട്ട ആൺപെൺ ലൈംഗിക കോശങ്ങളുടെ സങ്കലനമാണെന്ന് അക്കാലത്ത് വ്യാഖ്യാനിക്കാൻ പറ്റുമായിരുന്നില്ല.

"ഒരു രേതസ്കണത്തിൽനിന്നുമാണ് (നുത്ഫ) അവൻ അവനെ സൃഷ്ടിച്ചിട്ടുള്ളത്. എന്നിട്ടവൻ (അല്ലാഹു) അവന് തോത് നിശ്ചയിച്ചു. പിന്നിട് അവന്റെ വളർച്ചാമാർഗ്ഗം സുഗമമാക്കി" (80:20). ഈ വാക്യത്തിൽ ക്രോമോസോമിന്റെ നിശ്ചിത എണ്ണത്തിലധിഷ്ഠിതമായ ഒരു ജനിതക പദ്ധതിയനുസരിച്ചാണ് ബീജസങ്കലനത്തിന് ശേഷമുള്ള അണ്ഡം അഥവാ സിക്താണ്ഡം വളരുന്നതെന്ന് ഖുർആൻ പറയുന്നു. പത്തൊമ്പതാം നൂറ്റാണ്ടു വരെ ശാസ്ത്ര ലോകത്തിന് ഇക്കാര്യം അറിയില്ലായിരുന്നു ഖുർആനിലെ ഈ വചനം 'നുത്ഫ' യിൽ അടങ്ങിയിരിക്കുന്ന ജനിതക ഘടന അനുസരിച്ചാണ് ഭാവിയിലെ വ്യക്തിയുടെ രൂപവും സ്വഭാവവും നിർണയിക്കുക എന്ന കാര്യം ഉണർത്തുന്നു.

"രേതസ്കണം ഉൽസർജിക്കപ്പെടുമ്പോൾ അതിൽ നിന്ന് ആൺപെൺ എന്നീ രണ്ട് ഇണകളെ സൃഷ്ടിക്കുന്നവനും അവൻ തന്നെയാണ്" (53:46, 47). ഈ ഖുർആനിക വചനത്തിൽ ബീജസങ്കലനവേളയിലാണ് ലിംഗ നിർണയം നടക്കുന്നതെന്ന് സൂചിപ്പിക്കുന്നു. അറുപത് വർഷം മുമ്പ് ക്രോമസോം കണ്ടുപിടിച്ചതിനുശേഷം മാത്രമാണ് ഇക്കാര്യം ലോകത്തിന് അറിയാൻ സാധ്യമായത്. ബീജസങ്കലനത്തിന്റെ മുഖ്യഫലം പിന്നീട് വളരുന്ന ഭ്രൂണത്തിന്റെ ലിംഗം ഏതെന്ന് നിർണയിക്കപ്പെടുന്നു എന്നതാണ്. പുരുഷ ലിംഗനിർണയത്തിനു Y ക്രോമസോമുകളുടെ സ്വാധീനം ഏകദേശം ഒരു ദശകം മുമ്പു മാത്രമാണ് കണ്ടുപിടിക്കപ്പെട്ടത്.

ബീജസങ്കലനത്തിനുശേഷം ആദ്യദശയിലെ ഭ്രൂണം പത്തു ദിവസം കഴിഞ്ഞ് ഗർഭപാത്രത്തിൽ ഒട്ടിച്ചേരുന്നു. അത് എട്ട് ആഴ്ചകൾക്കുശേഷം മനുഷ്യന്റെ രൂപം പ്രാപിക്കാൻ ആരംഭിക്കുന്നു. 'നുത്ഫ' (സിക്താണ്ഡം) ഗർഭപാത്രത്തിലെത്തിയതിനുശേഷം 40-45 രാവുകൾ കഴിഞ്ഞാൽ ദൈവം ഒരു മലക്കിനെ അയച്ച് കേൾവി, കാഴ്ച, ത്വക്ക്, മാംസം, അസ്ഥി എന്നിവ നൽകുമെന്ന് ഒരു ഹദീസിന്റെ അടിസ്ഥാനത്തിൽ മുസ്ലിംകൾ വിശ്വസിക്കുന്നു. "അല്ലയോ ദൈവമേ, ആണോ, പെണ്ണോ" എന്ന് മലക്ക് ചോദിക്കുമെന്നു ഹദീസിൽ രേഖപ്പെടുത്തുന്നു. 50 മുതൽ 55 ദിവസങ്ങൾ കഴിഞ്ഞതിനു ശേഷമാണ് വ്യക്തമായ മനുഷ്യരൂപം ഭ്രൂണത്തിന് ലഭിക്കുന്നത്. അതിന് മുമ്പേയുള്ള ഭ്രൂണത്തിന്റെ അവസ്ഥ മറ്റു സസ്തനികളിൽ നിന്നും തിരിച്ചറിയാൻ സാധ്യമല്ല.

"നിങ്ങളുടെ ഭാര്യമാർ നിങ്ങൾക്ക് ഒരു കൃഷിയിടമാകുന്നു. അതുകൊണ്ട് നിങ്ങൾ ആഗ്രഹിക്കുംവിധം നിങ്ങൾ കൃഷ്ടിയിടത്തേക്ക് ചെന്നുകൊള്ളുക." (2:224) ഇവിടെ സ്ത്രീയെ ഒരു കൃഷിയിടത്തോടാണ് ഉപമിച്ചിരിക്കുന്നത്. ബീജസങ്കലനത്തിനുശേഷം ഒരു വിത്ത് കൃഷിയിടത്തിൽ നടുന്നത് പോലെ ഭ്രൂണകോശം (Blastocyst) ഗർഭപാത്രത്തിൽ നിക്ഷേപിക്കപ്പെടുന്ന പ്രതിഭാസമാണ് ഇവിടെ ഏറ്റവും ഉചിതമായ വാക്കുകളിൽ ഖുർആൻ വരച്ചു കാട്ടുന്നത്. മണ്ണ് വിത്തിനെ ആവരണം ചെയ്യുന്നതുപോലെ ഗർഭപാത്രത്തിലെ എപ്പിഥീലിയം (Epithelium - ഭ്രൂണത്തെ ആവരണം ചെയ്യുന്ന കോശകല) അവിടെ വിതക്കപ്പെട്ട ഭ്രൂണത്തെ ആവരണം ചെയ്യുന്നു. അതിനു ശേഷം ഭ്രൂണം മാതാവിന്റെ രക്തത്തിൽ നിന്ന് വേര് മുളപൊട്ടുന്നതുപോലെ ക്രിയോണിക് വില്ലി (Chrionic villi) എന്ന കോശകലകൾ രൂപപ്പെടുന്നു.

"പിന്നീട് "നുത്ഫ' ഒട്ടിപ്പിടിക്കുന്ന വസ്തുവായും പിന്നെ ആ സക്ത വസ്തുവിനെ ചവച്ചരക്കപ്പെട്ട മാംസപിണ്ഡമായും പിന്നെ മാംസപിണ്ഡത്തെ അസ്ഥികളായും നാം രൂപാന്തപ്പെടുത്തി. അനന്തരം അസ്ഥികളെ നാം മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് നാം അതിനെ മറ്റൊരു സൃഷ്ടിയായി രൂപാന്തരപ്പെടുത്തി. അതിനാൽ ഏറ്റവും നല്ല നിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹ സമ്പൂർണനാകുന്നു." (23:15). ഗർഭപാത്രത്തിൽ ഭ്രൂണ നിക്ഷേപം നടത്തുന്ന കാലയളവിൽ വളരെ കുറച്ച് മാറ്റങ്ങളേ ഉണ്ടാവുകയുള്ളൂ. പിന്നീട് ക്രമേണ ഭ്രൂണപരിണാമം ആരംഭിക്കണം. ഖുർആനിൽ വിവരിക്കപ്പെട്ട ഭ്രൂണത്തിന്റെ ഈ വളർച്ചാഗതി അത്ഭുതകരമായ കണിശതയുള്ളതാണ്. 40 വർഷങ്ങൾക്കു മുമ്പു വരെ ഭ്രൂണത്തിന്റെ ദശപരിണാമങ്ങളെക്കുറിച്ച് സൂക്ഷ്മമായ അറിവ് മനുഷ്യനുണ്ടായിരുന്നില്ല.

ഈ വചനത്തിൽ ഭ്രൂണത്തിന്റെ അട്ടയെപ്പോലെ രൂപമുള്ളതും ഒട്ടിനിൽക്കുന്നതുമായ ഘട്ടത്തെക്കുറിച്ചും തുടർന്ന് ചവച്ചരക്കപ്പെട്ട മാംസപിണ്ഡം പോലെയുള്ള അവസ്ഥയെക്കുറിച്ചും വിവരിക്കുന്നുണ്ട്.

"പിന്നീട് 'നുത്ഫ' യിൽ നിന്നും പിന്നീട് ഒട്ടിപ്പിടിക്കുന്ന സക്ത വസ്തുവിൽ നിന്നും പിന്നീട് രൂപം പൂണ്ടതും അല്ലാത്തതുമായ ചവച്ചരക്കപ്പെട്ട മാംസപിണ്ഡത്തിൽ നിന്നും നാം സൃഷ്ടിച്ചിരിക്കുന്നു. " (22:6). ഇവിടെ രൂപം പൂണ്ടതും അല്ലാത്തതുമായ ഭ്രൂണാവസ്ഥ എന്ന വചനം ഏറ്റവും ശ്രദ്ധേയമാണ്. ഈ അവസ്ഥയിൽ മസ്തിഷ്കവും ഹൃദയവും ഭാഗികമായി മാത്രമേ രൂപപ്പെട്ടിട്ടുണ്ടാവൂ. അപ്പോൾ ഭ്രൂണം ചവച്ചരച്ച മാംസപിണ്ഡംപോലെ തോന്നിപ്പിക്കുന്നു.

ചവച്ചരക്കപ്പെട്ടതുപോലെയുള്ള ഘട്ടം പിന്നിട്ടതിനുശേഷം അസ്ഥികൾ രൂപം കൊള്ളുന്നു. അസ്ഥികളെ പൊതിഞ്ഞ് പേശികൾ രൂപം കൊള്ളുന്നു. (23:15). ആറാമത്തെ ആഴ്ച

അസ്ഥികൾ രൂപംകൊള്ളുകയും പിന്നീട് പേശികൾ അതിനോട് ബന്ധിക്കുകയും ചെയ്യുന്നു. ഏഴാമത്തെ ആഴ്ച അസ്ഥികൾ ഭ്രൂണത്തിന് മനുഷ്യരൂപം നല്കുന്നു.

കാതുകളും കണ്ണുകളും നാലാമത്തെ ആഴ്ചതന്നെ രൂപമെടുക്കുവാൻ ആരംഭിക്കുന്നു. ആറാമത്തെ ആഴ്ച വ്യക്തമായ അവയവ രൂപം പ്രാപിക്കുന്നു. സിക്താണ്ഡത്തിന്റെ അഥവാ 'നുത്ഫ' നാല്പത്തിരണ്ട് ദിവസം പിന്നിട്ടാലും ലിംഗം ഏതാണെന്ന് തിരിച്ചറിയപ്പെടുന്നില്ല. ഇതാണോ നേരത്തെ പരാമർശിച്ച മലക്കുകളുടെ ചോദ്യത്തിന് ആധാരം എന്ന് ഞാൻ സംശയിക്കുന്നു.

'നുത്ഫ' 42 ദിവസം പിന്നിട്ടാൽ അവ്യക്തമായി മനുഷ്യരൂപം തിരിച്ചറിയാൻ സാധിക്കുമെങ്കിലും എട്ട് ആഴ്ച കഴിഞ്ഞാൽ മാത്രമേ വ്യക്തമായി തിരിച്ചറിയാൻ സാധ്യമാവൂ. ലിംഗാവയവങ്ങളുടെ വ്യത്യാസം 12 ആഴ്ചകൾക്കു ശേഷമേകാണപ്പെടുന്നുള്ളൂ.

ഭ്രൂണ വിജ്ഞാനീയത്തെപ്പറ്റി നിരർത്ഥകമെന്ന് എനിക്ക് തോന്നുന്ന പല പ്രസ്താവനകളും ഖുർആനിലും ഹദീസിലും കാണാം. പക്ഷേ, നമ്മുടെ ജ്ഞാനം കൂടുതൽ വികസിതമാവുമ്പോൾ തീർച്ചയായും അതിന് അർത്ഥപൂർണിമ കൈവരും. ഇക്കാര്യം സമ്മതിക്കാതെ തരമില്ല. മതവും ശാസ്ത്രവും തമ്മിൽ ദീർഘകാലമായി നിലനിൽക്കുന്ന വിടവ് കുറച്ചു കൊണ്ടുവരാൻ ഖുർആനിലെയും ഹദീസിലെയും പ്രസ്താവങ്ങൾ സഹായകമാണ്. ■

---

*(26 -ാം പേജിൽ നിന്ന് തുടർച്ച)*

നൂറു ഒട്ടകത്തിന് പന്തയം വെക്കുകയുണ്ടായി. റോമക്കാർ പേർഷ്യക്കാരെ പരാജയപ്പെടുത്താനുള്ള സാദ്ധ്യത വളരെ കുറവായിരുന്നുവെന്ന് സംഭവങ്ങൾ സൂചിപ്പിച്ചു. എന്തെന്നാൽ സിറിയയിൽ വെച്ചുള്ള റോമക്കാരുടെ പരാജയത്തെത്തുടർന്ന് പേർഷ്യക്കാർക്ക് കൂടുതൽ വിജയങ്ങളുണ്ടായി. റോമൻ സൈന്യം ഘട്ടംഘട്ടമായി പിൻവാങ്ങി. മർമോറാ കടൽത്തീരം വരെയെത്തി. റോമൻ സാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗത്തു നിന്ന് കോൺസ്റ്റാന്റിനോപ്പിൾ വിച്ഛേദിക്കപ്പെട്ടു. അങ്ങനെ റോമൻ സാമ്രാജ്യം ഒരു ചെറിയ സംസ്ഥാനമായി ചുരുങ്ങിപ്പോയി. എന്നാൽ ദൈവവചനം പൂർത്തീകരിക്കപ്പെടുന്നതു തന്നെയാണ്, പൂർത്തിയാവുകയും ചെയ്തു. റോമക്കാർ എണ്ണത്തിൽ വളരെ കുറവായിയിരുന്നിട്ടും പേർഷ്യക്കാരെപ്പോലെ സുസജ്ജമല്ലാതിരുന്നിട്ടും ഒരു പൂർണ്ണ വിജയം നേടി. പേർഷ്യക്കാർക്ക് ഓടിപ്പോവേണ്ടി വന്നു. അവർ പേർഷ്യയിലേക്ക് തന്നെ പിൻവാങ്ങി. റോമക്കാർ അവരുടെ ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ പുനഃപ്രവേശിക്കുകയും ചെയ്തു. പില്ക്കാലത്തെ സംബന്ധിച്ച നിരവധി പ്രവചനങ്ങൾ വിശുദ്ധ ഖുർആനിലുണ്ട്. ഉദാഹരണമായി ഒരിടത്ത് വിശുദ്ധ ഖുർആൻ പറയുന്നു:

അവൻ രണ്ടു സമുദ്രങ്ങളെ (ഭാവിയിൽ) അവ തമ്മിൽ ചേരുന്നവിധം ഒഴുക്കി വിട്ടിരിക്കുന്നു. അവ രണ്ടിനുമിടയിൽ ഒരു തടസ്സമുണ്ട്. (തന്നിമിത്തം) അവ രണ്ടും (ഇപ്പോൾ) പരസ്പരം അതിക്രമിക്കുന്നില്ല.... അവ രണ്ടിൽ നിന്നും മുത്തും പവിഴവും പുറത്തുവരുന്നു. .... കടലിൽ സഞ്ചരിക്കുന്ന, മലകളെപ്പോലെ ഉയരം കൂടിയ കപ്പലുകൾ അവന്റേതാണ് (55: 20, 21, 23, 25).

ഈ സൂക്തങ്ങൾകൊണ്ട് വിവക്ഷിക്കപ്പെട്ടതെന്തെന്നാൽ, മുത്തും പവിഴവും ശേഖരിക്കപ്പെടുന്ന വേറിട്ടു നിൽക്കുന്ന രണ്ടു സമുദ്രങ്ങൾ ഒന്നിച്ചു ചേരുമെന്നും ഭീമാകാരങ്ങളായ കപ്പലുകൾ അതിലൂടെ കടന്നുപോകുമെന്നുമാണ്. സൂയസ്, പനാമ കനാലുകൾ നിർമ്മിക്കപ്പെട്ടതോടെ ഈ പ്രവചനം പൂർത്തിയായി. ഈ കനാലുകൾ മുഖേന ബന്ധിപ്പിക്കപ്പെട്ട സമുദ്രങ്ങൾ മുത്തുകൾക്കും പവിഴങ്ങൾക്കും പ്രസിദ്ധമാണ്.

ക്രിസ്തീയ രാഷ്ട്രങ്ങളുടെ ഉന്നതിയും പുരോഗതിയും സംബന്ധിച്ച പ്രവചനങ്ങളാണ് സൂറ കഹ്ഫിൽ ഉള്ളത്. അവരുടെ നാവികസേനാശക്തിയും ഭൂമിയിലെ ഭൂരിഭാഗം സ്ഥലങ്ങളിലും അവർക്കുള്ള സ്വാധീനവും പരസ്പരമുള്ള യുദ്ധങ്ങളും ഇതിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ഇസ്‌ലാമിന്റെ അന്തിമമായ വിജയത്തെക്കുറിച്ചും ഈ സൂറയിൽ പ്രവചിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തീയ രാഷ്ട്രങ്ങളുടെ ഉത്ഥാന പതനങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളുടെ സിംഹഭാഗവും പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. അടുത്ത ഘട്ടം ഇസ്‌ലാമിന്റെ വിജയത്തെക്കുറിച്ചുള്ള പ്രവചനങ്ങളുടെ പൂർത്തീകരണമാണ്. ഒരു യൂറോപ്യൻ ക്രിസ്ത്യാനി അല്ലെങ്കിൽ യൂറോപ്യൻ നാസ്തികൻ മുസ്‌ലിംകളുടെ ഇന്നത്തെ അവസ്ഥ വെച്ചു നോക്കുമ്പോൾ ഇതിനെ പരിഹസിച്ചേക്കും. എന്നാൽ ക്രിസ്തീയ രാഷ്ട്രങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങൾ വെളിപ്പെടുത്തുകയും അവ പൂർത്തീകരിക്കുകയും ചെയ്ത ദൈവം ഇസ്‌ലാമിന്റെ വിജയത്തെ സംബന്ധിച്ചു ഈ പ്രവചനങ്ങളും പൂർത്തീകരിക്കുക തന്നെ ചെയ്യും. ഇസ്‌ലാമിന്റെ വിജയത്തിന്റെ സുദിനങ്ങൾ ഇതാ അടുത്തെത്തിയിരിക്കുന്നു. ഇസ്‌ലാമിക സൂര്യരശ്മികൾ അന്ധകാരത്തിന്റെ തിരശ്ശീല തുളച്ചുകയറുകയാണ്. ദൈവത്തിന്റെ മാലാഖമാർ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിക്കൊണ്ടിരിക്കുന്നു. സംശയലേശമെന്യെ, ഭൂമി പൈശാചിക ശക്തികളുടെ പിടിയിലാണ്. പക്ഷേ, പൈശാചികശക്തികൾക്കെതിരെയുള്ള ദൈവികശക്തിയുടെ വ്യക്തമായ വിജയത്തിന്റെ നാളുകൾ ദ്രുതഗതിയിൽ അടുത്തുവരികയാണ്. ദൈവത്തിന്റെ ഏകത്വം ശക്തമായി സ്ഥാപിക്കപ്പെടും. ഭൂമിയിൽ ദൈവരാജ്യം പടുത്തുയർത്താനും മനുഷ്യനും മനുഷ്യനും തമ്മിൽ നീതിയും ന്യായവും സ്ഥാപിച്ച് സമാധാനമുണ്ടാക്കാനും വിശുദ്ധ ഖുർആന് മാത്രമേ സാദ്ധ്യമാവൂ എന്ന് ലോകം മനസ്സിലാക്കുകയും സമ്മതിക്കുകയും ചെയ്യും.

അവലംബം : 'The Muslim Herald October 1980'

**(വിവ: കെ.വി. ഹസ്സൻ കോയ)** ■

ലേഖനം

# മഹ്ദി ഇമാമിന്റെ ആവിർഭാവം

**മൗലവി മുഹമ്മദ് യൂസുഫ്**

## മുസ്‌ലിം ലോകം നൂറ്റാണ്ടുകളായി കാത്തിരിക്കുന്ന ഇമാം മഹ്ദിയെക്കുറിച്ച് ഖുർആനിലും ഹദീസിലും നിരവധി സൂചനകളുണ്ട്

### വി:ഖുർആനും, റസൂൽതിരുമേനിയുടെ വ്യാഖ്യാനവും

هُوَ الَّذِىْ بَعَثَ فِى الْاُمِّيّٖنَ رَسُوْلًا مِّنْهُمْ يَتْلُوْا عَلَيْهِمْ اٰيٰتِهٖ وَيُزَكِّيْهِمْ وَيُعَلِّمُهُمُ الْكِتٰبَ وَالْحِكْمَةَ ۚ وَاِنْ كَانُوْا مِنْ قَبْلُ لَفِىْ ضَلٰلٍ مُّبِيْنٍ ۝٣

وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ ۗ وَهُوَ الْعَزِيْزُ الْحَكِيْمُ ۝٤

അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവരിൽ നിന്നുള്ള ഒരു ദൂതനെ എഴുന്നേൽപ്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് വായിച്ചു കേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇതിനു മുമ്പ് അവർ സ്പഷ്ടമായ വഴികേടിലായിരുന്നുവെങ്കിലും; അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും (അവൻ ദൂതനെ എഴുന്നേൽപ്പിക്കുന്നതാണ്). അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു. (62:3,4)

**വ്യാഖ്യാനം:** മേൽ ആയത്തിന്റെ വ്യാഖ്യാനമെന്ന നിലയിൽ സഹീഹ് ബുഖാരി കിത്താബുത്തഫ്സീറിൽ ഇപ്രകാരം ഒരു ഹദീസ് രേഖപ്പെടുത്തിയിരിക്കുന്നു. അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു: 'ഞങ്ങൾ നബിതിരുമേനിയുടെ സന്നിധയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ സൂറ: ജുമുഅ ഇറങ്ങാൻ തുടങ്ങി. 'വആഖരീന മിൻഹും' വരെ നബി (സ) തിരുമേനി ഓതിക്കേൾപ്പിച്ചു. ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, അവർ ആരാണ്? നബി (സ)തിരുമേനി ആദ്യം മറുപടി ഒന്നും പറഞ്ഞില്ല. മൂന്നു പ്രാവശ്യം ആവർത്തിച്ചു ചോദിച്ചപ്പോൾ നബി (സ) തിരുമേനി, സൽമാൻ ഫാർസിയുടെ മേൽ കൈവെച്ചുകൊണ്ട് ഇപ്രകാരം പ്രതിവചിച്ചു:

لَوْكَانَ الْاِيمَانُ عِنْدَ الثُّرَيَّا لَنَالَهُ رَجُلٌ اَوْ رِجَالٌ مِنْ هٰؤُلَاءِ

'ഈമാൻ സുറയ്യാ (കാർത്തിക) യുടെ അടുത്ത് ആയാലും ഇവരിൽ (പേർഷ്യൻ വംശജരിൽ) നിന്നുള്ള ചില ആളുകൾ അതിനെ കണ്ടെടുക്കുന്നതാണ്'

സൂറ: ജുംആയിലെ മേൽ ആയത്തിന്റേയും ഹദീസ് ഗ്രന്ഥമായ സഹീഹ് ബുഖാരിയിലെ വ്യാഖ്യാനത്തിന്റേയും അടിസ്ഥാനത്തിൽ ഇസ്‌ലാമിനെ പുനരുദ്ധരിക്കാനായി പേർഷ്യൻ വംശജനായ ഒരാൾ വരുമെന്ന് മുസ്‌ലിം ലോകം പ്രതീക്ഷിക്കുന്നു. കൂടാതെ 50 ഹദീസുകൾ ഈ വിശ്വാസത്തിന്നാധാരമായുണ്ട്. ഉദാഹരണമായി

قَالَ رَسُولُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ اِذَا مَضَتْ اَلْفٌ وَمِائَتَانِ وَاَرْبَعُونَ سَنَةً يَبْعَثُ اللّٰهُ الْمَهْدِيَّ

● 1240 വർഷങ്ങൾക്കുശേഷം അല്ലാഹു മഹ്ദിയെ നിയോഗിച്ചയക്കുന്നതായിരിക്കും. (കിത്താബ് അന്നജ്മുസ്സാഖിബ് വാല്യം 2, ഭാഗം, 207).

قَالَ رَسُولُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ الْاٰيَاتُ بَعْدَ الْمِائَتَيْنِ

● മഹ്ദിയുടെ അടയാളങ്ങൾ 200 വർഷങ്ങൾക്കുശേഷം പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നതായിരിക്കും എന്ന് റസൂൽ (സ) അരുൾ ചെയ്തിരിക്കുന്നു. (കിത്താ: ഇബ്നുമാജ:)

وَيَحْتَمِلُ اَنْ يَكُونَ اللَّامُ فِى الْمِائَتَيْنِ لِلْعَهْدِ اَيْ بَعْدَ الْمِائَتَيْنِ بَعْدَ الْاَلْفِ وَهُوَ وَقْتُ ظُهُورِ الْمَهْدِيِّ

'അൽമിഅത്തൈൻ' എന്ന പദത്തിൽ വന്നിരിക്കുന്ന 'അൽ' എന്നതു കൊണ്ടുള്ള വിവക്ഷ 1000 വർഷങ്ങൾക്കു ശേഷമുള്ള 200 വർഷങ്ങൾക്കു പിറകെ എന്നായിരിക്കും. അതായത് 1200 വത്സരങ്ങൾക്കു ശേഷം ഇമാം മഹ്ദിയുടെ അടയാളങ്ങൾ പ്രത്യക്ഷപ്പെടുന്നതായിരിക്കും. ആ കാലം ഇമാം മഹ്ദിയുടെ ആവിർഭാവ കാലമായിരിക്കുന്നതാണ്. ' (കിത്താബ് മിർക്കാത്ത് - മിശ്ക്കാത്തിന്റെ ശറഹ്)

## ഇമാം മഹ്ദി ആഗതനാകുന്ന രാജ്യം, സ്ഥലം

عِصَابَةٌ تَغْزُوا الْهِنْدَ وَهِيَ تَكُونُ مَعَ الْمَهْدِيِّ اسْمُهُ أَحْمَدُ

● 'അഹ്മദ്' എന്നു പേരുള്ള മഹ്ദിയോടൊപ്പം ഒരു ജമാഅത്ത് ഇന്ത്യയിൽ ജിഹാദ് (മത പ്രചാരണം) നടത്തുന്നതാണ്.' (കിത്താബ് അന്നജ്മുസ്സാഖിബ്, വാല്യം 2).

يَخْرُجُ الْمَهْدِيُّ مِنْ قَرْيَةٍ يُقَالُ لَهَا كَدعَه وَيُصَدِّقُهُ اللّٰهُ

● 'കദ്അ' എന്ന പേരിലറിയപ്പെടുന്ന സ്ഥലത്ത് ഇമാം മഹ്ദി വെളിപ്പെടുന്നതും അല്ലാഹു അദ്ദേഹത്തെ സാക്ഷ്യപ്പെടുത്തുന്നതുമാണ്. (കിത്താബ് ജവാഹിറുൽ അസ്റാർ ബിഹാറുൽ അൻവാർ വാല്യം 3 ഭാഗം 19)

لَوْ كَانَ الْإِيمَانُ عِنْدَ الثُّرَيَّا لَذَهَبَ بِهِ رَجُلٌ مِنْ أَبْنَاءِ فَارِسَ حَتَّى يَتَنَاوَلَهُ

● നബി (സ) പറഞ്ഞു: "ഈമാൻ സുറയ്യാ നക്ഷത്രത്തോളം ഉയർന്നു പോകയാണെങ്കിലും ഫാർസി വംശത്തിൽ നിന്നും ഒരാൾ അതിനെ തിരിച്ചു കൊണ്ടുവരുന്നതായിരിക്കും. (കിത്താബ് കൻസുൽ ഉമ്മാൽ വാല്യം 6 ഭാ 264)

## മഹ്ദി ഇമാമിന്റെ പേര്

عَنْ حُذَيْفَةَ قَالَ سَمِعْتُ رَسُولَ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ وَذَكَرَ الْمَهْدِيَّ اِسْمُهُ أَحْمَدُ وَعَبْدُ اللّٰهِ وَالْمَهْدِيّ

● മഹ്ദിയുടെ പേര് അഹ്മദ്, അബ്ദുല്ലാഹ്, മഹ്ദി എന്നായിരിക്കുമെന്ന് നബി (സ) അരുൾ ചെയ്തതായി ഞാൻ കേൾക്കുകയുണ്ടായി എന്ന് ഹുദൈഫ രിവായത്ത് ചെയ്യുന്നു. (കിത്താബ് ബിഹാറുൽ അൻവാർ വാ. 13 ഭാ. 174)

فَإِنَّهُ الْمَهْدِيُّ اسْمُهُ أَحْمَدُ

● ഇമാം മഹ്ദിയുടെ പേര് അഹ്മദ് എന്നായിരിക്കും" (കിത്താബ് അൽഫത്താവൽ ഹദീസിയ്യ, ഭാഗം 38)

## മഹ്ദിയുടെ അൽജമാഅത്ത്

تِلْكَ اثْنَتَانِ وَسَبْعُونَ فِرْقَةً كُلُّهُمْ فِي النَّارِ وَالْفِرْقَةُ النَّاجِيَةُ هُمْ أَهْلُ السُّنَّةِ الْبَيْضَاءِ الْمُحَمَّدِيَّةِ وَالطَّرِيقَةِ النَّقِيَّةِ الْأَحْمَدِيَّةِ

● 'എഴുപത്തിരണ്ടു കൂട്ടരും നരകത്തിൽ പതിക്കുന്നവരായിരിക്കും. മോക്ഷാർഹമായ ജമാഅത്ത് പ്രകാശിതമായ മുഹമ്മദീ സുന്നത്തുടയവരായ പരിശുദ്ധ അഹ്മദിയ്യാ ത്വരീഖത്തിൽ (പ്രസ്ഥാനത്തിൽ) പ്പെട്ടവരായിരിക്കും.' (കിത്താബ് മിർക്കാത്തുൽ മസാബിഹ്, മിശ്ക്കാത്തിന്റെ ശറഹ് വാല്യം 1 ഭാഗം. 204)

این زمان حقیقت محمدی حقیقت احمدی نام باید
ومظهر ذات احد جل سبحانه گردد

● "ആ കാലത്ത് ഹഖീഖത്ത് മുഹമ്മദിയുടെ പേര് ഹഖീഖത്തെ അഹ്മദിയ്യ എന്നായിരിക്കും. അത് (അഹ്മദിയ്യത്ത്) അല്ലാഹുവിന്റെ അഹദ് (ഏകത്വം) എന്ന സിഫത്തിനെ വെളിപ്പെടുത്തുന്നതായിരിക്കും" (കിത്താബ് റിസാല മബ്ദഅ് ഭാഗം 58. ഹസ്റത്ത് മുജദ്ദിദ് അൽഫസാനി അഹ്മദ് സർഹിന്ദി (റ) എഴുതിയത്.

### മഹ്ദിയുടെ കാലത്തുള്ള മതരംഗം

ഇമാം മഹ്ദിയുടെ ആവിർഭാവകാലത്തെ മതപരമായ സ്ഥിതികളെക്കുറിച്ചു നബി (സ) വിശദമായി പ്രവചനങ്ങൾ ചെയ്തിട്ടുണ്ട്.

● ആ കാലത്ത് ക്രിസ്തുമതത്തിന് വമ്പിച്ച അഭിവൃദ്ധിയുണ്ടാകും. ക്രിസ്തു മതത്തിനെതിരിൽ ഇസ്‌ലാം മതത്തിന്റെ ശോചനീയാവസ്ഥയെക്കുറിച്ച് നബി (സ) ഇപ്രകാരം അരുൾ ചെയ്തിരിക്കുന്നു:

بَدَأَ الْإِسْلَامُ غَرِيبًا وَسَيَعُودُ غَرِيبًا

"ഇസ്‌ലാം നിസ്സഹായതയിൽ ആരംഭിച്ചു. അതു നിസ്സഹായതയിൽ മടങ്ങും" (കിത്താബ് സഹീഹ്മുസ്‌ലിം വാല്യം 2- കിത്താബുൽ ഫിത്തൻ)

● ' ആ കാലത്ത് ഇസ്‌ലാം ആരംഭ ദശയിലെന്നപോലെ ബലഹീനമായ ഒരവസ്ഥയിലായിത്തീരും" (ഹദീസ് കിത്താബു ഇബ്നുമാജ)

### മുസ്‌ലിം സമുദായത്തിന്റെ അവസ്ഥ

● മുസ്‌ലിംകൾ പാശ്ചാത്യ പരിഷ്കാരത്തിന്റെ അനുയായികളായിത്തീരും (ഹദീസ് കിത്താബ് തിർമിദി. അദ്ധ്യായം അബ്വാബുൽ ഫിത്തൻ)

● ഇസ്ലാമിൽ അതിന്റെ പേരും ഖുർആനിൽ അതിന്റെ ലിപിയും മാത്രം അവശേഷിക്കും. പള്ളികൾ വലിയ എടുപ്പുകളും ജനബാഹുല്യമുള്ളവയുമായിരിക്കുമെങ്കിലും ഭക്തി ശൂന്യമായിരിക്കും. അവരുടെ പണ്ഡിതന്മാർ ആകാശത്തിൻ കീഴിൽ നികൃഷ്ടരായിരിക്കും. അവരിൽ നിന്ന് മതപരമായ കുഴപ്പങ്ങളുണ്ടാകും. (മിശ്ക്കാത്ത്)

● 'മുസ്ലിംകൾ നമസ്കാരം ഉപേക്ഷിക്കുകയും സക്കാത്ത് ഒരു പിഴയായി ഗണിക്കുകയും ചെയ്യും' (കിത്താബ് ഹുജജുൽ കിറാമ ഭാഗം 298, 299 – ഇബ്നു അബ്ബാസിന്റെ റിപ്പോർട്ട്)

● "അറബികൾ ഇസ്ലാം മതവുമായി വളരെ അകന്നു പോകുന്നതാണ്" (ഹസ്റത്ത് അലി (റ) യുടെ രിവായത്ത്)

● "മുസ്ലിംകൾ യഹൂദി നസാറാക്കളെ പിന്തുടരുന്ന വിശ്വാസാചാരങ്ങളിലായിരിക്കും. (കിത്താബ് മിശ്ക്കാത്ത്)

● " ആ കാലത്ത് അശ്ലീല സാഹിത്യവും വ്യഭിചാരവും വർദ്ധിക്കുകയും വ്യഭിചാര സന്തതികൾ പെരുകുകയും ചെയ്യും" (ഹുജജുൽ കിറാമ)

● "ആ കാലത്ത് മദ്യം വളരെയധികം ഉപയോഗിക്കപ്പെടും. " (കിത്താബ് മുസ്ലിം)

● "ചൂതുകളി വിപുലമായി നടമാടും"(ഗാംബ്ളിങ്ങ്, ലോട്ടറി) (കിത്താബ് ദൈലമി)

● "വിശ്വസ്തത (അമാനത്ത്) ഉയർത്തപ്പെടും" (കിത്താബ് ദൈലമി)

● "സമ്പത്തും പ്രസിദ്ധിയും മുൻനിറുത്തി ജനങ്ങൾ പ്രകീർത്തിക്കപ്പെടും. ആളുകൾ ധൈര്യവാനെന്നും ബുദ്ധിമാനെന്നും പ്രതാപശാലിയെന്നും മറ്റും പ്രകീർത്തിക്കപ്പെടും. പക്ഷെ അവരുടെ ഹൃദയത്തിൽ കടുകളവ് സത്യവിശ്വാസം ഉണ്ടായിരിക്കയില്ല." (കിത്താബ് തിർമുദി)

● ''ആ കാലത്ത് സ്ത്രീകൾ വസ്ത്രധാരണം ചെയ്താലും നഗ്നരായിരിക്കും'' (കിത്താബ് മുസ്തദ് അഹ്മദ്, ഹദീസ്)

● "സ്ത്രീകൾ ഒട്ടകത്തിന്റെ പൂഞ്ഞപോലെ തങ്ങളുടെ തലമുടി അലങ്കരിക്കും." (കിത്താബ് മുസ്നദ് അഹ്മദ്)

● "സ്ത്രീകൾ വ്യാപാരത്തിൽ പങ്കാളികളായിരിക്കും." (ഹുജജുൽ കിറാമ.)

● "സ്ത്രീകൾ പുരുഷ വേഷം ധരിച്ച് സ്വതന്ത്രരായി വിലസും." (ഇബ്നു അബ്ബാസ്)

● "പുരുഷന്മാർ സ്ത്രീകളെപ്പോലെ വസ്ത്രധാരണം ചെയ്യും. അവരെപ്പോലെ ചമഞ്ഞു നടക്കും." (ഹുദൈഫത്തുബ്നുയമാൻ)

● "ആ കാലത്ത് പെട്ടെന്നുള്ള മരണങ്ങൾ (ഹൃദയ സ്തംഭനം മുതലായ) അധികമായുണ്ടാകും." (കിത്താബ് ദൈലമി)

കുറിപ്പ് : ഈ അടയാളം ബൈബിളിലുമുണ്ട്.

● "പലിശയിടപാട് വളരെയേറെ വർദ്ധിക്കും." (ബാങ്കിങ്ങ്, ഇൻഷൂറൻസ് മുതലായവ) (ദൈലമി)

● "ഭരണാധികാരികൾ വർദ്ധിക്കും."(ജനപ്രതിനിധികൾ ഭരണകർത്താക്കളായിത്തീരും) (ഹുദൈഫ)

മുകളിൽ വിവരിച്ച ഹദീസുകളുടെ രത്നച്ചുരുക്കം 1980 ഒക്ടോബർ 17-ാം തീയ്യതി പ്രസിദ്ധീകരിച്ച സമസ്ത കേരള സുന്നികളുടെ മുഖപത്രമായ 'അന്നസിം' മാസികയിൽ "മഹ്ദി (റ) പുറപ്പെടുന്ന 27 അടയാളങ്ങൾ" എന്ന പേരിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു.

1. നമസ്കാരം കൃത്യസമയം വിട്ട് പിന്തിക്കൽ
2. മനുഷ്യൻ ഇച്ഛക്കൊത്ത് ജീവിക്കൽ.
3. സ്ത്രീ പുരുഷന്മാർ ഇടകലർന്നു നടക്കൽ
4. സ്ത്രീകൾ ശരിയായ മറയില്ലാതെ നടക്കൽ.
5. പലിശയിടപാട് വ്യാപിക്കൽ.
6. വ്യഭിചാരം സർവ്വസാധാരണമാവൽ
7. കൂറ്റൻ എടുപ്പുകൾ ഉണ്ടാവൽ
8. കളവ് കുറ്റകരമല്ലാതാവൽ
9. കൈക്കൂലി വാങ്ങൽ
10. ദീനിനെ ദുൻയാവിന് പകരം വിൽക്കൽ
11. കുടുംബബന്ധം പുലർത്താതിരിക്കൽ.
12. നിസ്സാരന്മാരായ നേതാക്കളുണ്ടാകൽ
13. സ്വന്തം നഫ്സിനെ ശ്രേഷ്ഠമായിക്കാണൽ
14. സഹായികൾ ദ്രോഹികളാവൽ
15. ഖുർആൻ ഓതുന്നവർ ദുഷ്ച്ചെയ്തികൾ പ്രവർത്തിക്കൽ.
16. വിശ്വസിച്ചവർ വഞ്ചിക്കപ്പെടൽ
17. വിവാഹമോചനം വർദ്ധിക്കൽ
18. കള്ള സാക്ഷികൾക്കു സ്വീകാര്യതയുണ്ടാവൽ
19. കള്ളുകുടി വർദ്ധിക്കൽ
20. സക്കാത്ത് കൊടുക്കാതിരിക്കൽ
21. മന്ത്രിമാർ അസത്യം പറയൽ.
22. നിന്ദ്യന്മാർക്ക് വഴിപ്പെടൽ
23. ഭരണാധികാരികളിൽ നിന്നു വമ്പിച്ച നാശം അനുഭവപ്പെടൽ
24. ഭക്ഷ്യവസ്തുക്കൾ കൊണ്ട് ലുബ്ധ് കാണിക്കൽ.
25. സിറിയയിൽ അബൂസുഫിയാന്റെ സന്തതികളിൽപ്പെട്ട ഒരു രാജാവ് പുറപ്പെടൽ.
26. റമസാൻ (ഒന്നിന്) ചന്ദ്രഗ്രഹണവും (15)ന് സൂര്യഗ്രഹണവും അനുഭവപ്പെടൽ.
27. റുക്കുനൽ അസ്വദിന്റെയും ഇബ്രാഹിം മഖാമിന്റെയും ഇടയിൽ വെച്ചു റസൂൽ (സ) തങ്ങളുടെ സന്താന പരമ്പരയിൽപ്പെട്ട ഒരു കുട്ടിയെ കൊലപ്പെടുത്തൽ.

*(തുടരും)* ■

# സൂറ: കഹ്ഫിലെ തോട്ടമുടമയുടെ ഗുണപാഠകഥ

ഏ. പി. കുഞ്ഞാമു

**ക്രിസ്ത്യാനികളുടെ ഇന്നത്തെ ഭൗതികോന്മുഖമായ പുരോഗതി ആത്മീയ ശൂന്യമാണെന്നും അത് തകർന്നടിയുന്നതാണെന്നും ഖുർആൻ സൂചിപ്പിക്കുന്നു**

പൊതുവെ മുസ്‌ലിം വ്യാഖ്യാതാക്കൾ സുറ: കഹ്ഫിലെ ഗുണപാഠ കഥകൾക്കും അതേ പോലെയുള്ള മറ്റു സംഭവങ്ങളുടെ വിവരണങ്ങൾക്കും അന്തസ്സാര ശൂന്യമായ വെറും കഥകളെന്ന നിലയിലാണ് വിശദീകരണം നൽകിയത്. അതുകൊണ്ടു തന്നെ ഇസ്‌ലാമിന്റെ വിമർശകർക്ക് പ്രസ്തുത സൂറത്തിനെ അത്ഭുത കഥകളുടെ ഒരു സമാഹാരമെന്നു വിശേഷിപ്പിക്കേണ്ടിവരുന്നു. അതിൽ പ്രയുക്തമായ സംഭവങ്ങൾ ഒരു കേന്ദ്രത്തിൽ ഒതുക്കിനിർത്താൻ അവർക്ക് സാധിച്ചില്ല. സൂറയുടെ തുടക്കത്തിൽ ആദിമ ക്രിസ്ത്യാനികളുടെ 309 കൊല്ലത്തെ ഗുഹാ ജീവിതത്തെക്കുറിച്ചു പരാമർശിച്ച ഖുർആൻ 309 കൊല്ലങ്ങൾക്ക് ശേഷം കോൺസ്റ്റൻയിൽ രാജാവിന്റെ കാലം മുതൽ അവർക്കുണ്ടായ പുനരുത്ഥാനത്തെക്കുറിച്ചും പരാമർശിക്കുന്നു. ആ പ്രതാപത്തിന്റെ കാലഘട്ടം ഇരുനൂറു മുന്നൂറു കൊല്ലങ്ങൾക്കിടവരെ തുടർ ന്നു. അതിനുശേഷം അവർ പിന്നെ ഒരായിരം കൊല്ലം ഉറങ്ങി. എന്നുവെച്ചാൽ ഇസ്‌ലാമിന്റെ ആവിർഭാവം തൊട്ടു ആയിരം കൊല്ലം പ്രസ്തുത ഉറക്കം ഉണ്ടാകുമെന്നും പ്രസ്തുത സൂറ: സൂചന നൽകി. ആ ഉറക്കത്തിൽ നിന്നും അവർ ഉണർന്നത് എ. ഡി. പതിനേഴാം നൂറ്റാണ്ടിലാണെന്നും നമുക്ക് മനസ്സിലായി. പാശ്ചാത്യ നവോത്ഥാനം എന്നറിയപ്പെടുന്ന ക്രിസ്ത്യാനികളുടെ രാഷ്ട്രീയവും ഭൗതികവുമായ ഈ നവജാഗരണത്തെയാണ് യഅ്ജൂജ് മഅ്ജുജിന്റെ (ഗോഗ് മഗോഗ്) വെട്ടിപ്പിടുത്തമായി വ്യാഖ്യാനിക്കുന്നത്. ഭൗതികമായ അവരുടെ ഈ അഭ്യുത്ഥാനത്തിന് ശേഷം ആകാശത്തു കൂടിയും കരയിലൂടെയും കടലിലൂടെയുമുള്ള ത്വരിത ഗമനങ്ങളെക്കുറിച്ചുള്ള വിശുദ്ധ ഖുർആന്റെ പ്രവചന പൂർത്തീകരണമാണ് നമുക്ക് കാണാൻ സാധിച്ചത്. അതേപോലെ അല്ലാഹുവിന് ഒരു പുത്രനെ സങ്കല്പിച്ചുള്ള അവരുടെ ആത്മീയാവസ്ഥയെ 'ദജ്ജാൽ' എന്നാണ് തിരുനബിയുടെ (സ.അ) തിരുവചനങ്ങളിൽ കൂടി നമുക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഈസ്റ്റിന്ത്യാ കമ്പനിക്കാർ ആദ്യമായി ഇന്ത്യയിൽ കാലുകുത്തിയത് ഒരു വർത്തക സംഘമായിട്ടായിരുന്നു. അവരോടൊപ്പം ഒരു സംഘം ക്രിസ്തീയ പുരോഹിതരുമുണ്ടായിരുന്നു. അവരുടെ രാഷ്ട്രീയമായ ഈ നവോത്ഥാനം തീക്കളിയായി ഭാവിയിൽ രൂപപ്പെടുമെന്നും അതു അറബികൾക്ക് വിനാശമായിത്തീരുമെന്നും അരുപ്പാടുകളിലും വിശുദ്ധ ഖുർആനിൽ കൂടെയും അല്ലാഹു മുസ്‌ലിംകളെ ഓർമ്മപ്പെടുത്തുന്നു. ഈ യഅ്ജൂജ് മഅ്ജൂജ് ദജ്ജാലി ശക്തികളെ ലോക നിർമ്മിതമായ ആയുധങ്ങൾ കൊണ്ടോ യുദ്ധമുറകൾ കൊണ്ടോ നേരിടാൻ മുസ്‌ലിംകൾക്ക് സാദ്ധ്യമല്ല. ഈ ശക്തികൾ വിതക്കുന്ന നാശങ്ങളിൽ നിന്നു രക്ഷ കിട്ടണമെങ്കിൽ അല്ലാഹു അയക്കുന്ന മഹ്ദീ മസീഹിൽ വിശ്വസിക്കുകയാണ് വേണ്ടത്. ദൈവികാജ്ഞയാൽ അദ്ദേഹം രൂപം നൽകുന്ന ഒരു സാമൂഹിക ക്രമത്തിൽ അംഗങ്ങളായിക്കൊണ്ട് പ്രാർത്ഥനാ നിർഭരമായ ഒരു ആദ്ധ്യാത്മിക ജീവിതം മുസ്‌ലിംകൾ നയിക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ പുനരുജ്ജീവനമെന്നു കൂടി വിവക്ഷിക്കപ്പെട്ടിട്ടുള്ള ഈ മാർഗ്ഗത്തിലൂടെയാണ് ആഗോള വ്യാപകമായി മുസ്‌ലിം സമുദായത്തെയും മനുഷ്യന്റെ ആത്മീയ സംസ്കരണത്തെയും വലയം ചെയ്ത്

നശിപ്പിക്കുന്ന പാശ്ചാത്യ ക്രൈസ്തവ ശക്തികളുടെ നാശം സംഭവിക്കുക. എന്താണ് ഇസ്‌ലാമിക പ്രമാണങ്ങളിലെ പ്രവചനങ്ങളുടെ പൊരുൾ? മഹ്ദി മസീഹിന്റെ ശ്വാസത്താൽ ദജ്ജാൽ കൊല്ലപ്പെടുമെന്ന് ആലങ്കാരികാർത്ഥത്തിൽ പറയപ്പെട്ടത് അദ്ദേഹത്തിന്റെ പ്രാർത്ഥനയെയും പ്രഘോഷണങ്ങളെയും കുറിച്ചാണ്.

ഇനി നാം പ്രസ്തുത സൂറ:യിൽ വിവരിക്കപ്പെട്ട രണ്ടാളുകളുടെ ഗുണപാഠകഥകളിലേക്ക് പ്രവേശിക്കാം. "നീ അവർക്ക് രണ്ടാളുകളുടെ കഥ ഒരു ഉപമയായി വിവരിച്ചുകൊടുക്കുക. അവരിൽ ഒരാൾക്ക് രണ്ട് മുന്തിരിത്തോട്ടങ്ങൾ നാം ഉണ്ടാക്കിക്കൊടുത്തു. അവ രണ്ടിനേയും നാം ഈത്തപ്പഴത്തോട്ടങ്ങൾ കൊണ്ടു ചുറ്റിവളയുകയും അവ രണ്ടിനുമിടയിൽ ഒരു ധാന്യവയൽ ഉണ്ടാക്കുകയും ചെയ്തു." (18-33).

ഒരു ഗുണപാഠ കഥയെന്നോണമാണ് ഇതാരംഭിക്കുന്നത്. രണ്ടാളുകൾ എന്നത് രണ്ടു സമുദായങ്ങളുടെ പ്രതീകങ്ങളാണ്. ഗുണപാഠകഥകൾ സ്വപ്ന ദൃഷ്ടാന്തങ്ങളെ വ്യാഖ്യാനിക്കുന്ന രീതിയിൽ വിവരിക്കേണ്ടിയിരിക്കുന്നു. ഇത് ഒരു പ്രത്യേക കാലഘട്ടത്തിലെ മുസ്‌ലിംകളുടെയും ക്രിസ്തീയരുടെയും അവസ്ഥയെയാണ് പ്രതിനിധാനം ചെയ്യുന്നത്. അതുകൊണ്ടു തന്നെ ഇതിലെ സംഭാഷണങ്ങൾ ഈ രണ്ടുകൂട്ടരുടെ അവസ്ഥാ വിശേഷങ്ങളെയാണ് സൂചിപ്പിക്കുന്നത്. അവസാനകാലത്തെ മുസ്‌ലിംകളുടെ അധ:പതനാവസ്ഥയും ക്രിസ്തീയ രാഷ്ട്രങ്ങളുടെ ഭൗതിക പുരോഗതിയുടെ ഔന്നത്യത്തെയും കുറിച്ച് ഒരു സംഭാഷണത്തിൽ കൂടി ഭാവിയിൽ നടക്കാനുള്ള കാര്യങ്ങളെ അല്ലാഹു നമുക്ക് മനസ്സിലാക്കിത്തരുന്നു. ഖുർആന്റെ ഇത്തരം ഗഹനങ്ങളായ പ്രതിപാദന രീതി അല്ലാഹുമായി അടുത്ത ബന്ധമുള്ളവർക്കാണ് കൂടുതൽ മനസ്സിലാവുക. അറബി ഭാഷ പഠിച്ചതു കൊണ്ടു മാത്രം വിശുദ്ധഖുർആന്റെ ദിവ്യജ്ഞാനം അവർക്ക് മനസ്സിലായി ക്കൊള്ളണമെന്നില്ല. സ്വപ്ന ശാസ്ത്രപ്രകാരം തോട്ടം എന്നതുകൊണ്ടുള്ള വിവക്ഷ ഭാര്യാസന്താനങ്ങൾ, സുഭിക്ഷത, സന്തോഷ നിർഭരമായ ജീവിതം, എന്നിങ്ങനെയാണ്. ചിലപ്പോൾ പട്ടാളക്കാരുടെ കാവൽ സംഘത്തെയും പട്ടാള കേമ്പുകളെയും സൂചിപ്പിക്കുന്നു. "മുന്തിരി" സൂചിപ്പിക്കുന്നത് ധാരാളം ഭക്ഷ്യപദാർത്ഥങ്ങളെയാണ്. ഭക്ഷ്യ പദാർത്ഥങ്ങൾ അനേക കാലത്തേക്ക് സൂക്ഷിച്ചു വെക്കുന്നതിനെ സൂചിപ്പിക്കുന്നു. "ഈത്തപ്പഴ വൃക്ഷങ്ങൾ" എന്നാൽ ഒരു വലിയ ജനവിഭാഗത്തിന്റെ നേതൃത്വം, ധാന്യങ്ങൾ എന്നതുകൊണ്ടുള്ള വിവക്ഷ സാമ്രാജ്യത്തെ വ്യാപിപ്പിക്കൽ, അരുവികൾ" എന്നതിന്റെ വിവക്ഷ കാര്യശേഷിയുള്ള ആൾക്കാർ, "പഴങ്ങൾ" പുതിയ പുതിയ ബഹുമാന്യത (താത്തീറുൽ അനാം)

ഈ കഥ വിവരിക്കുന്നത് രണ്ടു വ്യക്തികളുടെ അവസ്ഥയാണ്. അതിൽ ഒരാൾക്ക് രണ്ടു തോട്ടങ്ങൾ ഉണ്ട്. എന്നുവെച്ചാൽ അല്ലാഹു ഒരാൾക്ക് അദ്ദേഹത്തിന്റെ ജീവിതത്തിലെ രണ്ടു ഘട്ടങ്ങളിലായി ധാരാളം സന്താനങ്ങളും സ്വത്തുക്കളും സുഖ സമ്പൂർണ്ണമായ ജീവിതം നയിക്കാനുള്ള അവസ്ഥയും ഉണ്ടാക്കിക്കൊടുത്തു. ഈ വ്യാഖ്യാനത്തെ ഈ കഥയിലെ 35 -ാമത്തെ വചനം "ഞാൻ നിന്നേക്കാൾ കൂടുതൽ സമ്പത്തുള്ളവനാണ് ആൾ ബലത്തിൽ ഏറ്റവും ശക്തനുമാണ്" എന്നത് സാക്ഷീകരിക്കുന്നു. അതിന്റെ ചുറ്റും ഈത്തപ്പനകൾ കൊണ്ടു വലയം ചെയ്തിരിക്കുന്നു എന്ന പരാമർശം സൂചിപ്പിക്കുന്നത്, അവന്റെ എല്ലാ സമ്പാദ്യങ്ങളെയും ഒരു വലിയ വ്യൂഹം പട്ടാളക്കാർ സംരക്ഷിക്കുമെന്നാണ്. "ഇതിന്റെ നടുവിലായി ധാന്യവയൽ ഉണ്ട് എന്നുവെച്ചാൽ ഇതിന്റെ മദ്ധ്യത്തിൽ സാധാരണ വലിയ സംരക്ഷണമില്ലാത്ത മറ്റു സ്വത്തുക്കൾ ഉണ്ടെന്നാണ്. തുടർന്നു ഖുർആൻ പറയുന്നു: " ആ രണ്ടു തോട്ടങ്ങളും അവയുടെ ഫലങ്ങൾ ധാരാളമായി നൽകിക്കൊണ്ടിരുന്നു. അതിന് ഒരു കുറവും വരുത്തിയില്ല. അവ രണ്ടിനുമിടയിലൂടെ നാം ഒരു അരുവി ഒഴുക്കുകയും ചെയ്തു." (18:35). ഇതിൽ പറയപ്പെട്ട രണ്ടു തോട്ടങ്ങൾ എന്നുള്ളത് ഒരു വലിയ തോട്ടത്തിന്റെ നടുഭാഗങ്ങളാണ്. യഥാർത്ഥത്തിൽ ഒറ്റത്തോട്ടമാണ്. കൂടാതെ പ്രസ്തുത തോട്ടം തുടർച്ചയായി ഫലം നൽകും എന്ന് പറഞ്ഞതിലും ഇത് യഥാർത്ഥമായ ജഡികമായ തോട്ടമല്ല, മറിച്ച്, ഒരു ആലങ്കാരിക പ്രയോഗമാണ് എന്നാണ് മനസ്സിലാകുന്നത്. തോട്ടങ്ങളിൽ ഫലങ്ങൾ ഓരോരോ സീസണിലാണു ലഭിക്കുക. എപ്പോഴും ലഭിക്കുകയില്ല. തുടർന്നുള്ള വചനം ശ്രദ്ധിക്കുക " അവന് ധാരാളം ഫലങ്ങൾ ലഭിക്കുന്നുണ്ടായിരുന്നു. അപ്പോൾ തന്റെ കൂട്ടുകാരനോട് സംസാരിച്ചുകൊണ്ടിരിക്കുന്നവൻ പറഞ്ഞു. ഞാൻ നിന്നേക്കാൾ കൂടുതൽ സമ്പത്തു ള്ളവനാണ്. ആൾ ബലത്തിൽ ഏറ്റവും ശക്തനുമാണ്. (18:35). ഈ സൂറയുടെ ആരംഭത്തിൽത്തന്നെ റസൂൽ തിരുമേനി (സ. അ) അദ്ദേഹത്തിന്റെ ദൗത്യം മക്കക്കാരെ അറിയിച്ചുകഴിഞ്ഞിരുന്നു. ഇനി തിരുമേനി (സ. അ) തന്റെ ദൗത്യം ക്രിസ്തീയജനതയോടു പ്രഖ്യാപിക്കാൻ തുടങ്ങുകയാണ്. ഈ ഗുണപാഠ കഥ അതിനെയാണു സൂചിപ്പിക്കുന്നത്. അപ്പോൾ ക്രിസ്തീയ സഹോദരങ്ങളുടെ അഹംഭാവത്തോടെയുള്ള ആത്മ പ്രശംസയാണ് നാം ഇവിടെ കാണുന്നത്. അതുകൊണ്ടുതന്നെ തിരുമേനിക്ക് അവരുടെ ആദ്യ കാലത്തെ ചരിത്രം അനുസ്മരിക്കേണ്ടിവന്നു. ഏക ദൈവ വിശ്വാസത്തെയും ആരാധനയെയും സംരക്ഷിക്കാൻ അവരുടെ പൂർവ്വികർ ചെയ്ത ത്യാഗത്തെപ്പറ്റി പറയേണ്ടിവന്നു. പിന്നീട് അവരുടെ പിൻതലമുറക്കാർ ഏക ദൈവ സിദ്ധാന്തത്തിൽ നിന്നു വഴിമാറി ബിംബാരാധകരായി മാറുകയും വെറും ഭൗതികതയിൽ നിമഗ്നമായ ജീവിതത്തിന് ഉടമകളായി മാറുകയും ചെയ്തു.

വിശുദ്ധഖുർആനിലെ ഈ കഥ ബൈബിളിലെ മുന്തിരിത്തോട്ട ഗുണപാഠ കഥയോടു വളരെ സാദൃശ്യമുള്ളതാണ്. (മത്തായി 21:33-46 ലൂക്ക് 20:9-19)

അതും രണ്ടു ജനതകളെപ്പറ്റിയാണ്

പറയുന്നത്. അവ മുസ്‌ലിംകളും ക്രിസ്ത്യാനികളുമാണ്. വിശുദ്ധ ഖുർആനിൽ പറയപ്പെട്ട കഥയിലെ തോട്ടത്തിന്റെ ഉടമ ക്രിസ്ത്യാനികളാണ്. മുന്തിരിയും വൈനും പ്രതിനിധാനം ചെയ്യുന്നതു അവരുടെ സമ്പത്തും സന്താനങ്ങളുമാണ്. ഈത്തപ്പനവേലി അവരുടെ പട്ടാളങ്ങളുടെ ശക്തി ദ്യോതിപ്പിക്കുന്നു. അവരുടെ അതിരുകളും, സമ്പത്തും ശക്തിയും പ്രതാപവുമെല്ലാം അവരുടെ പട്ടാളശക്തിയിലായിരിക്കും. രണ്ടു തോട്ടങ്ങൾ കൊണ്ടു ഉദ്ദേശിക്കപ്പെട്ടത് അവരുടെ ചരിത്രത്തിൽ രണ്ടു തവണ അവർക്ക് പ്രശസ്തമായ മുന്നേറ്റത്തിന്റെ അവസ്ഥയുണ്ടാകും എന്നാണ്. ആദ്യത്തേത് ഇസ്‌ലാമിന്റെ ആവിർഭാവത്തിന് മുമ്പും രണ്ടാമത്തെ ഘട്ടം 19-ാം നൂറ്റാണ്ടിന്റെ പ്രാരംഭ ഘട്ടത്തിലുമായിരുന്നു. പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ 19-ാം നൂറ്റാണ്ടിലെത്തിയപ്പോഴേക്കും അവർ ലോകത്തിലെ വലിയ ശക്തിയായി മാറിയിരുന്നു. നാനാമുഖമായ അഭിവൃദ്ധിയുടെയും ശാസ്ത്രീയ കണ്ടുപിടിത്തങ്ങളുടെയും ഉച്ചിയിൽ അവർ വിഹരിച്ചു. ഈ രണ്ടു നവോത്ഥാനത്തിനിടയിൽ കുറച്ചു കാലം അവർ മെതിക്കപ്പെട്ടിരുന്നു. അതാണ് നടുവിൽ കൂടി ധാന്യവയലുകൊണ്ടുള്ള വിവക്ഷ. ഇത് ഇസ്‌ലാമിന്റെ ഉയിർത്തെഴുന്നേല്പിന്റെ കാലമായിരുന്നു. ഈ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ ദിവ്യസന്ദേശവും സാഹോദര്യവും സമാധാനവും ലോകത്തെ വലിയ ഒരു ജനവിഭാഗത്തെ സ്വാധീനിക്കുകയുണ്ടായി. വിശുദ്ധ ഖുർആൻ ഒരു പുതിയ ചിന്താധാരക്ക് തിരി കൊളുത്തി. പുതിയ ആകാശവും പുതിയ ഭൂമിയും അതു പ്രദാനം ചെയ്തു. അതു മനുഷ്യരാശിയുടെ ഭൗതികവും ആത്മീയവുമായ മാർഗ്ഗദർശനമായിത്തീർന്നു. ക്രിസ്തീയ ജനതയുടെ രണ്ടാമത്തെ ഘട്ടമായ "അവർക്ക് ധാരാളം പഴങ്ങൾ ലഭിച്ചു" എന്ന ഖുർആൻ വാചകത്തിലെ സൂചന അവരുടെ സമ്പന്നമായ അവസ്ഥയാണ്. ശാസ്ത്ര സാങ്കേതിക രംഗത്തുള്ള പുരോഗതി അവരുടെ ഭൗതികമായ ഉയർച്ചക്ക് തിളക്കം കൂട്ടി. "ഞാൻ നിന്നെക്കാൾ സമ്പന്നനാണ്, മാനുഷിക ശക്തിയിലും ഞാൻ മുമ്പനാണ്" എന്ന വിശുദ്ധഖുർആന്റെ അമ്പാഖ്യാനരൂപത്തിലുള്ള പരാമർശം അവരുടെ രാഷ്ട്രീയ സ്വാധീനത്തെയും ശക്തിയെയും പ്രതാപത്തെ യും സാമ്രാജ്യത്വപ്രവണതയെയും സൂചിപ്പിക്കുന്നു. മാത്രമല്ല മുസ്‌ലിംകളുടെ പതിതാവസ്ഥയും. ക്രിസ്തീയ മുന്നേറ്റവും അവരുടെ മതത്തിന്റെ സത്യസാക്ഷ്യമായും അവർ കരുതുന്നു. തുടർന്ന് വിശുദ്ധഖുർആൻ പറയുന്നു: "തന്റെ ആത്മാവിനോടു തന്നെ അക്ര മം പ്രവർത്തിച്ചുകൊണ്ടിരിക്കെ അവൻ തന്റെ തോട്ടത്തിൽ പ്രവേശിച്ചു. അവൻ പറഞ്ഞു: "ഇത് എപ്പോഴെങ്കിലും നശിച്ചുപോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല.'' (18:36). ഭൗതികമായ അവന്റെ അവസ്ഥ അവനെ അഹങ്കാരിയും അഹംഭാവിയുമാക്കി. അവൻ സ്വയം ഹുങ്കോടു കൂടി പറഞ്ഞു: "ഇപ്പോഴുള്ള എന്റെ ഭൗതികമായ അവസ്ഥക്ക് യാതൊരു കേടും വരാതെ കാലാകാലം നിലനിൽക്കും." അവരുടെ പാപപങ്കിലമായ ഭൗതികാസക്തിയെയാണ് ഈ അഹങ്കാരം ദ്യോതിപ്പിക്കുന്നത്. തുടർന്നു പറയുന്നു: "നിശ്ചിത നാശത്തിന്റെ സമയം വരുമെന്നും ഞാൻ കരുതുന്നില്ല. ഇനി ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് തിരിച്ചയക്കപ്പെട്ടാൽത്തന്നെയും ഇതിനേക്കാൾ നല്ലൊരു രക്ഷാ സങ്കേതം ഞാൻ കരുതുന്നതാണ്. " (18:39)

പാശ്ചാത്യ ക്രൈസ്തവ സംസ്കാരത്തിൽ വലിയൊരു വിഭാഗം ഐഹിക ജീവിതം മാത്രമേയുള്ളൂ എന്ന് കരുതുന്ന ഭൗതികോന്മുഖരാണ്. മറ്റൊരുകൂട്ടർ മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്നവരും. ഈ രണ്ടിൽ ഏതൊന്നായാലും യേശുവിന്റെ കുരിശ് മരണത്തിൽ വിശ്വസിക്കുന്നത് മുഖേന മരണാനന്തര ജീവിതത്തിൽ ശ്രദ്ധയില്ലാത്തവന് സുഖ സമ്പൂർണ്ണമായ സമ്പന്ന ജീവിതം ഇവിടെ ലഭിക്കും. ഇനി മരണാന്തര ജീവിതമുണ്ടെങ്കിൽത്തന്നെയും യേശുവിന്റെ ദിവ്യബലിയിൽ വിശ്വസിക്കുന്നതുകൊണ്ട് ഇവിടുത്തേക്കാൾ സുഖസൗകര്യമായ ജീവിതം മരണാനന്തരം ലഭിക്കുമെന്നാണ് പറയുന്നത്. ഇതൊക്കെ അവരുടെ മതത്തിന്റെ സത്യസാക്ഷ്യമായി അവർ വീമ്പിളക്കുകയാണ്. അവരുടെ വിശ്വാസം സ്വർഗ്ഗം അവർക്ക് മാത്രമാണെന്നാണ്, മറ്റുള്ളവർക്ക് അത് പ്രാപ്യമല്ലെന്നും. ഖുർആന്റെ മേൽ വിവരണത്തിൽ നിന്ന് ഇത് മനസ്സിലാക്കാം.

അവന്റെ കൂട്ടുകാരൻ അവനുമായി സംഭാഷണം നടത്തികൊണ്ടിരിക്കെ അവനോടു പറഞ്ഞു: "നിന്നെ ആദ്യം മണ്ണിൽ നിന്നും പിന്നെ രേതസ്സ് കണത്തിൽ നിന്നും സൃഷ്ടിക്കുകയും എന്നിട്ട് നിന്നെ ഒരു ഉത്തമ പുരുഷനാക്കി രൂപപ്പെടുത്തുകയും ചെയ്തിരിക്കുന്നവനെ നീതി നിഷേധിക്കുന്നുവോ?" (18:38)

അഹംഭാവിയായ കൂട്ടുകാരനോട് പതിതാവസ്ഥയിലായ ഒരു ദരിദ്രനായ മുസ്‌ലിം കൂട്ടുകാരന്റെ പ്രതികരണമാണ് നാം ഇവിടെ കാണുന്നത്. ദൈവികമായി അവനു ലഭിച്ച അനുഗ്രഹങ്ങളിൽ നിന്ന് സ്വയം അഹംഭാവി ആകാതെ താഴ്മയായി വിനയവുമുള്ള അവസ്ഥ കൈക്കൊള്ളാനാണ് മുസ്‌ലിം ഈ ക്രിസ്ത്യാനിയെ ഉപദേശിക്കുന്നത്. ഏറ്റവും പതിതമായ ഒരവസ്ഥ തരണം ചെയ്തിട്ടാണ് നീ ഇവിടെ എത്തിയത് എന്നും അവനെ അനുസ്മരിപ്പിക്കുന്നു. ഇന്നത്തെ മുസ്‌ലിംകളുടെയും ക്രിസ്തീയരുടെയും രാഷ്ട്രീയ അവസ്ഥയാണ് നാം ഉപമാകഥയിൽ ദർശിക്കുന്നത്. തുടർന്നുകൊണ്ടു മുസ്‌ലിം സുഹൃത്തു പറയുന്നതു കാണുക.

"എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം ഞാൻ വിശ്വസിക്കുന്നത് അല്ലാഹു മാത്രമാണ് എന്റെ നാഥൻ എന്നത്രെ. എന്റെ നാഥന്റെ കൂടെ ഞാൻ ഒരാളേയും പങ്കാളിയാക്കുകയില്ല. നിന്റെ തോട്ടത്തിൽ നീ പ്രവേശിച്ചപ്പോൾ അല്ലാഹു ഉദ്ദേശിച്ചതാണ് (സംഭവിക്കുക). അല്ലാഹുവിങ്കൽ നിന്നല്ലാതെ ഒരു ശക്തിയും ലഭിക്കുകയില്ല എന്ന് എന്തുകൊണ്ടു നീ പറഞ്ഞില്ല? നിന്നേക്കാൾ സമ്പത്തും സന്തതിയും കുറഞ്ഞവനായി നീ എന്നെ കാണുന്നെ

ങ്കിൽ - നിന്റെ തോട്ടത്തേക്കാൾ നല്ലത് എന്റെ നാഥൻ എനിക്ക് തന്നേക്കാം. അതിന്മേൽ (നിന്റെ തോട്ടത്തിന്മേൽ) അവൻ ഒരു ഇടിത്തീ അയക്കുകയും അങ്ങനെ അത് വഴുവഴുപ്പുള്ള തരിശു ഭൂമിയായി മാറുകയും ചെയ്തേക്കാം - അല്ലെങ്കിൽ അതിലെ വെള്ളം വറ്റി വരണ്ടു പോയേക്കാം. അപ്പോൾ നിനക്ക് അതിനെ അന്വേഷിക്കാൻ സാധിക്കുകയില്ല. അങ്ങനെ അവന്റെ ഫലങ്ങൾ നശിപ്പിക്കപ്പെട്ടു. തോട്ടം പന്തലുകളോടെ നിലംപതിച്ചതായിരിക്കെ (അതുകണ്ട്) താൻ അതിൽ ചെലവഴിച്ചതിനെക്കുറിച്ച് സങ്കടപ്പെട്ടുകൊണ്ടു അവൻ തന്റെ കൈപ്പടങ്ങൾ മലർത്തുകയായി. അവൻ പറയുന്നുണ്ടായിരുന്നു: "ഹാ! ഞാൻ എന്റെ നാഥനോട് മറ്റാരേയും പങ്കുചേർക്കാതിരുന്നെങ്കിൽ എത്ര നന്നായേനെ." അല്ലാഹുവിനു പുറമെ അവനെ സഹായിക്കാൻ ഒരു കൂട്ടരും ഉണ്ടായിരുന്നില്ല. സ്വയം സഹായിക്കാൻ അവന് കഴിവുണ്ടായിരുന്നില്ല. അത്തരം സന്ദർഭങ്ങളിൽ യഥാർത്ഥ സഹായം അല്ലാഹുവിന്റേത് മാത്രമാണ്. പ്രതിഫലം നൽകുന്നതിൽ ഏറ്റവും ഉത്തമൻ അവനാണ്. പരിണത ഫലം നൽകുന്നതിലും ഉത്തമൻ അവൻ തന്നെ (18:39-48). വിശുദ്ധ ഖുർആൻ പാശ്ചാത്യ ക്രിസ്തീയ ശക്തികളുടെ ഇന്നത്തെ അവസ്ഥയും നാളെ അവർക്കായി അല്ലാഹു സംഭരിച്ചുവെച്ചിരിക്കുന്ന പരിതാപകരമായ അവസ്ഥയും എത്ര സുതാര്യതയോടെയാണ് പ്രതിപാദിച്ചിരിക്കുന്നത്? ഈ വചനങ്ങൾ ശ്രദ്ധിച്ചാൽ അഹങ്കാരികളും അഹംഭാവികളുമായ ഈ ക്രിസ്തീയ പാശ്ചാത്യ ശക്തികളെ അല്ലാഹു ഭയങ്കരമായ ശിക്ഷക്ക് വിധേയമാക്കാൻ പോകുന്ന പ്രവചനങ്ങളാണ് അർത്ഥശങ്കക്കിടയില്ലാതെ അല്ലാഹു പറഞ്ഞു മനസ്സിലാക്കിത്തരുന്നത്. ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത് മുസ്‌ലിം രാഷ്ട്രങ്ങളുടെ പരിതാവസ്ഥയും ക്രിസ്തീയ രാഷ്ട്രങ്ങൾ ഉത്തുംഗസ്ഥാനത്ത് വിരാജിക്കുന്ന ഈ സന്ദർഭത്തിൽ അവർക്ക് സംഭവിക്കാൻ പോകുന്ന പതിതാവസ്ഥയെക്കുറിച്ചു അവരെ ബോധവൽക്കരിക്കണമെന്നാണ്. അവൻ ദൈവേതര വസ്തുക്കളെ ആരാധിക്കുന്നതിൽ നിന്ന് പിന്തിരിഞ്ഞു ഏകദൈവ വിശ്വാസത്തിൽ വരുകയും തൗറാത്തിലും ഇഞ്ചീലിലും പ്രവചിക്കപ്പെട്ട ആശ്വാസപ്രദൻ, സത്യത്തിന്റെ ആത്മാവ്, സർവ്വ സത്യത്തിലും വഴി നടത്തുന്നവൻ എന്ന് വിശേഷിപ്പിക്കപ്പെട്ട ലോക ഗുരുവായ മുഹമ്മദ് നബി (സ)യിൽ വിശ്വസിക്കുകയും അദ്ദേഹത്തിന്റെ പ്രതിപുരുഷനും യേശുവിന്റെ സാദൃശ്യത്തിൽ രക്ഷകനായി വന്ന മസീഹ് ഹസ്റത്ത് അഹ്മദ് (അ) വിശ്വസിക്കുകയും ചെയ്താൽ അല്ലാഹു അവർക്കായി തയ്യാർ ചെയ്ത മൂന്നാം ലോക മഹായുദ്ധത്തിന്റെ അവസ്ഥയിൽ കരുതിവച്ച ശിക്ഷയിൽ നിന്നും അവർക്ക് രക്ഷപ്പെടാം എന്നാണ്. വിശുദ്ധ ഖുർആന്റെ മേൽ പ്രവചനത്തിന്റെ വെളിച്ചത്തിൽ ഈ സന്ദേശം അവരെ ധരിപ്പിക്കൽ ഏറ്റവും ആവശ്യമാണ്. അതാണ് ഇന്ന് അഹ്മദി മുസ്‌ലിംകൾ ആധുനിക ദൃശ്യമാധ്യമമായ അഹ്മദിയ്യാ മുസ്‌ലിം ടെലിവിഷൻ (എം.ടി.എ. മുഖേന ക്രിസ്തീയ ലോകത്തെ അറിയിച്ചുകൊണ്ടിരിക്കുന്നത്.

ഈ വിശുദ്ധഖുർആൻ വചനങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാകുന്ന കാര്യം ആയുധങ്ങൾ കൊണ്ടു മാത്രമായിരിക്കയില്ല അവരുടെ നാശം, മറിച്ച്, ദൈവിക ശിക്ഷ ഇടിനാദമായി അവരെ പിന്തുടരുമെന്നാണ്. ഈ ദജ്ജാലി ശക്തി രണ്ടു ശാക്തികച്ചേരികളായി പിരിഞ്ഞ് യഅ്ജൂജ്, എന്നും മഅ്ജൂജ് എന്നും നാമധേയത്തിൽ അവർ ഇതുവരെ ശേഖരിച്ചുവെച്ച എല്ലാ ആയുധങ്ങളുമായുള്ള സംഘട്ടനത്തിൽ നശിക്കുമെന്നും അതുപോരാതെ വരുമ്പോൾ ആകാശത്തുനിന്ന് ശിക്ഷകൾ ഇറക്കാനുമുള്ള ഒരുക്കങ്ങൾ അണിയറയിൽ നടന്നു കഴിഞ്ഞു. അതെപ്പോൾ എന്ന ചോദ്യം മാത്രം നമ്മെ ഉറ്റുനോക്കുന്നു.

ഒരു യഥാർത്ഥ മുസ്‌ലിമിന്റെ ഹൃദയം മറ്റുള്ളവരോടു ദയാ ദാക്ഷിണ്യമുള്ളതായിരിക്കും. അതുകൊണ്ടു തന്നെ ക്രിസ്തീയ സഹോദരന്റെ അഹംഭാവ പ്രകൃതിയും ദൈവത്തിന് പങ്കുകാരെ കല്പിച്ചുള്ള ആത്മീയ വശവും, ഭോഗേച്ഛയെ പരിപോഷിപ്പിക്കുന്ന രൂപത്തിലുള്ള ഈ പ്രപഞ്ചത്തോടുള്ള ആസക്തിയും അതു നേടാനുള്ള ഹീനമായ ശ്രമവും എല്ലാ അതിർവരമ്പുകളും കടന്നുള്ളതാണെന്നു ഈ മുസ്‌ലിം സുഹൃത്തു അവനെ ഉപദേശിക്കുന്നു.

മേൽ ആയത്തിൽ പ്രയുക്തമായിരിക്കുന്നത് തോട്ടം എന്ന ഏക വചനമാണ്. കാരണം ആദ്യത്തെ തോട്ടം ആ കാലഘട്ടം പിന്നിട്ടു. ഇപ്പോൾ രണ്ടാമത്തെ തോട്ടമാണുള്ളത്. എന്നുവെച്ചാൽ ക്രിസ്തീയ രാഷ്ട്രങ്ങളുടെ സുഭിക്ഷതയുടെ രണ്ടാമത്തെ ഘട്ടം. അതുകൊണ്ടാണ് ഏക വചനത്തിൽ പ്രയുക്തമായിരിക്കുന്നത്. ഒന്നാമത്തെ ഘട്ടം ഇസ്‌ലാമിനു മുമ്പുള്ളതായിരുന്നു.

ദൈവിക ശിക്ഷ യുദ്ധ രൂപത്തിലും ആകാശത്ത് നിന്നുള്ള ശിക്ഷാ രൂപത്തിലും സംഭവിക്കുമെന്നും മനസ്സിലാകുന്നു. കൂടാതെ അതിലെ വെള്ളം വറ്റിപ്പോകുമെന്ന പ്രയോഗവും അവരുടെ കൗശലങ്ങളും, ബുദ്ധിയും ശാസ്ത്രീയ ത്വരയും അസ്തമിച്ചു പോകുമെന്നാണ് മനസ്സിലാക്കുന്നത്. അവർ ഇതുവരെ കെട്ടിപ്പൊക്കിയ ബഹുനിലകെട്ടിടങ്ങളും സൗധങ്ങളും എല്ലാം നിലപൊത്തുന്ന അവസ്ഥയാണ് തോട്ടം പന്തലുകളോടെ നിലം പതിക്കുക" എന്ന പ്രയോഗം കൊണ്ടുള്ള വിവക്ഷ. അങ്ങനെ അവസാനം എല്ലാം നഷ്ടപ്പെട്ടശേഷമാണ് അവനു പ്രായശ്ചിത്തമുണ്ടാകുന്നത്. അപ്പോഴേക്കും സംഭവിക്കേണ്ടതു സംഭവിച്ചിരിക്കും. ഈ വിഷമഘട്ടങ്ങളിൽ സർവ്വേശ്വരനായ ഏക ദൈവത്തിൽ ശരണം പ്രാപിച്ചുകൊണ്ടുള്ള മുസ്‌ലിമിന്റെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുകയും ഈ സംഭവത്തിന് ശേഷം അവന്റെ ഉയിർത്തെഴുന്നേൽപ്പ് സംഭവിക്കുകയും ചെയ്യും. അതായത് അരുളപ്പാടിൽ പറയപ്പെട്ടതുപോലെ യഅ്ജൂജ് മഅ്ജൂജ് തമ്മിലുള്ള

*(ശേഷം 40 -ാം പേജിൽ)*

ലേഖനം

# ചാണിനു ചാണായും മുഴത്തിനു മുഴമായും!

കുഞ്ഞാലൻ ഹാജി

**അവസാനകാലത്തെ മുസ്‌ലിം സമുദായം യഹൂദി നസാറാക്കളുടെ ദുഷ്കൃത്യങ്ങൾ അണുകിട തെറ്റാതെ പിന്തുടരുമെന്ന് റസൂൽ തിരുമേനി (സ) യുടെ പ്രവചനമാണ്. ആ സാദൃശ്യങ്ങൾ ലേഖകൻ വിവരിക്കുന്നു.**

ദൈവ നിയോഗിതരായ പുണ്യാത്മക്കളെ നിഷേധിക്കാനും നിരാകരിക്കാനും ആയിരമായിരം ദുർന്യായങ്ങൾ ഉന്നയിക്കാൻ കഴിഞ്ഞേക്കും. സത്യാത്മാക്കളെ അംഗീകരിക്കണമെങ്കിൽ കളങ്കം കലരാത്ത ശുദ്ധ പ്രകൃതിയുള്ളവർക്ക് ഹിദായത്തിനുള്ള തൗഫീഖ് ലഭിക്കുകയും വേണം. പണ്ഡിത പുരോഹിത വർഗ്ഗമാണ് എക്കാലത്തും പുണ്യാത്മാക്കൾക്കെതിരിൽ അണിനിരന്നിട്ടുള്ളതെന്ന് വിശുദ്ധ ഖുർആനും തിരുഹദീസുകളും ചരിത്ര ഗ്രന്ഥങ്ങളും സാക്ഷ്യപ്പെടുത്തുന്നുണ്ട്. അവർക്ക് മാത്രമേ പ്രമാണങ്ങൾ വളച്ചൊടിച്ചും ദുർവ്യാഖ്യാനം നൽകിയും പാമര ജനങ്ങളെ വഴിപിഴപ്പിക്കാൻ കഴിയൂ. അതവരുടെ സ്വാർത്ഥ താല്പര്യ സംരക്ഷണത്തിനും നിലനിൽപ്പിനും അനിവാര്യവുമാണ്. അത്തരം പണ്ഡിതന്മാരെപ്പറ്റി വിശുദ്ധ ഖുർആനിലും നബി വചനങ്ങളിലും ഒരുപാട് പരാമർശങ്ങളും ശാപോക്തികളുമുണ്ട്.

ഇക്കാലത്തെ സകല കക്ഷികളിലും പെട്ട സർവ്വ പണ്ഡിതന്മാരുടെയും എല്ലാവിധ എതിർപ്പുകൾക്കും പാത്രീഭൂതമായ ഏക കക്ഷി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മാത്രമാണ്. എന്നാൽ ഓരോ എതിർപ്പും അഭിമുഖീകരിക്കേണ്ടിവരുമ്പോഴും വിശുദ്ധഖുർആനിലെ വാഗ്ദാനങ്ങളും തിരുനബി (സ) യുടെ പ്രവചനങ്ങളും അക്ഷരാർത്ഥത്തിൽ പുലർന്നു കൊണ്ടിരിക്കുന്നതായിട്ടാണ് അഹ്മദികൾക്ക് അനുഭവപ്പെടാറുള്ളത്. അൽഹംദുലില്ലാഹ്.

''എന്റെ സമുദായം ചാണിനു ചാണായും മുഴത്തിനു മുഴമായും മുൻ സമുദായങ്ങളെ തുടരും" എന്ന് തിരുമേനി (സ) അരുളിയപ്പോൾ സ്വഹാബാക്കൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, മുൻ സമുദായം എന്ന് പറഞ്ഞത് യഹൂദീ-നസാറാക്കളണോ എന്ന്. ഫമൻ? പിന്നെ ആര്? എന്നാണ് പ്രവാചകൻ തിരിച്ചു ചോദിച്ചത്. ഈ സാദൃശ്യം എങ്ങനെയൊക്കെയാണ് പുലർന്നുകൊണ്ടിരിക്കുന്നത് എന്ന് സാമാന്യമായി പരിശോധിക്കാം.

ഈയ്യിടെ മുജാഹിദ് (മടവൂരി) ഗ്രൂപ്പിലെ ഒരു പ്രസിദ്ധീകരണത്തിൽ "മുസ്‌ലിംകളെ അധ:പതനത്തിൽ നിന്ന് മോചിപ്പിക്കാൻ ഒരു മഹ്ദീ മസീഹ് വരുമെന്ന് ഖുർആനിലെ യാതൊരു ആയത്തിലും നബി (സ) യുടെ യാതൊരു ഹദീസിലും പറഞ്ഞിട്ടില്ല" എന്ന് എഴുതിക്കണ്ടു. എങ്കിൽ അങ്ങനെ ഒരാളെ അംഗീകരിക്കേണ്ടതില്ല, വ്യാജവാദിയായി തള്ളിക്കളയുകയുമാണ് വേണ്ടതെന്നാണ് ടിയാന്റെ നിലപാട്. മസീഹിനെ നിഷേധിച്ച പഴയ യഹൂദിയുടെ ചാണും മുഴവും അളവു തെറ്റാതെ വഹാബികൾ അനുകരിക്കുന്നത് കാണുക.

ഇസ്രായിൽ സന്തതികളെ ഉദ്ധരിക്കാൻ കന്യകയുടെ മകനായി ഒരു ഈസബ്നു മറിയം ആഗതനാവുമെന്ന് തൗറാത്തിലെ യാതൊരു ആയത്തിലും മൂസാ നബിയുടെ യാതൊരു ഹദീസിലും പറയാത്തത് കൊണ്ട് ഈസാ (അ) ആഗതനായപ്പോൾ യഹൂദികൾ അംഗീകരിച്ചില്ലെന്ന് മാത്രമല്ല വ്യാജവാദിയും നഊദുബില്ലാഹ് ജാര സന്തതിയുമായി ചിത്രീകരിക്കുകയും ദൈവദൂഷണം ആരോപിച്ചു കുരിശിലേറ്റുകയും ചെയ്തു. **(സാദൃശ്യം -1)**

എക്കാലത്തേയും ലോകാനുഗ്രഹിയായ മുഹമ്മദ് എന്ന് പേരുള്ള ഒരു പ്രവാചകൻ മക്കയിൽ അവതരിക്കുമെന്ന് തൗറാത്തിലെയും ഇഞ്ചീലിലെയും യാതൊരു ആയത്തിലും മൂസാ-ഈസാ എന്നിവരുടെ യാതൊരു ഹദീസിലും പറയാത്തത് കൊണ്ട് ജൂത-ക്രൈസ്തവർ മുഹമ്മദ് നബി (സ) യെ അംഗീകരിച്ചില്ല. വ്യാജവാദിയും നഊദുബില്ലാഹ് അന്തിക്രിസ്തു (ദജ്ജാൽ)വും ആയി ചിത്രീകരിക്കുകയും ചെയ്തു. **(സാദൃശ്യം 2)**

യഹൂദികൾ അവരിലേക്ക് ദൈവമയച്ച മസീഹിനെ നിഷേധിച്ചുകൊണ്ട്

ദാവൂദ് നബിയുടെ സിംഹാസനത്തിൽ ചെങ്കോലേന്തി ഭരിക്കുന്ന ഒരു ഭരണ മസീഹിനെയും അങ്ങോർക്ക് വഴിയൊരുക്കാൻ ആകാശത്തിൽ നിന്നിറങ്ങിവരുന്ന ഏലിയാ പ്രവാചകനെയും കാത്ത് ഇന്നും വാനലോകത്തിൽ കണ്ണും നട്ടിരിക്കുകയാണ്. അപ്രകാരം ഇസ്ലാമിന്റെ പുനരുദ്ധാരണത്തിന് അല്ലാഹു നിയോഗിച്ചയച്ച മസീഹിനെ നിരാകരിക്കുയും ഒരു കയ്യിൽ വാളുമേന്തി മലക്കുകളുടെ അകമ്പടിയോടെ ആകാശത്തിൽ നിന്നിറങ്ങിവരുന്ന ഒരു യോദ്ധ്യ മസിഹീനെ പ്രതീക്ഷിക്കുകയും ചെയ്യുന്നു. അദ്ദേഹം ഘോര യുദ്ധത്തിന് ശേഷം ഭരണം നടത്തുമെന്ന ആശയിലാണ് ലോക മുസ്ലിംകൾ നക്ഷത്രമെണ്ണി കഴിയുന്നത് . **(സാദൃശ്യം - 3)**

മസീഹിനെ നിഷേധിച്ച യഹൂദികൾ കഠിനമായി പീഡിപ്പിക്കപ്പെടുമെന്നും (സൂറ: അഅ്റാഫ് :168) ഹീനത്വവും പരാധീനതയും അവരിൽ മുദ്രണം ചെയ്തിരിക്കുന്നുവെന്നും (5:113) ഖുർആൻ പറയുന്നു. മസീഹിനെ നിഷേധിച്ച ലോക മുസ്ലിമിന്റെ ഗതിയെന്താണ്? പീഡനങ്ങളും ഹീനത്വവും പരാധീനതയുമല്ലാതെ മുസ്ലിംകൾക്ക് എന്താണ് ഒരു വിശേഷം?. **(സാദൃശ്യം-4)**

ഈസ്രായീൽ മക്കൾ തങ്ങളുടെ പണ്ഡിത പുരോഹിതന്മാരെ റബ്ബുകളാക്കി വെച്ചു എന്ന ആയത്ത് അവതരിച്ചപ്പോൾ യഹൂദി മതത്തിൽ നിന്ന് ഇസ്ലാം ആശ്ലേഷിച്ച ഒരാൾ പറഞ്ഞു: നബിയേ; ഞങ്ങൾ പുരോഹിതന്മാരെ ആരാധിച്ചിരുന്നില്ലല്ലോ എന്ന്. ഇല്ല. പക്ഷേ അവർ ഹലാലാക്കിയത് നിങ്ങൾ ഹലാലായും അവർ ഹറാമാക്കിയത് നിങ്ങൾ ഹറാമായും സ്വീകരിച്ചു എന്നാണ് തിരുനബി (സ) പ്രതികരിച്ചത്. അതിനേക്കാൾ ഒരു പടികൂടി കയറി ഇക്കാലത്തെ സാധാരണ മുസ്ലിം തങ്ങൾക്ക് ബുദ്ധിശക്തിയും ചിന്താ സ്വാതന്ത്ര്യവുമില്ലെന്ന അപകർഷതാ ബോധത്തിനടിമപ്പെട്ടു പണ്ഡിത നേതാക്കളുടെ താന്തോന്നിത്ത ഫത്വകൾക്ക് ലബ്ബൈക്ക് പറഞ്ഞുകൊണ്ടിരിക്കുകയാണ്. **(സാദൃശ്യം - 5)**

അവർ യഹൂദന്മാരിൽപ്പെട്ടവരാണ്. അവർ ദൈവിക വചനങ്ങളെ അവയുടെ സ്ഥാനങ്ങളിൽ നിന്നു തെറ്റിച്ചു കളയുന്നു. അവർ പറയുന്നു: ഞങ്ങൾ കേൾക്കുകയും ധിക്കരിക്കുകയും ചെയ്തു. (സൂറ. അന്നിസാ). 'അവർ (യഹൂദികൾ) നിങ്ങളെ വിശ്വസിക്കുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടോ? അവരിലൊരു വിഭാഗക്കാർ അല്ലാ ഹുവിന്റെ വചനങ്ങളെ കേൾക്കുകയും പിന്നെ അവ ഗ്രഹിച്ച ശേഷം മനഃപൂർവ്വം മാറ്റി മറിക്കുകയും ചെയ്യുന്നവരാണല്ലോ? (അൽബഖറ). തൗറാത്തിനേക്കാൾ സുശക്തവും സംരക്ഷിതവുമാണ് ഖുർആൻ. അല്ലാഹുവിന്റെ സംരക്ഷണ വാഗ്ദാനമുള്ള മുഹമ്മദീ മസീഹായ ഹസ്റത്ത് അഹ്മദി (അ) നെ നിഷേധിക്കുന്നവർ ആ ഖുർആനെപ്പോലും അട്ടിമറിക്കാൻ ശ്രമിക്കുമ്പോൾ മറ്റൊരു സാദൃശ്യവും ഇവിടെ പൂർത്തിയാവുകയാണ്. അതായത് 'പ്രവാചകന്മാരിൽ ശ്രേഷ്ഠൻ', 'പ്രവാചകന്മാരുടെ മുദ്ര' എന്നീ അർത്ഥങ്ങളിൽ ഖുർആനിൽ പ്രയുക്തമായ 'ഖാത്തമുന്നബിയ്യീൻ' എന്ന പദത്തെ 'ഖാതിമുന്നബിയ്യീൻ' എന്ന് അച്ചടിച്ച് പ്രസിദ്ധീകരിക്കാനും ഉച്ചരിച്ച് പ്രചരിപ്പിക്കാനും മുസ്ലിംകളിലെ യഹൂദിയ്യത്ത് ധൃഷ്ടമാവുന്നു. ഖുർആന്റെ മറ്റുപല വിവക്ഷിതാർത്ഥങ്ങൾക്കെല്ലാം ഇവർ തെറ്റായ അർത്ഥം നൽകുന്നു. **(സാദൃശ്യം - 6)**

മുസ്ലിം നാടുകളിൽ മുഹമ്മദീ മസീഹിനെ (അ) വിശ്വസിച്ച അഹ്മദികളുടെ പള്ളിപൊളിക്കലും അവരെ മർദ്ദിക്കലും ഏറ്റവും ക്രൂരമായ പെരുമാറ്റവും അവരുടെ മൃഗീയ വിനോദമാണ്. അനുകമ്പയോ കാരുണ്യമോ ഈ മുസ്ലിം നേതാക്കൾ കാണിക്കാറില്ല. പണം അമുക്കിയതിന്റെ പേരിൽ ഓരോ കക്ഷികളും ഗ്രൂപ്പ് തിരിഞ്ഞിരിക്കുകയാണ്. പിന്നെ ഒരു കൂട്ടർ സലഫി പ്രവർത്തനം, മറ്റൊരു കൂട്ടർ സുന്നത്ത് പ്രവർത്തനങ്ങളുമായി ദീനിനെ വിടാതെ സേവിച്ചുകൊണ്ടിരിക്കുകയുമാണ്. പല മഞ്ഞ പ്രസിദ്ധീകരണങ്ങളിലും ഇവരുടെ നേതാക്കന്മാർ വില്ലന്മാരാണ്. പല ദിനീ നേതാക്കന്മാരുടെ പേരിലും പണാപഹരണത്തിന്റെയും മറ്റു പല അഗമ്യഗമനങ്ങളുടേയും ആരോപണങ്ങളുണ്ട്. യഹൂദികളെപ്പറ്റി ഖുർആൻ പറയുന്നു: പാപകൃത്യങ്ങളിലും അതിക്രമങ്ങളിലും നിഷിദ്ധ വസ്തുക്കൾ ഭക്ഷിക്കുന്നതിലും ധൃതിപ്പെട്ടു ചെയ്യുന്നവരായി അവരിൽ അധികപേരേയും നീ കാണുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ഏറ്റവും ചീത്തയായിട്ടുള്ളതത്രെ. (അൽമാഇദ) **(സാദൃശ്യം 7)**

ഇങ്ങനെ നോക്കിയാൽ എണ്ണിയാലൊടുങ്ങാത്ത സാദൃശ്യങ്ങൾ കണ്ടെത്താൻ കഴിയും. ചാണിനു ചാണും മുഴത്തിനു മുഴവുമായി യഹൂദികളെ പിന്തുടരുന്ന മുസ്ലിം പണ്ഡിതന്മാർ ഇന്ന് ആഗോള തലത്തിൽ സമുദായത്തെ എത്തിച്ചിരിക്കുന്നത് അസമാധാനത്തിലേക്കാണ്. അമേരിക്കയുടെ അടിമകളായ അറബി ഏമാൻമാരിൽ നിന്നുള്ള നക്കാപ്പിച്ച നിന്നു പോകുമോ എന്ന ഭീതിയിൽ ഇപ്പോഴത്തെ സലഫികൾക്കും വിപ്ലവകാരികളായ ജമാഅത്തുകാർക്കും ഗൾഫ് ശൈഖന്മാരും രാജാക്കന്മാരും കാണപ്പെട്ട ദൈവമാണ്. അതിൽ ശബാബ് എന്ന ഒരു പത്രത്തിന്റെ മാതൃകാ രാജ്യം തന്നെ ഇബ്നു സഊദ് സ്ഥാപിച്ച സഊദി അറേബ്യയാണ്. ഇസ്ലാമെന്നാൽ അത്ഭുതമാണ്, അതിശയിപ്പിക്കുന്നതാണ്, അമ്പരിപ്പിക്കുന്നതാണ് എന്നു വിളിച്ചു പറയുന്ന ഇക്കൂട്ടർ യഹൂദിലുടെ തന്ത്ര കുതന്ത്രങ്ങൾ അളവും തൂക്കവും കുറയാതെ പയറ്റുകയാണ്. ഇവർക്കുണ്ടോ ദീനി സ്നേഹം! കുഞ്ചൻ നമ്പ്യാർ പറഞ്ഞതുപോലെ 'ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം'. ■

## യഹുദികളും വിശ്വാസവും

പത്തു യഹൂദർ എന്നിൽ വിശ്വസിച്ചിരുന്നുവെങ്കിൽ യഹൂദരെല്ലാം എന്നിൽ വിശ്വസിക്കുമായിരുന്നു.

***മുഹമ്മദ് നബി (സ) (ബുഖാരി)***

കവിത

# പരിശുദ്ധ ഖുർആൻ

## സി. എച്ച്. അബ്ദുൽ ഹമീദ്, പഴയങ്ങാടി

പരിശുദ്ധ ഖുർആൻ ദിവ്യസാരോപദേശം
പവിത്രനാം അല്ലാഹുവിൻ സമ്മാനഗ്രന്ഥം
ജ്ഞാന വിജ്ഞാനം പകരും വിദ്യാലയം
ശാന്തി സമാധാനമേകും പാവനതീർത്ഥം

അല്ലാഹുവിൻ വരദാനം മാനവസർവം
അനുഗ്രഹ വർഷപാദ മാർഗം
മുത്ത് പവിഴം വിളയും മഹാസാഗരം
സത്യവിശ്വാസികൾക്കല്ലേ നിധി ഭണ്ഡാരം

ദൂത് നൽകി സർവ്വനാഥൻ സ്നേഹസമേതം
തുറന്നത് നോക്കീടണം ആദ്യാവസാനം
സർവശക്തനല്ലാഹുവിൻ സ്വർഗ്ഗീയ ലോകം
ചിത്രണം ചെയ്തൊരു ദിവ്യ പത്രം

ഇഹപര ജീവിതത്തിൽ നന്മ നിർഝരം
ഏകിടുന്നാത്മീയമായ മഹനീയ വേദം
ശൈഥാനിൻ ദുർമന്ത്രണങ്ങൾക്കതീതം
മർത്ത്യരെ മാലാഖയാക്കുന്ന മന്ത്രം

മസീഹുസ്സമാൻ തന്റെ സ്പർശത്താൽ
സാരസംവർദ്ധിതാസ്വാദ്യ
ഖുർആൻ ലിപികൾ മാത്രം ശേഷിച്ചത് കാലം
ഫാരിസീ വംശജൻ നൽകി സംരക്ഷണം

തൗഹീദിൻ വൻ നാദ മിസ്ലാമിൻ കാഹളം
സത്യമുസ്ലിംകൾ ഖിറാഅത്തിൽ നിരതം
ലാഇലാഹ ഇല്ലല്ലാഹ് ഹൃത്തിലാരവം
മുഹമ്മദുർ റസൂലുല്ലാഹി നെഞ്ചിലാദരം

■

*(37 -ാം പേജിൽ നിന്ന് തുടർച്ച)*

സംഘട്ടനത്തിനും ദജ്ജാലിന്റെ നാശത്തിനും ശേഷം ഇസ്ലാമിന്റെ പുനരുത്ഥാനത്തിന്റെ കാലഘട്ടമായിരിക്കും. ഇസ്ലാമിന്റെ വിജയത്തിന്റെ കാലഘട്ടമായിരിക്കും. ഇതെല്ലാം തന്നെ വാഗ്ദത്ത മസീഹിന്റെ കാലവും അദ്ദേഹത്തിന്റെ ജമാഅത്തിന്റെ കാലഘട്ടവുമായും ബന്ധപ്പെട്ടതാണ്. യേശു അവരെ രക്ഷിക്കുമെന്ന മിഥ്യാ വിശ്വാസത്തിൽ നിന്നും അവശേഷിക്കുന്നവർ പിൻമാറുകയും അവരും ഏക ദൈവത്തിൽ വിശ്വസിച്ചു തുടങ്ങുകയും ചെയ്യും. ആ മിഥ്യാ വിശ്വാസം അവരെ രക്ഷിച്ചില്ലെന്നും ആ വിശ്വാസം അബദ്ധമായിപ്പോയെന്നും അവർ മനസ്സിലാക്കും. അവർ പ്രതീക്ഷിച്ച യേശുവിന്റെ ആഗമനം കാണായ്കയാൽ അവരും, ഈസാ നബി (അ)യുടെ ആഗമനം കാണായ്കയാൽ മുസ്ലിംകളും നിരാശയിലായി ഒടുവിൽ മസീഹിന്റെ ജമാഅത്തിൽ കൂട്ടം കൂട്ടമായി പ്രവേശിക്കും. ഈ സംഭവങ്ങൾ അഹ്മദി മുസ്ലിംകൾ ക്രിസ്തീയ സഹോദരങ്ങളെയും മുസ്ലിംകളെയും ബോധവൽക്കരിക്കേണ്ടതാണ്.

ചുരുക്കത്തിൽ, ഏതെങ്കിലും വിപത്ത് വന്നാൽ ദൈവത്തിന് മാത്രമേ നമ്മെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ. എല്ലാ ശക്തിയും ആ ദൈവത്തിനുള്ളതാണ്. ക്രിസ്തീയ പാശ്ചാത്യ സമ്പന്ന രാഷ്ട്രങ്ങളുടെ അധ:പതനവും ഇസ്ലാമിന്റെ ഉയിർത്തെഴുന്നേല്പുമാണ് ഇവിടെ പ്രതിപാദിക്കപ്പെട്ടത്.

■

### മനുഷ്യന്റെ മറവി

തന്റെ നാഥന്റെ ദൃഷ്ടാന്തങ്ങൾ അനുസ്മരിപ്പിക്കപ്പെട്ടിട്ട് അതിൽ നിന്ന് മുഖം തിരിച്ചുകളയുകയും തന്റെ രണ്ടു കൈകൾ പ്രവർത്തിച്ചത് മറന്നുകളയുകയും ചെയ്തവനേക്കാൾ വലിയ ദ്രോഹി മറ്റാരാണ്? ***വി. ഖുർആൻ(18:58).***

**കുറിപ്പുകൾ**

**മുസാഫിർ**

# വധശിക്ഷയും മാപ്പും

പതിനാല് വർഷങ്ങൾക്ക് മുമ്പ് കൽക്കത്തയിലെ പതിനാലുകാരിയായ ഹേതൻ പരേഖ് എന്ന സ്കൂൾ വിദ്യാർത്ഥിനിയെ അതിനിഷ്ഠൂരമായി ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയ ധനഞ്ജയ് ചാറ്റർജിയെ അലിപൂർ ജയിലിൽ വെച്ച് ആഗസ്റ്റ് 14ന് തൂക്കിക്കൊന്നു. ധനഞ്ജയന്റെ ദയാഹരജി തള്ളിക്കളഞ്ഞ ഇന്ത്യൻ പ്രസിഡണ്ടിന്റെ ഉത്തരവ് സുപ്രിം കോടതി ശരി വെച്ചതോടെ വധശിക്ഷ നടപ്പാക്കുകയായിരുന്നു.

ലോകത്ത് 75 രാജ്യങ്ങളിൽ വധശിക്ഷ നിരോധിച്ചിരിക്കയാണ്. 20 ഓളം രാജ്യങ്ങൾ വധശിക്ഷ നിർത്തലാക്കാനുള്ള ആലോചനയിലാണ്. വർഷം തോറും 37,000 ത്തോളം കൊലപാതകങ്ങൾ നടക്കുന്ന ഇന്ത്യയിലും വധശിക്ഷ നിരോധിക്കുന്നത് സംബന്ധിച്ച വിവാദം ഈ വിധിയെ തുടർന്ന് നടക്കുകയാണ്. നിഷ്ഠൂരമായ കൊലപാതകം നടത്തിയ ധനഞ്ജയന് വധശിക്ഷ തന്നെ നൽകണമെന്ന് ബംഗാൾ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ ശഠിച്ചപ്പോൾ ചില മനുഷ്യാവകാശ പ്രവർത്തകരും സാംസ്കാരിക, സാഹിത്യ പ്രമുഖരും വധശിക്ഷ മനുഷ്യത്വ വിരുദ്ധമാണെന്ന നിലപാടാണ് സ്വീകരിച്ചത്.

കുറ്റകൃത്യങ്ങളെ സംബന്ധിച്ചും ശിക്ഷാശാസ്ത്രത്തെ സംബന്ധിച്ചും ആധുനിക കാലത്ത് വളരെയേറെ പഠനങ്ങൾ നടന്നിട്ടുണ്ട്. പഴയകാലത്തിൽ നിന്നും വിഭിന്നമായി വ്യക്തിയെപോലെ സമൂഹത്തിനും കുറ്റകൃത്യങ്ങളിൽ പങ്കുണ്ട് എന്നാണ് ആധുനികസമീപനം. 'കുറ്റം സമൂഹം ഒരുക്കിവെക്കുന്നു കുറ്റവാളി അത് നിർവ്വഹിക്കുന്നു' എന്നാണ് കുറ്റത്തെ സംബന്ധിച്ച പുതിയഭാഷ്യം. ആധുനികസമൂഹത്തിന്റെ അതിസങ്കീർണ്ണമായ ജീവിതപരിസരം സമ്മാനിക്കുന്ന മനശ്ശാസ്ത്രപരവും സാമ്പത്തികവും സാമൂഹികവുമായ കാരണങ്ങളെപ്പറ്റി കുറ്റശാസ്ത്രവും (Criminology) ശിക്ഷാശാസ്ത്രവും (Penology) അഗാധമായ അവബോധം നേടിയിട്ടുണ്ട്. പെരുമാറ്റ ശാസ്ത്രം, ജീവരസതന്ത്രം, ജനിതകശാസ്ത്രം മുതലായ ആധുനിക വിജ്ഞാനശാഖകളും മറ്റ് മാനവീയ ശാസ്ത്രങ്ങളും ഇത് സംബന്ധിച്ച പഠനങ്ങളെ കൂടുതൽ വിശാലമാക്കുന്നു. കുറ്റവാളിക്കും സമൂഹത്തിനും ഒരു പാഠം എന്ന നിലക്ക് ശിക്ഷ പ്രതികാരാത്മകം (Retributive) ആയിരിക്കുന്നതോടൊപ്പം അത് കുറ്റവാളിയിൽ പരിഷ്കരണങ്ങൾ വരുത്തുന്നതായിരിക്കണം (Reformative) എന്നുമാണ് ആധുനിക സങ്കല്പം. പ്രതികാരാത്മകം എന്നതിനേക്കാൾ പരിഷ്കരണാത്മകം എന്ന വശത്തിന് ഊന്നൽ നൽകാനാണ് ആധുനികനീതിപീഠങ്ങൾ താല്പര്യപ്പെടുന്നത്. ഇതിന്നായി കുറ്റകൃത്യങ്ങൾക്ക് കാരണമാകുന്ന സാഹചര്യങ്ങളിൽ നിന്ന് വ്യക്തിയെ മാറ്റി നിർത്തി കുറ്റം ചെയ്യാതിരിക്കാൻ പ്രേരിപ്പിക്കുക (Deterence) പ്രായവും ബുദ്ധിസ്ഥിരതയില്ലായ്മയും പരിഗണിച്ച് കുറ്റം ചെയ്തവരെ കുറ്റവാളിയല്ലാതായി പരിഗണിക്കുക (Incapacitation) പശ്ചാത്താപബോധമുണ്ടായ കുറ്റവാളികളെ സമൂഹത്തിൽ സാധാരണ പൗരന്മാരായി കണക്കാക്കി ജീവിക്കാൻ അനുവദിക്കുക (Rehabilitation) ജനിതകവൈകല്യമുള്ള കുറ്റവാളികളെ ചികിത്സിച്ചു ഭേദമാക്കുക (Therapeutic Treatment) മുതലായ സംഗതികൾ ആധുനിക നീതിപീഠങ്ങൾ പരിഗണിക്കുന്നു. ഇതെല്ലാം ഉൾക്കൊണ്ടാൽ തന്നെ കുറ്റകൃത്യങ്ങൾ മനുഷ്യന്റെ മനസ്സാക്ഷിയോടും സമൂഹത്തോടും ചെയ്യുന്ന ഹീനമായ കൃത്യം തന്നെയാണ് എന്ന വീക്ഷണം ഉപേക്ഷിക്കാൻ അടിസ്ഥാനപരമായി നീതിപീഠങ്ങൾക്ക് സാധ്യമല്ല.

കുറ്റത്തേയും ശിക്ഷയേയും സംബന്ധിച്ച വിശുദ്ധ ഖുർആന്റെ പരാമർശങ്ങൾ ആധുനികമായ നീതിസങ്കല്പങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്നത്ര ഇലാസ്തികവും അങ്ങേയറ്റം യുക്തിപൂർണ്ണവും പുരോഗമനാത്മകവുമാണ്. മധ്യകാലപാരമ്പര്യം പിന്തുടരുന്ന യാഥാസ്ഥിതിക മുസ്‌ലിം രാജ്യങ്ങൾ ഇത് വേണ്ടവണ്ണം ഉൾക്കൊണ്ടിട്ടില്ല. ചെറിയ കുറ്റങ്ങൾക്കുപോലും കഠിനമായ ശിക്ഷകൾ ഏർപ്പെടുത്തി സമൂഹത്തെ കിടിലം കൊള്ളിച്ച് കുറ്റകൃത്യങ്ങൾ ഇല്ലാതാക്കുക എന്നത് ഒരു സമൂഹത്തിന്റെ ധാർമ്മിക നിലവാരത്തിന്റെ മാനദണ്ഡമായി കണക്കാക്കാൻ സാധ്യമല്ല. സഊദി അറേബ്യയിലും മറ്റുമുള്ള ഈ കർശനമായ പട്ടാളച്ചിട്ട (Regimentation) ഒരിക്കലും ഇസ്‌ലാമിക സമൂഹത്തിന്റെ പ്രതിഫലനമല്ല.

ശിക്ഷാസമ്പ്രദായങ്ങളിലെ നീതിയുക്തി വളരെ ഗൗരവത്തോടും, സൂക്ഷ്മമായും സമചിത്തതയോടും കൈകാര്യം ചെയ്യേണ്ട വിഷയമാണ്. ഭാവനാസങ്കല്പങ്ങളിൽ വിഹരിക്കുന്ന വികാരജീവികളായ സാഹിത്യകാരന്മാരും സാംസ്കാരിക പ്രവർത്തകരും അവസാനവിധി പ്രഖ്യാപിക്കേണ്ട വിഷയമല്ല ഇത്. കുറ്റവാളി സൃഷ്ടിക്കുന്ന അപരിഹാര്യമായ നഷ്ടവും ദുഃഖങ്ങളും അത് സമൂഹത്തിൽ സൃഷ്ടിക്കുന്ന നടുക്കങ്ങളും മറന്നുകൊണ്ടുള്ള മൃദുലമായ ശിക്ഷാസമ്പ്രദായം ഒരു പരിത:സ്ഥിതിയിലും നീതിപൂർണ്ണമാവുകയില്ല. അരക്ഷിതാബോധമായിരിക്കും അതുകൊണ്ടുള്ള ഫലം.

കൊലപാതകം തത്തുല്യമായ ശിക്ഷ അർഹിക്കുന്ന ഹീനകൃത്യമാണ് എന്ന ബോധമാണ് ആദ്യമായി ഖുർആൻ മുന്നോട്ടു വെക്കുന്നത്. "വിശ്വാസികളേ, വധിക്കപ്പെട്ടവരുടെ കാര്യത്തിൽ തത്തുല്യമായ പ്രതിക്രിയ ശിക്ഷാ നിയമം നിങ്ങൾക്ക് വിധിക്കപ്പെട്ടിരിക്കുന്നു.' (2:179). ആധുനിക ശിക്ഷാശാസ്ത്രം അനുശാസിക്കുന്നതിനേക്കാൾ ഉദാത്തമായ മാപ്പുകൊടുക്കലിന്റെ തത്ത്വം വളരെ ഉചിതജ്ഞതയോടെ ഖുർആൻ തുടർന്നു പറയുന്നു. 'എന്നാൽ കൊല്ലപ്പെട്ടവന്റെ സഹോദരന്മാരിൽ നിന്ന് ഒരുവന് (കുറ്റവാളിക്ക്)

*(ശേഷം 42 -ാം പേജിൽ)*

**വാർത്തകൾ**

## തിരഞ്ഞെടുക്കപ്പെട്ടു



**തിരുവനന്തപുരം:** ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി നടത്തിയ എം. ഫിൽ/പി.എച്ച്. ഡി. ഇന്റഗ്രേറ്റഡ് പ്രോഗ്രാമിലേക്ക് ജനാബ് ഫസൽ ജമാൽ സാഹിബ് പ്രവേശനം നേടി. 6000 വിദ്യാർത്ഥികൾ എഴുതിയ എൻട്രൻസ് പരീക്ഷയിൽ തിരഞ്ഞെടുത്ത 8 പേരിൽ ഫസൽ സാഹിബ് 5-ാം റാങ്ക് കരസ്ഥമാക്കി. സ്കൂൾ ഓഫ് ഇന്റർനാഷനൽ ലീഗൽ സ്റ്റഡീസിൽ മനുഷ്യാവകാശത്തിൽ ഗവേഷണം നടത്താനാണ് ഫസൽ സാഹിബ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജമാഅത്ത് പ്രസിഡണ്ട് ജമാലുദ്ദീൻ സാഹിബിന്റെ മകനാണ് ഫസൽ ജമാൽ.

# ഖുദ്ദാമുൽ അഹ്മദിയ്യാ സംസ്ഥാന സംഗമം സമാപിച്ചു

**കരുളായി:** ആഗസ്ത് 28, 29, 30 തിയ്യതികളിൽ കരുളായിയിൽ വെച്ചു നടന്ന അഹ്മദിയ്യാ മുസ്‌ലിം യുവജനസംഗമം (ഇജ്തിമ) വിജയകരമായി സമാപിച്ചു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംസ്ഥാന അമീർ ജ: ഏ.പി. കുഞ്ഞാമു സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സംഗമം ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്, സദർ (പ്രസിഡണ്ട്) മൗലവി നസിംഖാൻ സാഹിബ് ഉദ്ഘാടനം ചെയ്തു. യുവാക്കളുടെ അനുസരണവും സമർപ്പണവുമാണ് ജമാഅത്തിനെ വിജയത്തിലേക്ക് നയിക്കുക എന്നു പറഞ്ഞ അദ്ദേഹം കേരളത്തിലെ ഖുദ്ദാമിന്റെ പ്രവർത്തനത്തെ അഭിനന്ദിച്ചു. തുടർന്ന് അദ്ധ്യക്ഷപ്രസംഗം നിർവ്വഹിച്ച സംസ്ഥാന അമീർ ജ: ഏ. പി കുഞ്ഞാമു സാഹിബ് യുവാക്കൾ ഖലീഫത്തുൽ മസീഹിന്റെ ഉദ്ബോധനത്തോടു ക്രിയാത്മകമായി പ്രതികരിക്കേണ്ട ആവശ്യകത ഊന്നിപ്പറഞ്ഞു. ഖലീഫത്തുൽ മസീഹ് ഖാമിസ് സ്ഥാനാരോഹണത്തിനുശേഷം ജമാഅത്തിനു മുമ്പിൽ വെച്ച സംസ്ക്കരണാത്മകമായ മൂന്ന് പദ്ധതികളിലേക്ക് യുവജനങ്ങൾ പ്രത്യേകം ശ്രദ്ധവെയ്ക്കണമെന്ന് അമീർ സാഹിബ് ഉദ്ബോധിപ്പിച്ചു. നമസ്കാരത്തിലുള്ള നിഷ്ഠ, ഖുർആൻ പാരായണവും പഠനവും, വസിയ്യത്ത് എന്നിവയാണ് ആ മൂന്ന് പദ്ധതികളെന്ന് അദ്ദേഹം ഉണർത്തി. ജീവിതത്തിന്ന് ആത്മീയമായ അർത്ഥവും വിജയവും നൽകുന്നതാണ് ഈ പദ്ധതികൾ. ഖുർആനിലാണ് എല്ലാ അനുഗ്രഹങ്ങളും സ്ഥിതിചെയ്യുന്നതെന്നും മസീഹ് മൗഊദി(അ)ന്റെ വചനങ്ങൾ അനുസ്മരിച്ച അദ്ദേഹം അഹ്മദിയ്യാ ജമാഅത്ത് വിഭാവനം ചെയ്യുന്ന നവലോകക്രമത്തിന്റെ സാമ്പത്തിക അടിത്തറയായിത്തീരുന്ന വസിയ്യത്ത് പദ്ധതിയിൽ അംഗമാവാൻ യുവാക്കളോട് അഭ്യർത്ഥിച്ചു. ഇതിന്നായി വാഗ്ദത്ത മസീഹ് (അ) എഴുതിയ "അൽവസിയ്യത്ത്" എന്ന പുസ്തകം വായിക്കണമെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് സംസാരിച്ച ജനറൽ സെക്രട്ടറി ജ: കെ. എം. അഹ്മദ് കോയാസാഹിബ് ജമാഅത്തിന്റെ കെട്ടുറപ്പ് യുവാക്കളുടെ അനുസരണവും അവരുടെ പ്രവർത്തനശേഷിയുമാണെന്ന് ഉണർത്തി. അഹ്മദിയ്യാ ജമാഅത്ത് യുവാക്കളിൽ വളർത്തിയെടുക്കുന്ന ഈ മൂല്യങ്ങളോട് യുവാക്കൾ പ്രതിബദ്ധതയോടെ നിലകൊള്ളണമെന്നും ഉദ്ബോധിപ്പിച്ചു. ഖുദ്ദാമുൽ അഹ്മദിയ്യാ സംസ്ഥാന ഖായിദ് ഡോ. സി. സലാഹുദ്ദീൻ സാഹിബ് ദൈവപ്രീതിക്കായി യുവാക്കൾ ജീവിതം സമർപ്പിക്കണമെന്ന് പറഞ്ഞു. ഖുദ്ദാം സംസ്ഥാന സെക്രട്ടറി ശമീം സാഹിബ് റിപ്പോർട്ട് അവതരിപ്പിച്ചു. സമാപന സമ്മേളനത്തിൽ കേരള ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ സാഹിബും നാഇബ് സദർ ജ: ശിറാസ് അഹ്മദ് സാഹിബും പ്രസംഗിച്ചു. ഖുദ്ദാമുൽ അഹ്മദിയ്യാ സംഗമത്തിൽ നടന്ന മത്സരങ്ങളിൽ കോഴിക്കോട് മാത്തോട്ടം മജ്ലിസും അത് ഫാൽ മത്സരങ്ങളിൽ കോഴിക്കോട് ടൗൺ മജ്ലിസും ചാമ്പ്യന്മാരായി. മൗലാനാ മുഹമ്മദ് ഉമർ സാഹിബാണ് സമ്മാനദാനം നിർവ്വഹിച്ചത്. ■

*(41 -ാം പേജിൽ നിന്ന് തുടർച്ച)*

വല്ലതും മാപ്പ് ചെയ്യപ്പെടുന്ന പക്ഷം ന്യായയുക്തമായ നിലയിൽ (പരിഹാര) നടപടി സ്വീകരിക്കുകയും അവന് (മാപ്പ് ചെയ്തവന്) നല്ല രീതിയിൽ നഷ്ടപരിഹാരം കൊടുത്തു വീട്ടുകയും ചെയ്യേണ്ടതാണ്. ഇതാകട്ടെ, നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു ലഘൂകരണവും കാരുണ്യവുമത്രെ (2:179). വീണ്ടും ഖുർആൻ പറയുന്നു. 'ബുദ്ധിമാന്മാരേ, പ്രതിക്രിയാനിയമത്തിൽ നിങ്ങൾക്ക് ജീവിതമുണ്ട്. (ഇതാകട്ടെ) നിങ്ങൾ രക്ഷപ്പെടുന്നതിന് വേണ്ടിയാകുന്നു" (2:180). ഇവിടെ നീതിപീഠം കൊലപാതകിയായി പ്രഖ്യാപിച്ച കുറ്റവാളി മാപ്പിന് അർഹനാണെങ്കിൽ മാപ്പ് കൊടുക്കാനുള്ള അവകാശം വധിക്കപ്പെട്ടവന്റെ ബന്ധുക്കൾ ക്കാണ് ഇസ്‌ലാം നൽകുന്നത്, ഭരണാധികാരികൾക്കോ, പ്രസിഡണ്ടിനോ, അല്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഒരിക്കലും നികത്തപ്പെടാത്ത നഷ്ടം അനുഭവിക്കുന്നവരാണ് കൊല ചെയ്യപ്പെട്ട ഹതഭാഗ്യന്റെ ബന്ധുക്കൾ. ആ ക്രൂരകൃത്യം നടത്തി കൊലക്കയറിനെ അഭിമുഖീകരിക്കുന്ന കുറ്റവാളിക്ക് അയാളുടെ കൈകളാൽ കൊടിയ ദുഃഖവും നഷ്ടവും അനുഭവിക്കുന്നവർ തന്നെ മാപ്പരുളുമ്പോൾ എത്രമാത്രം ഉദാത്തമായ ഒരു ജീവിത പരിവർത്തനവും സംസ്കരണവുമാണ് അതുമൂലം സംജാതമാവുക. കൊലപാതകത്തിന് വിധേയമായവരുടെ ബന്ധുക്കൾക്ക് ഒരളവോളം നഷ്ടം നികത്തപ്പെടുകയും (അവർ ആ പണം സ്വീകരിക്കുകയാണെങ്കിൽ) കുറ്റവാളിക്ക് പുതിയൊരു ജീവിതം ലഭിക്കുകയും ചെയ്യുന്നു. ഇസ്‌ലാമിന്റെ ഏറ്റവും യുക്തിപൂർണ്ണവും സംസ്കരണാത്മകവുമായ ഈ നീതിസങ്കല്പവും ശിക്ഷാസമ്പ്രദായവും സാംസ്കാരിക നായകന്മാരും സാഹിത്യകാരന്മാരും ബുദ്ധിജീവികളും ചർച്ച ചെയ്യേണ്ടതാണ്. ■